# വില്വമംഗൽ



No. 1220

032.6
K4

ഗിരീശ്ചന്ദ്രഘോഷ്

MUL
292104

# വിലാപങ്ങൾ

(Malayalam)

Vilvamangal

Play

By GIRISH CHANDRA GHOSH

Translated by

V. S. SARMA

First Published January 1964

Printed at

INDIA PRESS, KOTTAYAM

Price Rs. 1.75

Copyright

V. S. Sarma

Publishers:

**Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State**

Sales Department:

NATIONAL BOOK STALL

Kottayam Kerala State India

# വില്വമംഗൽ

ഗിരിശ് ചന്ദ്ര ഘോഷ്

വിവർത്തനം

വി. എസ്. ശർമ്മ

പ്രസാധകന്മാർ

സാഹിത്യപ്രവർത്തക സഹകരണസംഘം

---

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 1.75

University Grants Commission

MADRAS UNIVERSITY LIBRARY
- 5 APR 2003
CHENNAI-600 005

292104

032,6
KL4

S1568 B971 107/63-54 1-1000

# ആമുഖം

വംഗഭാഷ പഠിക്കാൻ എനിക്കു പ്രചോദനം ലഭിച്ചതു് എൻെറ പ്രിയപ്പെട്ട അച്ഛൻ യശഃശരീരനായ സാഹിത്യഭൂഷണ ശ്രീ പി. എസ്. വാസുദേവശർമ്മയിൽനിന്നാണു്. അച്ഛൻെറ വലിയ അൽമേറയിൽ ചിത്രസദൃശമായ വംഗലിപിയിലെഴുതിയ ഗ്രന്ഥങ്ങൾ ഭംഗിയായി അടുക്കിവച്ചിരിക്കുന്നതു് എൻെറ കുട്ടിക്കാലത്തു് അദ്ഭുതസ്തിമിതമായ കണ്ണുകളാൽ നോക്കിക്കണ്ടിട്ടുണ്ടു്. ഇന്നേക്കു് ഏതാണ്ടു് ഒരു ദശവർഷത്തിനു മുമ്പു് അച്ഛൻ ദിവംഗതനായി.

പൈതൃകമായി എനിക്കു ലഭിച്ച അച്ഛൻെറ പുസ്തക അൽമേറ ഭക്ത്യാദരപുരസ്സരം ഞാൻ സമീപിച്ചപ്പോൾ സംസ്കൃതവും ബംഗാളിയും ഹിന്ദിയും മറാട്ടിയും ഗുജറാത്തിയും ഫ്രെഞ്ചും ജർമ്മനും ഒന്നും എനിക്കൊരു പിടിയുമില്ലായിരുന്നു. വെറുമൊരു അന്ധനേത്രത്താലെന്നപോലെ ആ അൽമേറകളിലെ ഗ്രന്ഥങ്ങൾ ഞാൻ നോക്കിനിന്നിട്ടുണ്ടു്. കഷ്ടിച്ചു് നാഗരലിപി മാത്രം കൂട്ടിവായിക്കാമായിരുന്നു, റോമൻലിപി നല്ലപോലെയും. പക്ഷേ, അതുകൊണ്ടെന്താകാൻ!

അച്ഛന്റെ അഭിവന്ദ്യഗുരുവര്യനായ ശ്രീ പി. ശേഷാദ്രിഅവർകളുമായി സമ്പർക്കം പുലർത്തുന്നതിനു് എനിക്കു് ഒട്ടും ബുദ്ധിമുട്ടേണ്ടിവന്നില്ല. ഒരു ഗുരുശിഷ്യബന്ധം മാത്രമല്ല, പിതൃസഹജമായ സ്നേഹവാത്സല്യങ്ങളോടെയാണു് അദ്ദേഹം എന്നെ സാഹിത്യത്തിന്റെ പല മേഖലകളിലേക്കും അനുനയിച്ചതു്. "ധർമ്മക്ഷേത്രേ കുരു

ക്ഷേത്രേ'' എന്നു തുടങ്ങുന്ന ഭഗവദ്ഗീത മാത്രമേ ഒരു ഗ്രന്ഥമെന്ന നിലക്കു് എൻെറ അച്ഛൻ എന്നെ പഠിപ്പിച്ചിട്ടുള്ളൂ. വിദ്യാലയപരിസരത്തുനിന്നു് കലാലയത്തിൻെറ പുറത്തേക്കു വരാറായപ്പോഴേക്കും ജീവിതത്തിൽ പല പരിവർത്തനങ്ങളും സ്വാഭാവികമായി വന്നു. ഭാഷാഭ്യസനപരമായി എനിക്കു വേണ്ട എല്ലാ മാർഗ്ഗനിർദ്ദേശവും തന്നതു് അനേകദിവസം ഒരുമിച്ചു കഴിഞ്ഞുകൂടിയ ജ്ഞാനവൃദ്ധനും വയോവൃദ്ധനുമായ ശ്രീ പി. ശേഷാദ്രി അയ്യർ അവർകളാണു്. രാവും പകലും പുസ്തകങ്ങളുടെ നടുവിൽ എഴുത്തും വായനയുമായി കഴിയുന്ന നിശ്ശബ്ദനായ ആ ഭാഷാസേവകനോടു്, ആ ഗുരുവര്യനോടു് എനിക്കുള്ള ആദരാതിശയം വാക്കുകളാൽ രേഖപ്പെടുത്താനാവില്ല.

ഒരു ഗ്രന്ഥം തർജ്ജമചെയ്യുക ക്ലിഷ്ടസാദ്ധ്യമായ കാര്യമാണു്. ഗിരിശ് ചന്ദ്രഘോഷ് എന്ന അതിപ്രഗത്ഭനായ നാടകകൃത്തു് രചിച്ച 'വില്വമംഗൽ' വായിച്ചപ്പോൾ അതു മലയാളത്തിലേക്കു വിവർത്തനം ചെയ്യണമെന്നു ഞാൻ ആഗ്രഹിച്ചു. ഒരു ജ്വരം പിടിച്ചതുപോലെയാണു് ആ വിവർത്തനം തുടങ്ങിയതും മുഴുമിച്ചതും. എൻെറ വിവർത്തനം ശ്രീ ശേഷാദ്രി അയ്യർ അവർകൾ തന്നെ തിരുത്തി ശുദ്ധമാക്കിത്തന്നു.

കുറേദിവസം ആ വിവർത്തനം എൻെറ എളിയ ഗ്രന്ഥശേഖരത്തിന്റെ ഇടയ്ക്കുതന്നെ അജ്ഞാതവാസമനുഷ്ഠിച്ചു. അതിനുശേഷം 1961 ജൂൺമുതൽ പത്തു ലക്കങ്ങളിലായി 'മലയാളരാജ്യം ചിത്രവാരിക'യിലൂടെ ഖണ്ഡശഃ പ്രസിദ്ധംചെയ്തു. ഇപ്പോൾ ഇതാ ഇതു് ഗ്രന്ഥരൂപത്തിലാവുകയും ചെയ്യുന്നു.

മൂലനാടകകൃത്തായ ശ്രീ ഗിരിശ് ചന്ദ്ര ഘോഷിനെ

പ്പാറിക്കൂടി രണ്ടു വാക്ക്. കൈരളിക്ക് സി. വി. രാമൻപിള്ള എത്ര സമാരാദ്ധ്യനാണോ അതിനു സദൃശമാണ് വംഗഭാഷയും ഗിരിശ് ചന്ദ്ര ഘോഷുംതമ്മിലുള്ള ബന്ധം. 'ഗിരിശ് ചന്ദ്രനും വംഗസാഹിത്യവും' എന്ന ഗ്രന്ഥം, പ്രസിദ്ധസാഹിത്യകാരനായ മൈക്കൽ മധുസൂദൻ ദത്ത്, ഗിരിശന്റെ വ്യക്തിമാഹാത്മ്യം വിശദമാക്കിക്കൊണ്ടു് ഒരു സർവ്വകലാശാലാപ്രസംഗപരമ്പര തന്നെ നടത്തിയതിന്റെ ഫലമാണ്. നാടകം എഴുതുക, അഭിനയിക്കുക, സംവിധാനം ചെയ്യുക, എന്നുവേണ്ട രംഗവേദിയുമായി ഇത്ര താദാത്മ്യം പ്രാപിച്ച എഴുത്തുകാർ നന്നെ വിരളമായിരിക്കും.

ആഗമനി, ജ്യായസാ കാത്യായസാ, പാണ്ഡവഗൗരവ്, വേല്ലിക-ബാസാർ, ജനാബലിദാൻ, ചൈതന്യലീല, വില്വമംഗല ഠാക്കൂർ, ബഡദിനേർ ബക്ശിശ്, ഭ്രാന്തി, തപോബൽ, പാരസ്യപ്രസൂന് വാപാരിസാനാ, ഹാരാനിധി, സീതാർ വനവാസ്, ബുദ്ധദേവചരിതം തുടങ്ങി എത്രയെത്ര നാടകങ്ങളാണ് ആ മഹാപ്രതിഭാശാലി വിരചിച്ച് അഭിനയിപ്പിച്ച് വംഗനാട്യഭൂമിയെ സമ്പന്നമാക്കിയതു്! ഗദ്യത്തിലും പദ്യത്തിലും ഒരുപോലെ പ്രവീണമായ രചനയാണ് അദ്ദേഹം ചെയ്തതു്. കൃതജ്ഞതാനിർഭരമായിട്ടല്ലാതെ ആ നാട്യാചാര്യനെ വംഗദേശീയക്കു സ്മരിക്കാനാവില്ല.

ഗിരിശ് ചന്ദ്രഘോഷ് ശ്രീരാമകൃഷ്ണപരമഹംസദേവന്റെ പ്രിയശിഷ്യനായിരുന്നു. പലതിന്റേയും രചനക്കു് ശ്രീരാമകൃഷ്ണദേവൻ കുറെയൊക്കെ പ്രചോദനമേകിയിരിക്കണം.

'വില്വമംഗൽ' — പ്രസിദ്ധനായ വില്വമംഗലത്തു സ്വാമിയാരുടെയും ചിന്താമണിയുടെയും കഥയാണ്,

വംഗീയമായ ഒരു രചനാവിശേഷത്തിൽ, നാടകരൂപത്തിൽ ഗിരിശൻ അവതരിപ്പിച്ചിരിക്കുന്നുവെന്നു മാത്രം. പക്ഷേ, അതു് അത്യധികം ആസ്വാദ്യമായ രീതിയിലാണെന്നകാര്യം പ്രത്യേകം പ്രസ്താവ്യമാണു്.

ഈ നാടകവിവൎത്തനത്തിനു സമുചിതമായ ഒരു അവതാരിക എഴുതിത്തന്ന പ്രഫസർ എസ്. ഗുപ്തൻനായൎക്കു് എൻെറ വിനീതമായ ധന്യവാദം.

ഇനി ഈ ആമുഖത്തെക്കുറിച്ചു് ദീൎഘിപ്പിക്കുന്നില്ല. ഇതിൻെറ വിവൎത്തനത്തിലും പ്രസാധനത്തിലും എനിക്കു് അഭിനന്ദനം തന്ന എൻെറ പ്രിയപ്പെട്ട ഗുരുക്കന്മാരോടും സുഹൃത്തുക്കളോടും എനിക്കു ധന്യവാദം പറയാനുണ്ടു്.

വി. എസ്. ശൎമ്മ

# പ്രസ്താവന

പത്തൊമ്പതാംശതകത്തിന്റെ മദ്ധ്യകാലത്ത് വംഗഭൂമിയിൽ ജനിച്ച് ഇരുപതാംശതകത്തിന്റെ തുടക്കംവരെ ജീവിച്ചിരുന്ന പ്രസിദ്ധ നാടകകൃത്തും നടനും ആയിരുന്നു ഗിരീശ്. അദ്ദേഹം നാടകരചന തുടങ്ങിയപ്പോൾ പ്രശസ്തരായ പലരും എഴുത്തു നിറുത്തിയെന്നുകൂടി പറയപ്പെടുന്നു. ടാഗ്ഗൂർകുടുംബത്തിൽ പെട്ട ചില ലേഖകർ പോലും ഇതു സമ്മതിച്ചിട്ടുണ്ട്. വംഗനാടകവേദിയിൽ സ്ത്രീകളെ പ്രവേശിപ്പിക്കാൻ ആദ്യം പ്രേരണ നല്കിയതു് ഗിരീശ് ആയിരുന്നു. ആ ശ്രമത്തിൽ വിജയിച്ച ആദ്യത്തെ ആധുനിക ഭാരതീയനും അദ്ദേഹംതന്നെ. ഗിരീശന്റെ അവസാനത്തെ നാടകം പ്രശസ്തമായ 'ശങ്കരാചാര്യർ' ആണ്. പൗരാണികകഥകൾ നാടകരൂപത്തിലാക്കുന്നതിൽ അസാമാന്യവൈദഗ്ദ്ധ്യം പ്രദർശിപ്പിച്ചിരുന്ന ഗിരീശ്, 'മക്‌ബെത്ത്' ബംഗാളിയിലേക്കു വിവർത്തനം ചെയ്തിട്ടുണ്ട്.

ഗിരീശന്റെ 'ചൈതന്യലീല' എന്ന വിഖ്യാത നാടകം കണ്ടിട്ട് അദ്ദേഹത്തിന്റെ ആത്മീയാചാര്യനായിരുന്ന ശ്രീരാമകൃഷ്ണദേവൻ, "അസ്സലും നക്കലും തമ്മിൽ യാതൊരു വ്യത്യാസവുമില്ല" എന്നു പ്രസ്താവിക്കയുണ്ടായി. പരമഹംസർ തന്നെയാണ് വില്വമംഗലത്തിന്റെ കഥ ഗിരീശനു പറഞ്ഞുകൊടുത്തതു്. 'വില്വമംഗൽ ഠാക്കുർ' എന്ന നാടകത്തിന്റെ

രചനകൊണ്ട് ഗിരീശ് ഷേക്സ്പിയറേയും കടന്നിരിക്കുന്നു എന്നു് സ്വാമി വിവേകാനന്ദൻ അഭിനന്ദിച്ചു. പ്രസ്തുത നാടകത്തിനു് നല്ല ഒരു സാഹിത്യ വിദ്യാർത്ഥി തയ്യാറാക്കിയ നല്ല ഒരു മലയാളവിവർത്തനമാണു് ഈ 'വിലാപമംഗൽ.'

ബോംബെ
1–1–1964

പി. ശേഷാദ്രി

# അവതാരിക

"ബംഗാളിലെ ഷേക്സ്പിയറും ഗ്യാരിക്കും കൂടി ഒന്നിച്ചു ചേർന്നതാണു്, ഗിരീശ്" എന്നു് ഏതൊരാളെപ്പററിയാണോ ശ്രീമദ് വിവേകാനന്ദ സ്വാമികൾ പറഞ്ഞതു്, ആ മഹാപുരുഷൻെറ പ്രശസ്തകൃതികളിലൊന്നാണു് ഇപ്പോൾ ഭാഷാന്തരീകൃതമായി നമ്മുടെ മുന്നിലേക്കു വന്നിരിക്കുന്ന ഈ 'വില്വമംഗൽ'. സ്വാമികൾക്കു് ഘോഷിനെപ്പററിയുള്ള ബഹുമാനം സീമാതീതമായിരുന്നു. മഹാനായ ഒരു നാടകകർത്താവു് എന്ന നിലയിൽ മാത്രമല്ലാ, തൻെറ ഗുരുദേവൻെറ പ്രത്യേകവാത്സല്യത്തിനു പാത്രീഭൂതനായ ഒരാളെന്ന നിലയ്ക്കും ഘോഷ് പ്രണമ്യനായിത്തീന്നു. സ്വാമികൾ പറയുകയാണു്, "ജി. സി. യിൽ മാത്രം (അങ്ങനെയാണു് സ്വാമികൾ ഘോഷിനെ വിളിക്കുക). ഞാൻ ആ ശരിയായ ശരണാഗതി—യഥാർത്ഥമായ ഭഗവദ്ദാസഭാവം—കണ്ടിട്ടുണ്ടു്. അദ്ദേഹം സവ്വദാ സ്വയം ആഹുതിയർപ്പിക്കാൻ സന്നദ്ധനായിരുന്നതുകൊണ്ടല്ലേ, അദ്ദേഹത്തിൻെറ ഭാരമെല്ലാം ശ്രീരാമകൃഷ്ണൻ ഏറ്റെടുത്തതു്. എന്തൊരത്ഭുതമായ ആത്മസമപ്പണം! അദ്ദേഹത്തിനു സമനായി ഒരാളെ ഞാൻ കണ്ടിട്ടില്ല. പ്രപത്തിയുടെ പാഠം, ഞാനദ്ദേഹത്തിൽ നിന്നാണു പഠിച്ചതു്." (വിവേകാനന്ദ സാഹിത്യ സവ്വസ്വം വാല്യം 6, പേജ് 289)

ഇത്ര ഗംഭീരമായ പ്രശംസയ്ക്കു വിഷയീഭൂത

നായിത്തീൎന്ന ഗിരീശ് ചന്ദ്രഘോഷ്, ശ്രീരാമകൃഷ്ണ ദേവനെ കാണുന്നതിനുമുമ്പ് പ്രസിദ്ധനെങ്കിലും വെറും കാമചാരിയായ ഒരു കലാരസികൻ മാത്രമായിരുന്നു. നടൻ, നാടകകൃത്ത് ഈ രണ്ടു നിലകളിലും അദ്വിതീയൻതന്നെ അന്നും. പക്ഷേ, ശ്രീരാമകൃഷ്ണദേവന്റെ പ്രണതശിഷ്യനായപ്പോൾ, ആ കലാകാരനിൽ, അത്ഭുതകരമായ ഒരു രസപരിണാമം സംഭവിച്ചു. ആ പരിണാമത്തിൻെറ ഒരു നിഴലാട്ടം കൂടി നമുക്ക് ഈ 'വില്വമംഗൽ' എന്ന നാടകത്തിൽ കാണാം.

ആദ്യമൊക്കെ ഗിരീശ് ചന്ദ്രൻ, തന്റെ നാടകശാല നടത്തിക്കൊണ്ടുപോകാൻ എന്തെങ്കിലും ചില കഥകൾ എഴുതിയുണ്ടാക്കുക എന്നേ ഉണ്ടായിരുന്നുള്ളു. നാടകശാലയുടെ ഉൽക്കർഷമല്ലാതെ സമുദായത്തിൻെറ ഉൽക്കൎഷം എന്നൊരു ചിന്തപോലും ഉണ്ടായിരുന്നതായി തോന്നുന്നില്ല. മദ്യത്തിന്റെയും പ്രശസ്തിയുടെയും ലഹരി അദ്ദേഹത്തെ മുന്നോട്ടു തള്ളിക്കൊണ്ടിരുന്നു.

1871-ലാണ് ഗിരീശ് ചന്ദ്രഘോഷും അർദ്ധേന്ദുശേഖർ എന്ന മറ്റൊരു നടനുംകൂടി ബംഗാൾ നാഷനൽ തിയേറ്റർ സ്ഥാപിച്ചതു്. ദീനബന്ധു മിത്രൻെറ 'ലീലാവതി'യാണ്, ആദ്യമായി അഭിനയിക്കപ്പെട്ട നാടകം. അല്പനാൾ കഴിഞ്ഞു് ഗിരീശ് ചന്ദ്രൻ സ്വന്തമായി നാടകങ്ങളെഴുതാൻ തുടങ്ങി. ജനങ്ങൾ സഹർഷം സ്വീകരിക്കുന്നു എന്നു കണ്ടപ്പോൾ, വീണ്ടും വീണ്ടും എഴുതി. ആകെ എഴുപതോളം നാടകങ്ങൾ! പക്ഷേ, അവയിൽ പലതും അരങ്ങത്തെ ശരറാന്തലുകളുടെ മുമ്പിൽ മാത്രം വെ

ട്ടിത്തിളങ്ങുന്ന കൃത്രിമരത്നങ്ങളായിരുന്നു. രാവണ വധം, സീതാവനവാസം, അഭിമന്യുവധം, അജ്ഞാ തവാസം, ദക്ഷയജ്ഞം, ധ്രുവചരിതം—ഇങ്ങനെ പോകുന്നു, ആ നാടകനാമങ്ങൾ. ഒരു യഥാർത്ഥ കവിയുടെയോ യഥാൎത്ഥഭക്തന്റെയോ ആത്മാവു്, ആ കൃതികളിലെങ്ങും കാണ്മാനില്ല. പക്ഷേ, ഹൃദയ ത്തിന്റെ അടിത്തട്ടിലെവിടെയോ ഘോരമായ സമ രം നടക്കുന്നുണ്ടായിരുന്നു. അദ്ദേഹംതന്നെ ആ കഥ പറഞ്ഞിട്ടുണ്ടു്. "ഈ അവസ്ഥയിൽ സ്വധൎമ്മ ത്തിൽ അല്പമെങ്കിലും വിശ്വാസം എനിക്കുണ്ടായി രുന്നില്ല. എന്നാൽ ഇടയ്ക്കിടയ്ക്കു് ഈശ്വരനെപ്പററി സമവയസ്കന്മാരായ സ്നേഹിതന്മാരോടു തൎക്കിക്കും. ആദിബ്രാഹ്മസമാജത്തിൽ ചിലപ്പോൾ പോകാൻ ഇച്ഛിക്കും. ഒരു ബ്രാഹ്മസമാജം ഞങ്ങളുടെ ഗ്രാമ ത്തിനടുത്തുണ്ടായിരുന്നു. അവിടെയും കൂടെക്കൂടെ പോകും. എന്നാൽ ഒന്നും മനസ്സിലാക്കാൻ സാധി ച്ചില്ല. ഇതുകൊണ്ടു മനസ്സിനു സമാധാനമില്ലാതെ യായി. ഒരുദിവസം, 'ഭഗവാൻ വാസ്തവത്തിൽ ഉണ്ടെങ്കിൽ എനിക്കു് വഴി കാണിച്ചു തരണേ' എന്നു ഞാൻ പ്രാർത്ഥിച്ചു. സ്വല്പദിവസം കഴി ഞ്ഞു്, എനിക്കു ഡംഭ് വന്നുചേർന്നു. ഇതെല്ലാം മിഥ്യതന്നെ. ജഡവാദികൾതന്നെയാണു് വിദ്വാ ന്മാർ. അവർ പറയുന്നതുതന്നെയാണു് സത്യം. മത ത്തെപ്പററി അന്വേഷിച്ചിട്ടു കാൎയ്യമില്ല. ഇപ്രകാര മെല്ലാം വിചാരിച്ച് തമസാച്ഛന്നനായി ഞാൻ കഴിച്ചു. പിന്നീടു ദുർദ്ദിനങ്ങൾ വന്നതുകൊണ്ടു്, നിശ്ചിന്തനായിരിക്കാൻ സാധിച്ചില്ല. ദുർദ്ദിനങ്ങ ളുടെ താഡനയാൽ നാലു ദിക്കും അന്ധകാരമയമായി

കണ്ടപ്പോൾ, ഈ വിപത്തിൽനിന്നു മോചനം ലഭിക്കാൻ വല്ല മാൎഗ്ഗവും ഉണ്ടോ എന്നു ഞാൻ വിചാരിക്കാൻ തുടങ്ങി...താരകനാഥനെ ശരണം പ്രാപിച്ചാൽ വല്ലതും ഫലമുണ്ടാകുമോ? പരീക്ഷിച്ചു നോക്കാം. ശരണം പ്രാപിക്കാൻ ശ്രമിച്ചു. ആ ശ്രമംതന്നെ സഫലമായി. വിപത്സമൂഹങ്ങളെല്ലാം അചിരേണ ഛിന്നഭിന്നമായി. വിപത്തിൽനിന്നു മോചനം ലഭിച്ചു." (പ്രബുദ്ധകേരളം 1098 മകരം). പിന്നീടാണ് ഗുരുവിനെ അന്വേഷിക്കാൻ തുടങ്ങിയതു്. ആരോ ചരടുകൊണ്ടു വലിച്ചതുപോലെ അദ്ദേഹം പരമഹംസദേവനാൽ ആകൃഷ്ടനായി. ഭോഗപങ്കിലമായിരുന്ന ഒരു ജീവിതം, ആ ദേവന്റെ കാരുണ്യസ്രോതസ്സിൽ മുങ്ങിക്കളിച്ച് പരമപരിശുദ്ധമായിത്തീൎന്നു. അത്ഭുതകരമായിരുന്നു, അവർ തമ്മിലുള്ള ബന്ധം. മററാൎക്കുമില്ലാത്ത സ്വാതന്ത്ര്യം ശ്രീരാമകൃഷ്ണദേവൻ, ഗിരീശനു് അനുവദിച്ചുകൊടുത്തിരുന്നു — വഴക്കു പറയാനുള്ള സ്വാതന്ത്ര്യം പോലും.

ഈ കഥകൾകൂടി ഓൎമ്മിച്ചുകൊണ്ടു വേണം, വില്വമംഗൽ, ചൈതന്യലീല, ബുദ്ധദേവചരിതം തുടങ്ങിയുള്ള ഗിരീശൻെറ കൃതികൾ വായിക്കേണ്ടതെന്നു തോന്നുന്നു. കാൽ ശതാബ്ദക്കാലത്തോളം ഗിരീശ് വംഗചക്രവാളത്തിലെ അതുല്യനായ നടനും നാടകകൃത്തും ആയിരുന്നു. ഭാരതീയ നാടകവേദിയിലെങ്ങുംതന്നെ തത്തുല്യനായ ഒരു നട-നാടകകൃത്തു് ഉണ്ടായിട്ടില്ല.

വില്വമംഗലത്തിൻെറ കഥ സകല ഭാരതീയൎക്കും സുപരിചിതമാണു്. ബംഗാളികൾ അദ്ദേഹ

ത്തെ ബംഗാളിയായും, മഹാരാഷ്ട്രർ മഹാരാഷ്ട്രനായും, മലയാളികൾ മലയാളിയായും കണക്കാക്കുന്നു. എന്നുവച്ചാൽ അദ്ദേഹം എല്ലാവക്കും സ്വന്തമാണെന്നർത്ഥം. വൈഷ്ണവമതത്തിന്റെ ശക്തിയായ തരംഗപ്രവാഹത്തിൽപ്പെട്ട് എല്ലാദിക്കിലും എത്തിച്ചേന്ന ഒരു വിശ്വാസമാണ് 'വില്വമംഗലം'. ഒരു വാരാംഗനയുടെ നേക്കു തോന്നിയ, അതേ ഉൽക്കടമായ ആവേശം ഭഗവാന്റെ നേക്കും തോന്നി എന്നതാണ് വില്വമംഗലത്തിൻെറ അത്ഭുതചരിതത്തിൻെറ കാമ്പും കഴമ്പും. തന്റെ സ്നേഹഭാജനത്തെ കാണാൻ ആവേശംപൂണ്ടു് ഉഴറിപ്പാഞ്ഞ വില്വമംഗലം, നാറുന്ന ശവത്തേയോ കാളസപ്പത്തേയോ തിരിച്ചറിഞ്ഞില്ല. അതേ ഏകാഗ്രതയും തീവ്രതയുമാണ്, ഭഗവാൻെറനേക്കും അദ്ദേഹത്തിനുണ്ടായതു്. വിഷയസുഖങ്ങളിൽനിന്നു് വിമുക്തനാവാൻ വേണ്ടി സ്വന്തം കണ്ണുകൾ കുത്തിപ്പൊട്ടിക്കുന്നതിനുപോലും വില്വമംഗൽ മടിച്ചില്ല. ഒട്ടവിൽ ഘടകനായി ഒരു ഗുരുവിനെ ലഭിച്ചപ്പോൾ, ജ്ഞാനക്കണ്ണു തെളിയുകയും ചെയ്തു.

വില്വമംഗലത്തിന്റെ ഈ ആദ്ധ്യാത്മികയാത്രയുടെ ഇടയ്ക്കുവച്ചു് നാം കണ്ടുമുട്ടുന്ന ചില വഴിപോക്കർ മാത്രമാണ്, മററു കഥാപാത്രങ്ങൾ. ഭിക്ഷുവും ഭ്രാന്തിയും സന്യാസവേഷധാരിയും വ്യാപാരിയും എല്ലാം. അവർ ഈ രസകരമായ നാടകത്തിലെ—അഥവാ പ്രപഞ്ചനാടകത്തിലെ—ചില വേഷങ്ങൾ മാത്രം.

ഇന്നത്തെ നാടകസങ്കല്പങ്ങൾ വച്ചുകൊണ്ടു് വിലയിരുത്തേണ്ട ഒരു കൃതിയല്ല, ഇതു്. സാഹിത്യ

രസികന്മാർക്ക് ഇതു കവിതാമയമായ ഒരു കാല്പനിക കൃതിമാത്രം. പക്ഷേ, ശ്രദ്ധയും ഭക്തിയും ഉള്ളവർക്ക് ഒരു വിശിഷ്ടഭോജ്യം.

ശർമ്മയുടെ പരിഭാഷ എത്രകണ്ട് മൂലത്തെ അനുസരിച്ചിട്ടുണ്ടെന്നു പറയാൻ ഞാൻ അർഹനല്ല; എനിക്കു ബംഗാളി നിശ്ചയമില്ലാത്തതുകൊണ്ട്. പക്ഷേ, സാഹിത്യത്തോടും ഭക്തചരിതങ്ങളോടും അത്യന്തം സക്തിയുള്ള ശർമ്മ വിശ്വാസപൂർവ്വംതന്നെ ഈ കൃത്യം ചെയ്തിരിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്. വായിക്കാനും വാമൊഴിയായി പറയാനും ഒരുപോലെ സുഖമുള്ള ഒരു ഭാഷയിൽ രചിക്കപ്പെട്ട ഈ വിവർത്തനം എത്തേണ്ട ദിക്കിലൊക്കെ എത്തുമെന്നു ഞാൻ വിശ്വസിക്കുന്നു.

പാലക്കാട്ട്,
12-1-1964.

എസ്. ഗുപ്തൻനായർ

## കഥാപാത്രങ്ങൾ

| | |
|---|---|
| വില്വമംഗൽ: | നാല്പതിനോടടുത്തു പ്രായംവരുന്ന ഒരു ദീർഘകായൻ. കാഴ്ചയിൽ സുമുഖനും സുഭഗനും ആയ ബ്രാഹ്മണൻ. ആലോചനാനിമഗ്നമായ മുഖം. |
| സന്യാസി: | അൻപതിനോടടുത്തു പ്രായംവരുന്ന അധികം ഉയരം ഇല്ലാത്ത ഒരു കപടസന്യാസി. താടിയും ജടയും കാവിവസ്ത്രവും എല്ലാമുണ്ട്. കഞ്ചാവ് ഉപയോഗിക്കും. കാഴ്ചയിൽ കപടത്വം പ്രകടമാണ്. |
| ഭിക്ഷു: | ഏതാണ്ട മുപ്പതു വയസ്സു വരും. ഭിക്ഷുവേഷം. |
| സോമഗിരി: | അൻപതിനോടടുത്തു പ്രായംവരുന്ന ഒരു ഒതുങ്ങിയ പ്രകൃതക്കാരൻ. സന്യാസി. |
| വ്യാപാരി | |
| പുരോഹിതൻ: | പ്രായമായ ഒരു പുരോഹിതൻ. |
| ഗോപാലബാലൻ: | കുസൃതിയും സ്നേഹവും തിളങ്ങുന്ന ഒരു ബാലൻ — കപടവേഷക്കാരനായ ശ്രീകൃഷ്ണൻ തന്നെ. |
| കാര്യസ്ഥൻ | |
| ചിന്താമണി: | മദ്ധ്യവയസ്കയായ ഒരു സുന്ദരി. വേശ്യ. |
| താക: | ചിന്താമണിയുടെ വീട്ടിലെ കാര്യക്കാരി. ചെറുപ്പം നടിക്കുന്ന ഒരു നാല്പതുകാരി. |
| ഭ്രാന്തി | |
| അഹല്യ: | കുലീനയായ ഒരു സ്ത്രീ. കച്ചവടക്കാരൻെറ ഭാര്യ. |
| മംഗള: | അഹല്യയുടെ തോഴി. |

ഭൃത്യൻ, ശിഷ്യന്മാർ, പോലീസുകാർ.

## അങ്കം ഒന്ന്

### ദൃശ്യം ഒന്നു്

[വഴി. വിലപമംഗൽ പ്രവേശിക്കുന്നു.]

വിലപമംഗൽ: എനിക്കു് ഒന്നു കാണണം. കാണുകതന്നെ വേണം. എന്തൊരഹങ്കാരം! ഞാനല്പം താമസിച്ചു പോയി. എന്നാൽ അതുകൊണ്ടു് അർദ്ധരാത്രിവരെ വാതിൽ അടച്ചുകൊണ്ടിരിക്കുകയോ? അതേ, അതിലെന്തോ രഹസ്യമുണ്ടു്. ഞാൻ രാത്രി മുഴുവൻ ഉണർന്നിരുന്നു. അവൾ എന്നോടു് ഒരു നല്ലവാക്കുപോലും പറഞ്ഞില്ലാ. പകരം മുഖംതിരിഞ്ഞു കിടക്കയാണു ചെയ്തതു്. ഞാൻ വിലപമംഗലനാണെങ്കിൽ ഇനി അവളെ കാണുകില്ല. പക്ഷേ, ഞാൻ അവളോടു് യാത്രപറഞ്ഞില്ലാ—ങ്ങ, ശരി. ഇനി അങ്ങനെതന്നെ ഇരിക്കട്ടെ. ഈ നിമിഷംമുതൽ എല്ലാം തീൎന്നു. എങ്കിലും ഇനി ഞാൻ അവളെക്കണ്ടാൽ അവളോടു ഞാൻ ചിലതൊക്കെ പറയും, കടുത്തല്ല, സൗമ്യമായി. യാത്രപറയാതെ പോന്നതു ശരിയായില്ല. സൗമ്യമായി സംസാരിച്ചു പിരിയേണ്ടിയിരുന്നു. ഇങ്ങനെ പറഞ്ഞാൽ മതിയായിരുന്നു— "നിങ്ങൾക്കു രുചിക്കുന്നില്ല. എനിക്കും അങ്ങനെതന്നെ. ഇന്നുമുതൽ മതിയാക്കാം." ഇങ്ങു

പോന്നുകഴിഞ്ഞില്ലേ? ഇനി ഞാൻ തിരിച്ചുപോക
യില്ലാ.

(ഒരു ഭിക്ഷു പാടിക്കൊണ്ടു പ്രവേശിക്കുന്നു.)

ഭിക്ഷു:

പ്രേമതരംഗം ഉലയുന്നു
ജീവിതനൗക അലയുന്നു
ദൂരെയെങ്ങോ പോകുമീഞാൻ
മൂകമാകും എൻകഥയേവം
എങ്ങുനിന്നോ വന്നുചേരും
ചുഴിയിലൊട്ടുങ്ങും മമജീവൻ
ഹതവിധിയാം ജീവിതനൗക
ആരു നയിക്കും ആക്കരിയാം?

വില്വമംഗൽ: ജീവിതത്തിൽ കഷ്ടപ്പാടുതന്നെ അല്ലേഡോ?

ഭിക്ഷു: മഹാശയാ, വല്ലതും തരണേ!

വില്വമംഗൽ: ശല്യപ്പെടുത്താതെ പോകു. അല്ലെങ്കിൽ, നിൻെറ പാട്ടൊന്നു കേൾക്കട്ടേ.

ഭിക്ഷു: വയറു സമ്മതിക്കുന്നില്ല സാറെ.

വില്വമംഗൽ: ഏയ് നിങ്ങൾ എനിക്ക് ആ പാട്ടൊന്നെഴുതിത്തരുമോ?

ഭിക്ഷു: വയ്യ. എനിക്കു പല വീട്ടിലും തെണ്ടി പോകേണ്ടിയിരിക്കുന്നു.

വില്വമംഗൽ: നില്ലു, ഞാൻ ഭിക്ഷതരാം. ഇപ്പോൾ പോകരുതു്.

ഭിക്ഷു: വേണ്ട, അങ്ങൊന്നും തരേണ്ട. അവിടുത്തെ നല്ല വാക്കു കൊണ്ടുതന്നെ എനിക്കു തൃപ്തിയായി.

വില്വമംഗൽ: അങ്ങനെയൊന്നും വിചാരിക്കേണ്ട. ആ

പാട്ടൊന്നെഴുതിത്തന്നാൽ നിനക്കു ഞാൻ ഒരു രൂപാ തരാം ഇപ്പോൾ.

ഭിക്ഷു: സത്യമോ! ഒരു രൂപയോ?

വില്വമംഗൽ: ഇതാ എടുത്തുകൊള്ളൂ. (പണം കൊടുക്കുന്നതിനു ഭാവിക്കുന്നു.)

ഭിക്ഷു: പോലീസുകാരനെന്നെ പിടിക്കയില്ലേ?

വില്വമംഗൽ: ഇല്ല. ഇല്ല. പാട്ടു വേഗം എഴുതിത്തരൂ.

ഭിക്ഷു: അതു മോഷ്ടിച്ച പാട്ടൊന്നുമല്ല, വേണ്ടപോലെ പഠിച്ച് ഉണ്ടായതാണ്.

വില്വമംഗൽ: ആട്ടെ അതൊന്നു പറയൂ.

ഭിക്ഷു: (പാടുന്നു.) പ്രേമതരംഗം ഉലയുന്നു.

വില്വമംഗൽ: ഹാ! പ്രേമത്തിന്റെ ഒഴുക്ക് ഭയങ്കരംതന്നെ. അത് ഉയരുകയും താഴുകയും ചെയ്യും.

ഭിക്ഷു: ദൂരെയെങ്ങോ പോകുമീഞാൻ.

വില്വമംഗൽ: ഏയ്. ഈ പ്രേമത്തെപ്പററി ഒന്നുപറഞ്ഞുതരുമോ? പറയൂ, ങ.

ഭിക്ഷു: (സ്വഗതം) ഇയാൾക്കു ഭ്രാന്തുണ്ടോ?

വില്വമംഗൽ: നിങ്ങൾക്കു പറയാൻ കഴിയുകയില്ലേ? അത് മുറുകിയ ഒരു ബന്ധനമാണ്. ഇനി ഞാനതിലകപ്പെടുകയില്ല. പറയൂ പറയൂ.

ഭിക്ഷു:

എങ്ങുനിന്നോ ആഗമിക്കും വൻ
ചുഴിയിലടങ്ങും മമജീവൻ

വില്വമംഗൽ: ചുഴലിതന്നെ ചുഴലി അല്ലേ? പിന്നെ. പിന്നെ. ങ. പാടൂ.

ഭിക്ഷു:

ഹതഭഗമാം ജീവിതചഞ്ചു
ആരു നയിക്കും ആക്കറിയാം?

ഇതാ പാട്ട തീൎന്നു. ഇനി, എൻെറ കാശു തരണം.
വില്വമംഗൽ: കുറച്ചുകൂടി— ഞാനിതൊന്നു വായിക്കാം. നിങ്ങൾ ശരിയായോ എന്നു നോക്കണം. പ്രേതതരംഗം ഉലയുന്നു.
ഭിക്ഷു: ശരിതന്നെ. തരൂ.
വില്വമംഗൽ: കഴുത്തിൽ മുണ്ടിട്ടുകെട്ടി മുറുക്കുന്നു അല്ലേ?
ഭിക്ഷു: ശരിതന്നെ. എനിക്കു തരൂ.
വില്വമംഗൽ: ചുഴലിയല്ലേ ചുഴലി, ശരിയല്ലേ?
ഭിക്ഷു: ശരിതന്നെ.
വില്വമംഗൽ: നീ എപ്പോഴെങ്കിലും പ്രേമത്തിൻെറ വലയിൽ പെട്ടിട്ടുണ്ടോ?
ഭിക്ഷു: ഇല്ല. ഞാൻ പ്രേമത്തിൻെറ വലയിൽ പെട്ടിട്ടില്ല. അങ്ങു കേട്ടിട്ടില്ലേ മോഷണമെന്നു്—ഞാൻ വിശപ്പിൻെറ വലയിൽ കുടുങ്ങിയിരിക്കയാണു്. ചിലപ്പോൾ ലഹരിയും ഉപയോഗിക്കും. വല്ലതും കിട്ടിയാൽ കഴിക്കും. ഇല്ലെങ്കിൽ ഇല്ല.
വില്വമംഗൽ: നീ ഒരു കാര്യം ചെയ്യാമോ?
ഭിക്ഷു: ദയവുചെയ്തു് എൻെറ പണം തരൂ. ഞാൻ തെണ്ടി കഴിയുന്നവൻ. ഒരു ജോലിയും ചെയ്യാനൊക്കുകില്ല.
വില്വമംഗൽ: ഇതാ എടുത്തുകൊള്ളൂ. (രൂപ കൊടുക്കുന്നു.) കേൾക്കു്. ഇനിയും നിനക്കു രൂപാ കിട്ടും. ഒരു കാൎയ്യം ചെയ്യാമോ? (സ്വഗതം) എനിക്കറിയാം. ഇവൻ മുഖേന അറിയാൻ സാധിക്കും. അവളുടെ മനസ്സിനെ ഒന്നു വിഷമിപ്പിക്കണം. "അദ്ദേഹം തിരിച്ചു വരുമെന്നു് നീ പ്രതീക്ഷിക്കുന്നുണ്ടാവും. പക്ഷേ, ഒരു കാരണത്താലും അങ്ങനെ വരില്ല." എന്നു് ഇവൻ അവളോടു ചെന്നു പറയട്ടെ. (ഭിക്ഷുവിനോടു്) ഏയ് നീ ആ വീട്ടിലേക്കു പോകൂ. അവിടെ ചിന്താമണി എന്നൊരു

സ്ത്രീയുണ്ടു്. അവൾ എന്തു ചെയ്യുന്നു എന്നു നോക്കു. "നീ വിചാരിക്കുന്നുണ്ടാവും, അദ്ദേഹം തിരിച്ചു വരുമെന്നു്; പക്ഷെ, ഇല്ല" എന്നു് അവളോടു ചെന്നു പറയണം.

ഭിക്ഷു: ഏതു വീട്ടിൽ?

വില്വമംഗൽ: അതാ ആ വീട്ടിൽ. അവൾ അത്ര സുന്ദരിയൊന്നുമല്ല. എന്തോ എനിക്കു് അവളെ ഇഷ്ടപ്പെട്ടെന്നുമാത്രം. ഒരു കാര്യംകൂടി. ആ പാട്ടും അവളെക്കൂടി കേൾപ്പിക്കണം.

ഭിക്ഷു: ഞാൻ എന്താണവളോടു പറയേണ്ടതു്? അങ്ങു് അവിടെ വരുമെന്നാണോ?

വില്വമംഗൽ: അല്ലല്ല. ആ തിരുമേനി ഇനി അവിടെ വരികയില്ലെന്നു പറയൂ.

ഭിക്ഷു: പറയാം. എനിക്കു മനസ്സിലായി. വില്വമംഗലത്തിരുമേനി എന്നെ അയച്ചിരിക്കുന്നു. ദേഷ്യപ്പെട്ടു് അയച്ചിരിക്കയാണു്.

വില്വമംഗൽ: ഞാനീ വടവൃക്ഷച്ചോട്ടിലിരിക്കാം. എല്ലാം അറിഞ്ഞു വരൂ. അവൾ എന്തു ചെയ്യുന്നു, അവളോടുകൂടി ആരുണ്ടു് എല്ലാം സൂക്ഷിക്കണം. ആ പാട്ടു് അവൾക്കു് എഴുതിക്കൊടുക്കുകമാത്രം അരുതു്.

ഭിക്ഷു: തീർച്ചയായുമില്ല. എനിക്കു് ഈ കാര്യങ്ങൾ നല്ലപോലെ അറിയാം.

വില്വമംഗൽ: ദാ നോക്കൂ, അതാ ഒരു സ്ത്രീ വരുന്നു, ഒരു പുരുഷന്റെകൂടെ. അവൾ ചിന്താമണിയുടെ പരിചാരികയാണു്. നീ ആദ്യം അവളോടു സകല വിവരങ്ങളും ചോദിച്ചു മനസ്സിലാക്കു്. അവർ എന്നെപ്പററി ചോദിച്ചാലും ഒന്നും പറയരുതു്. ഓർമ്മിച്ചുകൊള്ളൂ. ഞാൻ ഈ മരച്ചുവട്ടിൽ നില്ക്കാം. (പോകുന്നു.)

ഭിക്ഷു: എനിക്കു ജോലി ചെയ്യാൻ മടിയുണ്ടോ! ഇത്തരം മനസ്സിനു പിടിച്ച ജോലി കിട്ടിയാൽ ചെയ്യും. (ഒളിക്കുന്നു.)

(സന്യാസിയും താകയും പ്രവേശിക്കുന്നു.)

സന്യാസി: നോക്കു താക, പ്രേമത്തെപ്പററി ശരിക്കു മനസ്സിലാക്കിയ ആരെങ്കിലും ഒരാളുണ്ടെങ്കിൽ അതു നീ മാത്രമാണ്. ഇതു് സാധാരണപ്രേമമൊന്നുമല്ല. ശരിയായ രാധാകൃഷ്ണപ്രേമം.

താക: എനിക്കു പ്രേമത്തിനെപ്പറ്റി എന്തറിയാം! എന്റെ ഹൃദയത്തിനിണങ്ങിയ ഒരാളെ കിട്ടിയിട്ടില്ലിതുവരെയും എന്നതു മാത്രമാണ് എനിക്കറിയാവുന്നതു്.

സന്യാസി: മനസ്സിനിണങ്ങിയവനെ കിട്ടുമോ? അങ്ങനെ ആക്കി എടുക്കണം. എല്ലാ മനുഷ്യരും ചേരുന്നവർ തന്നെ. പുരുഷൻ ഉരകല്ലു് ആണെന്നൊരു ചൊല്ലുണ്ട്. എന്നാൽ രഹസ്യമായി സൂക്ഷിക്കണം. ദാനോക്കു പ്രേമത്തിൻെറ കളി. രാധിക. അമ്മാവി. കൃഷ്ണൻ അനന്തിരവൻ. അതുകൊണ്ടു് രാസലീല അതിഗുപ്തമായിരിക്കണം. നിങ്ങൾക്കു് വളരെ ബദ്ധപ്പാടുണ്ടാവും. അല്ലെങ്കിൽ പ്രേമത്തെപ്പററി ചിലതൊക്കെ പറഞ്ഞു കേൾപ്പിക്കാമായിരുന്നു. എനിക്കു് വളരെ ആഗ്രഹമുണ്ടു് നിങ്ങളെ ചീത്ത മാർഗ്ഗത്തിൽനിന്നും സത്പഥത്തിലേക്കു നയിക്കണമെന്നു്.

താക: ശരി. എന്നാൽ വൈകുന്നേരം ഇവിടെ വരുന്നതിനു് അനുഗ്രഹമുണ്ടായാലു എനിക്കു് ഈ പ്രേമത്തെപ്പററി കേൾക്കാൻ ഇഷ്ടമുണ്ടു്. എന്നാൽ വയററിലെ തീ വല്യതാണെന്നുംകൂടി ഓർമ്മിക്കണം. ഓ. അമ്മാ ആരു്?

സന്യാസി: ആരു്, എന്തു്?

താക: ഞാൻ ഈ വീട്ടിലെ അമ്മാവനെ വിളിക്കാൻ വന്ന താണ്. അവർതമ്മിലുള്ള ശണ്ഠയ്ക്കുശേഷം ആ മനു ഷ്യൻ ഇവിടെ ഇരിക്കുന്നുണ്ടായിരുന്നു.

സന്യാസി: എന്നാൽ ഞാൻ പോയിട്ടു വരാം. മറ്റു വിഷ മം ഒന്നുമില്ലാതിരിക്കാൻ സന്ധ്യയ്ക്കുശേഷമാകട്ടെ. ഞാൻ മൂന്നു പ്രാവശ്യം വാതിൽ തട്ടും. ഈ ഗ്രാമം വളരെ ദുഷിച്ചതാണ്. ആരെങ്കിലും കണ്ടാലോ?

താക: എന്നാൽ പോയിട്ടു വരൂ. മറക്കുകില്ലല്ലോ.

(സന്യാസി പോകുന്നു. ഭിക്ഷു പ്രവേശിക്കുന്നു.)

ഭിക്ഷു: ങ. ഞാൻ നിങ്ങളുടെ വീട്ടിലേക്കുതന്നെ വരിക യായിരുന്നു.

താക: നീ ആരാണ്?

ഭിക്ഷു: എന്താ. ഞാനതൊന്നും ഇപ്പോ പറയുന്നില്ല. വരൂ. നമുക്കു വേഗം വീട്ടിലേക്കു പോകാം.

താക: ശവം തുലഞ്ഞുപോ. നിൻെറ വായിൽ ഞാൻ തീവെക്കും.

ഭിക്ഷു: വെച്ചോ. എൻെറ പതിന്നാലു തലമുറയിലുള്ള വരേം കത്തിച്ചോളു. എന്നെ കളിപ്പിക്കാനൊന്നും ഒക്കുകില്ല. നിങ്ങളുടെ കൂടെ ഞാനും വരും.

താക: ഈ ശവം ഒരു ഭ്രാന്തനാണോ? വിഷമിച്ചല്ലോ.

ഭിക്ഷു: വേഗമാവട്ടെ. നേരമാകുന്നു. എനിക്കു വേഗം മട ങ്ങിച്ചെന്നു് അദ്ദേഹത്തോടെല്ലാം പറയണം. അദ്ദേഹം ആ മരച്ചുവട്ടിൽ കാത്തിരിക്കയാണ്.

താക: ആര്? ആര്? ഈ വീട്ടിലെ അമ്മാവനോ? അദ്ദേ ഹം എവിടെ?

ഭിക്ഷു: മ്ഹ്! ഇവിടെവച്ചു ഞാൻ തുറന്നു പറയുമോ? ആദ്യം വീട്ടിലേക്കു പോകാം.

താക: തുലഞ്ഞുപോകില്ലേ, വിഡ്ഢിത്തം പറയാതെ.

ഭിക്ഷു: വിശ്ലിത്തമോ? എനിക്കു ചിലതു പറയാനുണ്ടു്. നിൻെറ വീട്ടിൽ ചെന്നിട്ടു പറയാം.

താക: ങ്ങ്. എന്നാൽ വരൂ. നീ ഇവിടെങ്ങാനും ഒരു ബ്രാഹ്മണനെ കണ്ടോ?

ഭിക്ഷു: കണ്ടിട്ടുണ്ടെങ്കിലുണ്ടു്. ഇല്ലെങ്കിലില്ല. വീട്ടിലേക്കു പോകാം. നിങ്ങൾക്കെല്ലാം മനസ്സിലാകും. ഞാൻ കണ്ടവരോടൊക്കെപ്പറയുമോ?

താക: ഇവനു് എന്തോ അറിയാം. (അടുത്തു് ചിന്താമണി വരുന്നതു നോക്കിയിട്ടു്.) ദാ, നോക്കൂ. കൊച്ചമ്മയ്ക്കു് ഒട്ടും ക്ഷമയില്ല. അവർതന്നെ വരുന്നു. ഞാൻ അവരുടെ ആരാധകനെ അന്വേഷിക്കുന്നതിൽ വല്ല കുറവും വരുത്തിയോ?

ഭിക്ഷു: ഇതാ ആ മെലിഞ്ഞ ശരീരം. നല്ല ആകൃതി. ഇവൾ അവളെ കൊച്ചമ്മയെന്നു വിളിക്കുന്നു. പക്ഷേ, രഹസ്യങ്ങളൊന്നും ഞാൻ ഇപ്പോൾ പുറത്തു വിടുകില്ല. കുറച്ചു നോക്കാം.

(ചിന്താമണി പ്രവേശിക്കുന്നു.)

താക: ഇത്ര ക്ഷമയില്ലേ? വീട്ടിൽനിന്നിങ്ങനെ ബദ്ധപ്പെട്ടു വരുന്നതു കണ്ടാൽ ലോകമെന്തു ധരിക്കും?

ചിന്താമണി: അവർ എന്തു വേണമെങ്കിൽ പറയട്ടെ. എനിക്കിനി ക്ഷമിച്ചിരിക്കാൻ വയ്യ. ഞാനൊന്നു കുളിച്ചിട്ടു വരാം.

താക: എന്തു പറയാനാ! ഇവിടെങ്ങും അദ്ദേഹത്തെ കാണ്മാനില്ല. അന്യനൊരുത്തനല്ലേ. എന്നാലും, അല്പം പോലും ഇഷ്ടം കാട്ടിയില്ലെങ്കിൽ അദ്ദേഹം എങ്ങനെ ഇവിടെ കഴിയും?

ചിന്താമണി: ശരിതന്നെ: ഞാൻ വല്ലതും പറഞ്ഞോ? നീ വീട്ടിലില്ലായിരുന്നല്ലോ. ഞാൻ ഊണു കഴിച്ചുകൊ

ണ്ടിരിക്കയായിരുന്നു. അതുകൊണ്ടു വാതിൽ തുറക്കാൻ താമസിച്ചുപോയി. രാത്രി മുഴവൻ അദ്ദേഹം എന്തോ പുലമ്പിക്കൊണ്ടിരുന്നു. ഒരു സന്തോഷവാക്കുപോലും പറഞ്ഞില്ല. എന്നെ ഉറങ്ങാൻ സമ്മതിച്ചുമില്ല. ഇന്നു രാവിലെ അദ്ദേഹം എന്നെ വിളിക്കാൻ തുടങ്ങി. ഞാൻ അനങ്ങിയില്ല. കോപിച്ച് അദ്ദേഹം ഇറങ്ങി പോകയും ചെയ്തു. എനിക്കും ദേഷ്യം വന്നു. രണ്ടുമൂന്നു പ്രാവശ്യം മടങ്ങി വന്നെങ്കിലും ഞാനും മിണ്ടിയില്ല.

ഭിക്ഷു: കേൾക്കണം അമ്മാ, ഇവിടെയിരുന്ന തിരുമേനി യാണോ?

താക: എന്താ?

ഭിക്ഷു: (ചിന്താമണിയോട്ട്) കേൾക്കു. (താകയോട്ട്) നിങ്ങളോടല്ല. (ചിന്താമണിയോട്ട്) നിങ്ങൾ കേൾക്കു. അദ്ദേഹം ഇനി തിരിച്ചു വരുമെന്നു നിങ്ങൾ കരുതുന്നുണ്ടാവാം. പക്ഷേ, അദ്ദേഹം വരികയില്ല.

ചിന്താമണി: അദ്ദേഹം എവിടെപ്പോയി?

ഭിക്ഷു: പോകാം. ആദ്യം വീട്ടിലേക്കു വരാം. നിങ്ങൾ എന്തു ചെയ്യുന്നുവെന്നു കാണണം. എന്തു കഴിക്കുന്നു, എന്തു പറയുന്നു എന്നും അറിയണം. ഞാൻ മരച്ചോട്ടിൽ ചെന്നു് എല്ലാം അദ്ദേഹത്തെ ധരിപ്പിക്കും. അദ്ദേഹം നദിക്കക്കരകടന്നിരിക്കുന്നു.

(വില്വമംഗൽ പ്രവേശിച്ച് കുറ്റിച്ചെടികളുടെയിടയ്ക്ക് ഒളിക്കുന്നു.)

ചിന്താമണി: ദാ നോക്കു, താക, ആ ശവം അവിടെ ഒളിക്കുന്നു.

ഭിക്ഷു: (ആംഗ്യങ്ങളോടെ പാടുന്നു.)

പാചകശാലതൻ കോണിലൊതുങ്ങിയ
നിശ്ചലമൂകനാം വാനരനും

കാരണമെന്നിയേ കാട്ടകളിൽ സദാ
ചാടീട്ടം ജീവിയുല്ലാസമോടെ
കാണുക നീ നിന്റെ കാമുകവൃത്താന്തം
കാണില്ലായെന്നാലും ചെയ്തിട്ടുന്നു.

വില്വമംഗൽ: (സ്വഗതം) നോക്കൂ, അവൾക്കു യാതൊരു ദുഃഖവുമില്ല. അവൾ ചിരിക്കുകയാണ്. (വെളിക്കു വന്നു് ചിന്താമണിയോട്ട്) ഞാൻ കുറച്ചു വിറകു വാങ്ങാൻ വന്നതാണീവഴി. നിന്നെ കണ്ട സ്ഥിതിക്കു് ഒരു കാര്യം പറഞ്ഞുകളയാമെന്നുകരുതി. "ഏറെ ചിരിച്ചാലേറെ കരയും," എന്നു് രാമശർമ്മ പറഞ്ഞിട്ടുണ്ട്.

ചിന്താമണി: നിങ്ങൾക്കു ഭ്രാന്തുണ്ടോ? എന്തിനാണിപ്പോൾ വിറകു്? സ്വന്തം ചിതകൂട്ടുന്നതിനുതന്നെയോ?

വില്വമംഗൽ: നോക്കൂ്, എനിക്കു നിന്നോടൊന്നുകൂടി പറയാനുണ്ട്. നിന്നെ ഞാൻ ഒരു മാന്യയായി കരുതിയിരുന്നു. എന്നാൽ അങ്ങനെയല്ല നീയിപ്പോൾ. വളരെ നികൃഷ്ടയാണു്.

ചിന്താമണി: നിങ്ങൾ ഒരു മാന്യൻ! പെരുമാററം വളരെ നന്നായിരിക്കുന്നു.

താക: എയ് നോക്കൂ, നിങ്ങൾ ഒരു പുരുഷനാണെങ്കിൽ ഈ നികൃഷ്ടയോട്ടു വാദിക്കരുതു്. അമ്മാ, കൊച്ചമ്മയായാലും ശരി മറെറാരാളായാലും ശരി നിങ്ങളുടെ വാക്കും കുറെ കട്ടത്തുതന്നെ.

വില്വമംഗൽ: താകാ, ഞാനിനി വരികയില്ല. എന്നാൽ ഒരുദിവസം നിങ്ങളോട്ടു് എൻെറ മനോദുഃഖത്തെപ്പറ്റി പറയാൻ വരുന്നുണ്ട്. പുരുഷന്മാർ പ്രാവിനെപ്പോലെയാണു്. അവർ ആദരവു കിട്ടുന്നിടത്തേ പോകയുള്ളൂ.

ചിന്താമണി: ഞാൻ നിങ്ങളോടെന്തു പറഞ്ഞുപോയി.

താകാ, ഞാൻ ഉണ്ണുകയായിരുന്നതുകൊണ്ട് കതക തുറക്കാൻ താമസിച്ചുപോയി. രാത്രി അവസാനിച്ചിട്ടും നിങ്ങളുടെ കോപം അടങ്ങിയില്ല. മാന്യസ്നേഹിതാ! എവിടെ ആദരിക്കുന്നുവോ അവിടെത്തന്നെ പോകണം. പക്ഷേ, ഒരുകാൎയ്യം; ആദ്യത്തെ കാൎയ്യങ്ങളെല്ലാം കൂടി ഓൎമ്മിച്ചുകൊള്ളണം.

താക: ഞാൻ ഒരുകാൎയ്യം—അങ്ങ് ഇങ്ങനെ കാണിക്കുന്നത് ഉചിതമല്ല. ഒരു സ്ത്രീ നിങ്ങളെ കാണാൻ വഴിയിലിറങ്ങി വന്നിരിക്കുന്നു.

ചിന്താമണി: അബദ്ധം! ഞാൻ കുളിക്കാൻ പോന്നതാണ്. നീ പറഞ്ഞതല്ലോ. ആളിന്റെ പെരുമാററം കണ്ടില്ലേ! നേരം വെളുത്തപ്പോൾ മുതൽ ഇവിടെയിരുപ്പാണ്. ഞാനോ? എവിടെപ്പോയി എന്നിതുവരെ വ്യാകുലപ്പെടുകയായിരുന്നു. എന്നിട്ടും ഒരുപ്രാവശ്യംപോലും വന്നുമില്ലേ?

താക: അങ്ങ് അങ്ങനെ ചെയ്തതു നന്നായില്ല. പെണ്ണുങ്ങൾ ആലോചിച്ചാലോചിച്ചു കുണ്ഠിതപ്പെടും. പത്തുഗജം തുണിയുണ്ടെങ്കിലും ഉടുക്കാനൊന്നും ഉണ്ടാവില്ല എന്ന ചൊല്ല് കേട്ടിട്ടില്ലേ?

വില്വമംഗൽ: നോക്കു, ചിന്താമണീ, എന്റെ മനസ്സു വളരെ ദുഃഖിച്ചിരിക്കുന്നു.

ചിന്താമണി: സാരമില്ല. കോപിക്കരുത്. നമുക്കു വീട്ടിലേക്കു പോകാം.

വില്വമംഗൽ: ഇല്ലാ. ഇന്നു് എന്റെ അച്ഛന്റെ ശ്രാദ്ധമാണ്. ഇപ്പോൾത്തന്നെ നേരം വൈകിയിരിക്കുന്നു.

ചിന്താമണി: എന്നാൽ പോകു. ഒട്ടും താമസിക്കരുത്. കോപമില്ലാ എന്നു പറഞ്ഞിട്ടു പൊയ്ക്കൊള്ളൂ.

വില്വമംഗൽ: ഛേ! ഞാനെന്തിനാ കോപിക്കുന്നത്?

• •

ചിന്താമണി: നേരമായി. പക്ഷേ, ദേഷ്യമില്ല എന്നു പറഞ്ഞില്ലെങ്കിൽ ഞാൻ വിടുകയില്ല.

വില്വമംഗൽ: ഇല്ല.

ചിന്താമണി: ഇനി പൊയ്ക്കൊള്ളൂ. ഞാനുംകൂടെ നദിവരെ കുളിക്കാൻ വരാം. നിങ്ങൾക്കു് അക്കരയ്ക്കു പോകയും ചെയ്യാം. സന്ധ്യയ്ക്കു വരുമല്ലോ. ങാ വേണ്ട. ശ്രാദ്ധം കഴിഞ്ഞിട്ടു് ഇന്നു നദി കടക്കരുതല്ലോ.

വില്വമംഗൽ: ഞാൻ ഇന്നിനി വരികയില്ല. നദി കടക്കാതെ എത്താൻ സാധിക്കയില്ലല്ലോ.

ചിന്താമണി: ഇന്നു വരേണ്ട. നാളെ രാവിലെ ഒന്നിവിടെ വന്നേക്കാം എന്നു സത്യം ചെയ്തിട്ടു പൊയ്ക്കൊള്ളൂ.

വില്വമംഗൽ: അതിരാവിലെ വരാൻ പററുമോ?

ചിന്താമണി: ഇതാ കണ്ടോ താക! നിങ്ങളുടെ ഒരു മാന്യൻ! ഇന്നു് അദ്ദേഹം പോകുന്നു. ഇന്നു രാത്രിമുഴുവൻ കാണാതെ കഴിയണം. നാളെ രാവിലെയെങ്കിലും വരാൻ പറയുമ്പോൾ എങ്ങനെയാ വരുന്നതെന്നു്! അദ്ദേഹത്തിനു കോപമില്ലപോലും. നമ്മളോ തോന്നുന്നതു പറയുകയും.

വില്വമംഗൽ: ഞാനെങ്ങനെയാ രാവിലെ എത്തുന്നതു്? ഇതിനു കോപവുമായി എന്തു ബന്ധം? എനിക്കു മററൊരു ജോലിയുമില്ലേ?

ചിന്താമണി: അതൊക്കെ ശരി. രാവിലെ വരാമെന്നു പറയൂ.

വില്വമംഗൽ: ങ. നോക്കട്ടെ.

ചിന്താമണി: നോക്കിയാൽ പോരാ. വന്നില്ലെങ്കിൽ ഉച്ച തിരിഞ്ഞു് എന്നെ നിങ്ങളുടെ വീട്ടിൽ കാണാം.

വില്വമംഗൽ: എനിക്കു തീർച്ച പറയാൻ സാധിക്കുമോ?

ഭിക്ഷു: തിരുമേനി, എനിക്കെന്തോ തരാമെന്നു പറഞ്ഞില്ലേ?

വില്വമംഗൽ: പോ, പോ.

(വില്വമംഗലനും പുറകെ ഭിക്ഷുവും പോകുന്നു.)

താക: ഒരുപക്ഷേ, അദ്ദേഹത്തിന് ഇപ്പോഴും കോപമുണ്ടായിരിക്കാം. എന്താ വീട്ടിലേക്ക് ഇപ്പോൾത്തന്നെ കൂട്ടിക്കൊണ്ടു പോകാത്തതു്?

ചിന്താമണി: വേണ്ട. പിതൃശ്രാർദ്ധത്തിനു പോകട്ടെ. ഞാൻ ഇപ്പോൾ കൂട്ടിക്കൊണ്ടുപോയാൽ അതിനു പോകയില്ല. ങ്ഹ ഞാൻ ഒരു രാത്രി വിശ്രമിക്കട്ടെ. ആ മനുഷ്യൻ അടുത്തുണ്ടെങ്കിൽ പിന്നെ ഞാൻ ജയിലിൽ അടച്ചപോലെയാണ്. രാത്രി മുഴുവൻ അനങ്ങാൻ സമ്മതിക്കില്ല. ഒരു കഥയുമില്ലാ, 'സ്നേഹിക്കുന്നു' 'സ്നേഹിക്കുന്നു' 'സ്നേഹിക്കുന്നു' എന്നിങ്ങനെ പിറുപിറുക്കയും. നീ എന്നെ സ്നേഹിക്കുന്നെങ്കിൽത്തന്നെ എന്റെ തല വിലയ്ക്കു വാങ്ങിയിരിക്കയാണോ? ദാ നോക്കു അദ്ദേഹം വീണ്ടും വരുന്നു.

(വില്വമംഗൽ പ്രവേശിക്കുന്നു.)

വില്വമംഗൽ: ഇന്നു രാത്രി ഞാൻ വരികയുണ്ടാവില്ല. നിന്റെ വീട്ടിൽ ഞാൻ ഇട്ടിട്ടുള്ള വസ്തുക്കൾ സൂക്ഷിച്ചുകൊള്ളൂ.

ചിന്താമണി: കേട്ടോ കേട്ടോ! എന്താ ഞാൻ അതെടുത്തു ദൂരെക്കളയുമോ?

വില്വമംഗൽ: അതുകൊണ്ടുതന്നെയാ പറഞ്ഞതു്. (അല്പം നടന്നിട്ട് വീണ്ടും വരുന്നു) ങ. ആ തത്തയ്ക്കു കുറച്ച് അരി കൊടുത്തേക്കു. (പോയിട്ടു വീണ്ടും വരുന്നു) കുറച്ചു വെള്ളവുംകൂടി.

ചിന്താമണി: ഇല്ല! ഒന്നും കൊട്ടക്കാതെ അവനെ ഞാൻ കൊന്നുകളയും.

വിലപമംഗൽ: എല്ലാം നീതന്നെ നോക്കിക്കൊള്ളൂ. ഞാൻ ഓമ്മിപ്പിച്ചു എന്നേയുള്ളൂ. (കുറച്ചു നടന്നു പിന്നെയും വന്നു.) അവൻ പാടിയില്ലെങ്കിൽ ഒന്നുത്സാഹിപ്പിച്ചേക്കൂ.

ചിന്താമണി: പോണില്ലേ! ഇനി എപ്പോഴാണ് ശ്രാദ്ധത്തിനു പോണതു്? എപ്പോ വല്ലതും കഴിക്കും? നേരമായില്ലേ!

വിലപമംഗൽ: ശരി, പോകുന്നു. (അല്പം നടന്നിട്ടു വീണ്ടും വരുന്നു) ആ ആട്ടിൻകുട്ടിക്കും തിന്നാൻ വല്ലതും കൊടുക്കണം. (നടന്നിട്ടു വീണ്ടും വന്നു്) അതു് കളിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ തടയേണ്ട. ശരി. ഞാൻ പോണു.

ചിന്താമണി: അല്പം നില്ക്കൂ. ഞാനും നദിവരെ വരുന്നുണ്ടു്. നാളെ രാവിലെ അങ്ങു വരുമല്ലോ?

വിലപമംഗൽ: നോക്കട്ടെ.

(എല്ലാവരും പോകുന്നു.)

യവനിക

## ദൃശ്യം രണ്ടു്

[വഴി—ഭിക്ഷുവും സന്യാസിയും പ്രവേശിക്കുന്നു.]

ഭിക്ഷു: ഹേയ് മഹാശയാ, നിങ്ങളൊരു കുററാന്വേഷകനാണോ?

സന്യാസി: ശിവശിവശിവ! എന്നെ ഞാൻ പരിചയപ്പെടുത്തിത്തരാം. കേട്ടുകൊള്ളൂ. ഞാൻ നവാബിൻെറ ഒരുദ്യോഗസ്ഥനായിരുന്നു. എൻെറ പേരു് രാമകുമാർ

സന്യാൽ എന്നാണ്. ഈ കലികാലത്തൊള്ളവരെ നിങ്ങൾക്കറിഞ്ഞുകൂടാ. ഇപ്പോൾ ധർമ്മം പരിപാലിക്കുന്നവനാപത്തോണ്. രാജഭണ്ഡാരത്തിൽനിന്നും പണം മോഷ്ടിച്ചതായി എന്റെ പേരിൽ ഒരു കുററം ഉണ്ടാക്കി. ഞാൻ കാശിയിലേക്ക പോകാൻ തീർച്ചയാക്കി. ജീവിതത്തോട്ട് എനിക്ക തോന്നിയ വെറുപ്പാണതിന്നു കാരണം. ഞാൻ കാശിക്ക പോയി. അവിടെ വച്ചു ഭാഗ്യവശാൽ എനിക്ക ഗുരുദർശനം ലഭിച്ചു. അദ്ദേഹം ഒരു മഹാ സിദ്ധനായിരുന്നു. പന്ത്രണ്ടുവർഷക്കാലം അദ്ദേഹം ഒരു പിതാവിനെപ്പോലെ എനിക്ക് ഉപദേശങ്ങൾ തന്നു.

ഭിക്ഷു: ഭണ്ഡാരത്തീന്നു പണം മോഷ്ടിച്ചിട്ടും നിങ്ങളെ പോലീസുകാർ പിടിച്ചില്ലെന്നോ! ഹൊ!

സന്യാസി: ശിവ ശിവ! ഞാൻ എന്തിനാ പണം മോഷ്ടിക്കുന്നതു്? ദുർജ്ജനങ്ങൾ അങ്ങനെ പറഞ്ഞുപരത്തിയെന്നേയുള്ളൂ.

ഭിക്ഷു: പറഞ്ഞതെന്തുമാട്ടെ. നിംങ്ങളെ പോലീസുകാർ പിടികൂടാത്തതെന്താ?

സന്യാസി: "യതോ ധർമ്മസ്തതോ ജയ" ഈശ്വരേച്ഛയ്ക്കു വിഘാതമോ?

ഭിക്ഷു: നിങ്ങൾ ഒരു ഭാഗ്യവാൻതന്നെ. എന്നാൽ ഞാൻ മറപ്പുരയിൽ ഒളിഞ്ഞിരുന്നിട്ടും അവർ എന്നെ പിടിച്ചുകളഞ്ഞു.

സന്യാസി: നീ ഇതു കേൾക്ക. യോഗശാസ്ത്രം, ധർമ്മശാസ്ത്രം, ചികിത്സാശാസ്ത്രം തുടങ്ങിയതെല്ലാം ഗുരുകൃപയാൽ ഞാൻ അഭ്യസിച്ചിട്ടുണ്ട്. എനിക്ക ലോകോപകാരം ചെയ്യണം. നിങ്ങളെ എന്റെ ശിഷ്യനാക്കാമെന്നു ഞാൻ കരുതുന്നു. നിങ്ങളും ഒരു വലിയ ത്യാഗിയാണെ

ന്നെനിക്ക തോന്നുന്നു. നിന്നെ കൂട്ടതലായി എനിക്ക പരിചയപ്പെടണം.

ഭിക്ഷു: അപ്പോൾ നിങ്ങൾ കുററാന്വേഷകനല്ല! ങ. നിങ്ങൾക്കറിയാമോ, എല്ലാവരുടേയും ഭാഗ്യം ഒരുപോലെയല്ലല്ലോ. കുട്ടിക്കാലത്തു് ഞാൻ കറുപ്പും കഞ്ചാവും ശീലിച്ചപ്പോൾ പണത്തിനാവശ്യം കൂടിവന്നു. ഒരുതവണ ഞാനൊരു വെള്ളിത്തട്ടം മോഷ്ടിച്ചു. ഇരുപത്തഞ്ചടിയും ഒരു മാസം തടവും എനിക്ക കിട്ടി. ഞാനും കാശിക്ക പോയിട്ടുണ്ടു്. നിങ്ങളെപ്പോലെ ഞാനും ഒരു ഗുരുവിനെ കണ്ടെത്തി. അയാൾ തൻെറ ജടയിൽ ഒരു സ്വർണ്ണക്കപ്പു സൂക്ഷിച്ചിരുന്നു. ഒരു ദിവസം ജട കോതിയപ്പോൾ ഞാനതു കണ്ടു. കഞ്ചാവിനും മററും വിഷമമില്ലായിരുന്നു. പക്ഷേ, തൻെറ അത്യാശ അടങ്ങിയില്ല. ഒരു ദിവസം ആ സ്വർണ്ണക്കപ്പും അടിച്ചുകൊണ്ടു് ഞാനിങ്ങു പോന്നു.

സന്യാസി: ആഹാ! നിങ്ങൾതന്നെ എൻെറ ശിഷ്യനാകാൻ യോഗ്യൻ.

ഭിക്ഷു: അതെല്ലാം നിങ്ങടെ അച്ഛൻേറം അമ്മേടേം അനുഗ്രഹം കൊണ്ടു് ഞാൻ മനസ്സിലാക്കുന്നു. എന്നാൽ ഒരു വൈഷമമ്മാത്രം. എൻെറ പേരിലൊരു വാറണ്ടുണ്ടു്. ശാന്തിപുരത്തുനിന്നും ഒരു സ്വർണ്ണത്തട്ടം വഹിച്ചതിനാണതു്.

സന്യാസി: അതിനു വഴിയുണ്ടു്. നിങ്ങൾ ജടയും ഭസ്മവും കാവിവസ്ത്രവുമെല്ലാം ധരിക്കണം. ആരും തിരിച്ചറിയുകയില്ല.

ഭിക്ഷു: അതെല്ലാമൊണ്ടായിരുന്നു. എന്നാൽ വാറണ്ടിനെ ഭയന്നു് ഞാനതെല്ലാം ഉപേക്ഷിച്ചു.

സന്യാസി: നോക്കു്, എൻെറകൂടെ താമസിച്ചാൽ നിന്നക്കു യാതൊരുപദ്രവവും ഉണ്ടാകയില്ല. എൻെറ അന്തർദ്ധാനവിദ്യകൊണ്ടു് നിന്നെ ഞാൻ ഒളിപ്പിച്ചു രക്ഷിക്കും.

ഭിക്ഷു: എന്തിനു പറയുന്നു. നിങ്ങൾ ഒരു ഭാഗ്യവാൻ! പോലീസുകാരുടെ കണ്ണു വളരെ കട്ടത്തതാണു്. കലം തലയിൽവെച്ചു മറഞ്ഞാലും അവർ പിടികൂട്ടും.

സന്യാസി: എൻെറകൂടെ താമസിച്ചോ. നിനക്കൊരു ഭയവും വേണ്ട.

ഭിക്ഷു: ശരി. വേണ്ടപോലെ എല്ലാം നടക്കുമെങ്കിൽ ഇതൊരു നല്ല വിജയമാണു്—ങ്ങ, നിങ്ങൾ എല്ലാരോടും സംസാരിക്കുമോ ഇല്ലിയോ?

സന്യാസി: യോഗ്യന്മാരുമായി മാത്രം സംസാരിക്കും.

ഭിക്ഷു: ഹോമത്തീയിട്ടുമോ?

സന്യാസി: ചിലപ്പോൾ.

ഭിക്ഷു: സ്ത്രീകളെ വച്ചുകൊണ്ടിരിക്കുമോ?

സന്യാസി: വളരെ രഹസ്യമായി മാത്രം.

ഭിക്ഷു: ആളുകളോടെന്തു പറയണം, രൂപ തരണോമെന്നോ? തരുന്നതുമാത്രം വാങ്ങിയാൽ മതിയോ?

സന്യാസി: എൻെറ മുമ്പിൽ ഒരു ഹോമകുണ്ഡം കാണും. ആരെന്തു തരാനിച്ഛിക്കുന്നുവോ അതു് അവിടെ വച്ചാൽ മതി.

ഭിക്ഷു: ശരി, നമുക്കെവിടെ ഇരിക്കണമെന്നു പറഞ്ഞില്ലല്ലോ?

സന്യാസി: ങ്ങ, നമുക്കു് ഒരു ശിവക്ഷേത്രം നോക്കിയെടുക്കണം.

ഭിക്ഷു: നമ്മുടെ വീതത്തിൻെറ കാര്യം?

സന്യാസി: നോക്കു്, എനിക്കു് ഒരു അമ്മയേയും ഒരു ഭാര്യ

യേയും ഒരു മകനേയും പുലൎത്തേണ്ടതുണ്ട്. മാസം ഒരു പതിനഞ്ചുരൂപാ വീട്ടിലേക്ക് അയച്ചുകൊടുത്താൽ മതി. നമ്മുടെ മററാവശ്യങ്ങളും കണ്ടു ശേഷമുള്ളതിനെ ആറും നാലുമായി നമുക്കു പങ്കിടാം.

ഭിക്ഷു: എന്ത്! ആറു നിങ്ങൾക്കും നാല് എനിക്കുമോ?

സന്യാസി: മ്.

ഭിക്ഷു: നിങ്ങൾക്കീരീതിയെപ്പററി എന്തറിയാം? നിങ്ങളുടെ വീട്ടിലേക്ക് എന്തയയ്ക്കുന്നു എന്ന് എനിക്കറിയണ്ട. നമുക്കു നേർപാതിവീതം എടുക്കാം.

സന്യാസി: ശരി. നമുക്ക് അതേപ്പററി തൎക്കിക്കേണ്ട. ഞാൻ നിങ്ങളെ എന്റെ ശിഷ്യനാക്കിയേക്കാം. ഗുരുവിന്റെ സേവനത്തിനു നിങ്ങൾ എന്തു നല്കുമോ അതു തന്നേക്കണം.

ഭിക്ഷു: അതു കൊള്ളാം.

സന്യാസി: ഇന്നു രാത്രി ഒരു കാര്യമുണ്ട്.

ഭിക്ഷു: എനിക്കും ഒരു ജോലിയുണ്ട്.

സന്യാസി: ഒരു സ്ത്രീയുടെ വീട്ടുവരെ ചെല്ലാമെന്നേററിട്ടുണ്ട്.

ഭിക്ഷു: ഞാനും സമ്മതിച്ചിട്ടുണ്ട്.

സന്യാസി: അക്കരെയാണോ?

ഭിക്ഷു: അതെ, അക്കരെത്തന്നെ.

സന്യാസി: ശരി, ഇന്നു നിങ്ങളുടെ ജോലിക്കു പൊയ്ക്കൊള്ളൂ. പക്ഷേ, നാളെമുതൽ നിങ്ങൾ എന്റെ ശിഷ്യനാണ്.

(പാടിക്കൊണ്ടു് ഭ്രാന്തി പ്രവേശിക്കുന്നു.)

ഭ്രാന്തി:

എങ്ങനെയാണമ്മ,യെന്നാരറിയുന്നു
എന്നമ്മ എന്നാലെന്നമ്മേയാമോ

അമ്മയെന്നാകിലെന്നമ്മതാനല്ലയോ
അമ്മയെത്താസ്സയാൽ കാണ്മതില്ലാ
പ്രാണനിപ്പ്രെന്നതാണെങ്കിലോ നിന്നെഞാൻ
പ്രാണനാമച്ഛനെന്നും വിളിക്കാം
അമ്മയെക്കാണുവാനാശിക്കുമെപ്പൊഴും
കല്ലിൻെറകല്ലായൊരെൻെറ ചിത്തം.

സന്യാസി: ആഹാഹാ, നല്ല പാട്ട്!
ഭിക്ഷു: (ഭ്രാന്തിയോട്ട്) അമ്മാ നിങ്ങൾ ആരാണ്?
ഭ്രാന്തി: മ്ഹ്! കുഞ്ഞേ, ഞാൻ ഒരു ഭ്രാന്തിയുടെ മകളാണ്. (പാട്ടന്നു)

ഭ്രാന്തനാണെന്നച്ഛ,നെന്നമ്മ ശ്യാമയും
ഭ്രാന്തിയാണാവിധമീ മകളും
മദ്യം കുടിക്കയാലച്ഛൻ മദിക്കയായ്
അച്ഛനുമമ്മയും വീഴുകയായ്
അമ്മതൻ വാർകുന്തൽ പാറുന്ന കണ്ടില്ലേ?
അമ്മതൻ പാട്ടുകൾ കേട്ടതില്ലേ?

സന്യാസി: നോക്കു നോക്കു, ഈ ഭ്രാന്തിയേയും വശമാക്കണം. അവൾ നല്ലപോലെ പാട്ടന്നു.
ഭിക്ഷു: നമ്മുടെ തൊഴിൽ ഊജ്ജിതപ്പെട്ടും.
സന്യാസി: അവളെ നിങ്ങളുടെ ഭാര്യയാക്കിയാൽ കൊള്ളാം.
ഭിക്ഷു: അവളെ കിട്ടുകയാണെങ്കിൽ ഞാനും ഒരു സംഘം ഉണ്ടാക്കും.

(രണ്ടുപേരും പോകുന്നു.)

യവനിക

## ദൃശ്യം മൂന്നു്

[വില്വമംഗലൻെറ വീട്ടിലൊരു മുറി. ശ്രാദ്ധത്തിനൊരുക്കിയിട്ടുണ്ടു്. പുരോഹിതനും വില്വമംഗലും ഇരിക്കുന്നു.]

വില്വമംഗൽ: ഇതാ പിതൃവിനു പിണ്ഡം നല്കുന്നു. നേരം സന്ധ്യയായല്ലോ. നിങ്ങളുടെ മന്ത്രംചൊല്ലൽ തീരില്ലേ?

പുരോഹിതൻ: നിങ്ങൾതന്നെയാണു് നേരം താമസിച്ചു് സർവ്വനാശങ്ങളും വരുത്തുന്നതു്. നിങ്ങളെപ്പോലെ കുറച്ചാളുകളെ കിട്ടിയാൽ പിന്നെ എൻെറ ജോലി നടന്നതുതന്നെ. ബ്രാഹ്മണരെല്ലാം പട്ടിണിയിരിക്കയാണു്.

വില്വമംഗൽ: ഞാൻ ഭേഷായി ഉണ്ടിട്ടിരിക്കയാണല്ലേ?

പുരോഹിതൻ: നോക്കൂ, നിങ്ങൾ ഇങ്ങനെ പെരുമാറിയാൽ ഭ്രഷ്ടു വരും നിങ്ങൾക്കു്.

വില്വമംഗൽ: ഓ പോണം. പോയി നിങ്ങളുടെ പാടു നോക്കൂ. ഹേ ബാലാ!

(ബാലൻ പ്രവേശിക്കുന്നു.)

ഇതെല്ലാം വാദ്ധ്യാരുടെ വീട്ടിലെത്തിച്ചേക്കൂ. എന്നിട്ടു് ദേഹണ്ഡക്കാരനെ ഇങ്ങോട്ടു വരാനും പറയൂ.

ബാലൻ: അടിയൻ. ബ്രാഹ്മണരെല്ലാം ഇരുന്നുകഴിഞ്ഞു ദേഹണ്ഡക്കാരൻ വിളമ്പാൻ ഭാവിക്കയാണു്.

വില്വമംഗൽ: അതിരിക്കട്ടെ. എനിക്കു് അഞ്ചുപാത്രം പകർച്ച ഇവിടെ കൊണ്ടുവയ്ക്കാൻ പറയൂ. (പുരോഹിതനോടു്) നിങ്ങളെന്താ പോകാത്തതു്? സാളഗ്രാമവും കൊണ്ടുപൊയ്ക്കോളൂ.

പുരോഹിതൻ: കഷ്ടം! നിങ്ങളുടെ വിഡ്ഢിത്തം!—രാധാകൃഷ്ണ! (പോകുന്നു)

വില്വമംഗൽ: നോക്കൂ ബാലാ, അഞ്ചു പാത്രങ്ങളിലും

ഏററവും നല്ല സാധനങ്ങൾ എടുത്തുകൊണ്ടുവരു, അഞ്ചു പാത്രത്തിൽ.

(ബാലൻ പോകുന്നു.)

നോക്കാം, ചിന്താമണി—ഒന്നു്, താക—രണ്ടു്, താകയുടെ അമ്മാവിയുണ്ടല്ലോ, അവൾക്കൊന്നു്—മൂന്നു്, ചിന്താമണിക്കൊന്നുകൂടി—നാലു്, അല്ലെങ്കിൽ മൂന്നിരിക്കട്ടെ—അപ്പോഴഞ്ചു്. ഞാനിപ്പോഴൊന്നും കഴിക്കുന്നില്ല. ഇപ്പോൾത്തന്നെ നേരം വൈകി. ചിന്താമണിയുമൊരുമിച്ചു കഴിക്കാം. (ആകാശത്തേക്കു നോക്കിക്കൊണ്ടു്) ഹാ! പടിഞ്ഞാറു് മേഘം ഉരുണ്ടുകൂടിയിരിക്കുന്നു. ഉം, ഈ വരുന്ന കാററു് അതിനെ കൊണ്ടുപൊയ്ക്കൊള്ളും.

(ബാലൻ പിന്നെയും പ്രവേശിക്കുന്നു.)

ബാലൻ: യേമാന്നേ, കാററുകൊണ്ടു് ഇലയെല്ലാം പറന്നുപോയി.

വില്വമംഗൽ: അതിരിക്കട്ടെ. പോയി ആ അഞ്ചു പാത്രങ്ങളും ഇങ്ങോട്ടു കൊണ്ടുവരരുതോ? അല്ലെങ്കിൽ വേണ്ട. ഒരാൾവശം ആ കടവുവരെ എത്തിച്ചേക്കു. ഞാൻ പോയി തോണിയുണ്ടോ എന്നു നോക്കാം. ഞാൻ കള്ളംപറഞ്ഞിട്ടാണു പോന്നതു്. ആരെങ്കിലും എന്നെ ചോദിച്ചാൽ എനിക്കു വലിയ പനിയാണെന്നു പറഞ്ഞേക്കു. (കാര്യസ്ഥൻ വരുന്നതു കാണുന്നു) ദാ വരുന്നു നമ്മുടെ കാര്യസ്ഥൻ.

(കാര്യസ്ഥൻ പ്രവേശിക്കുന്നു.)

കാര്യസ്ഥൻ: (സ്വഗതം) വീട്ടിനകത്തു് ഇലവയ്ക്കാം. ഉലക്കപോലെ ഓരോ മഴത്തുള്ളിയും വീഴുന്നു. (പെട്ടെന്നു ബാലനെ കണ്ടിട്ടു്) ബാലാ് നീ എന്താണിവിടെ നില്ക്കുന്നതു്?

വില്വമംഗൽ: സ്വല്പം കാൎയ്യമുണ്ട്. നിങ്ങൾ പോയി ഇല വയ്ക്കു.

കാര്യസ്ഥൻ: മഹാശയാ, ബ്രാഹ്മണഭോജനം മിശ്രമായിരിക്കുന്നു.

വില്വമംഗൽ: ങ്, സാരമില്ല—എനിക്കു മററന്നാൾ ആറു രൂപാ ആവശ്യമുണ്ട്. എങ്ങനെയെങ്കിലും അതു മററന്നാൾ കിട്ടണം. മനസ്സിലായോ?

കാര്യസ്ഥൻ: വീടു പണയപ്പെടുത്താതെ മറ്റൊരു മാൎഗ്ഗവുമില്ല, ഇനി രൂപയ്ക്കു്.

വില്വമംഗൽ: എന്തു ചെയ്താലും കൊള്ളാം.

കാര്യസ്ഥൻ: അങ്ങുന്നേ നില്ക്കു, ഞാൻ ഇല ഇട്ടിട്ടു വരാം.

വില്വമംഗൽ: നോക്കു, രൂപാ കിട്ടാതെ നിവൃത്തിയില്ല, കേട്ടോ.

കാര്യസ്ഥൻ: ശരി. (സ്വഗതം) ഇനി ഈ ജോലി അധികം നോക്കേണ്ടിവരികയില്ല. (പോകുന്നു.)

വില്വമംഗൽ: ഉം. നല്ല മഴ. പക്ഷേ, ഇപ്പോൾ പുറപ്പെട്ടില്ലെങ്കിൽ തോണി കിട്ടിയില്ലെന്നു വരാം. എന്തു കൂലിയായാലും പോകതന്നെ വേണം. (പോകുന്നു.)

ബാലൻ: അദ്ദേഹം പണപ്പെട്ടിയുടെ താക്കോൽ മറന്നിട്ടു പോയിരിക്കുന്നു. എനിക്കു ശമ്പളം എന്തു കിട്ടുമെന്നിപ്പോഴറിയാം. കിട്ടുന്നതുംകൊണ്ടു പൊയ്ക്കളയാം. (പോകുന്നു.)

യവനിക

## ദൃശ്യം നാലു്

[നദീതീരത്തുള്ള ശ്മശാനം. ഒരു മരച്ചുവട്ടിൽ കത്തുന്ന ചിതയ്ക്കുസമീപം ഭ്രാന്തി ഇരിക്കുന്നു. വിലവമംഗൽ പ്രവേശിക്കുന്നു.]

വിലവമംഗൽ: നോക്കാം. ഇനി നാലുമൈലപ്പുറത്തു് അക്കരെകടക്കേണ്ട ഒരു നദികൂടിയുണ്ടു്. മീൻപിടുത്തക്കാർക്കെങ്കിലും ഒരു തോണി ഇവിടെ ഇട്ടേക്കരുതേ. ഒരു തടിപോലും കാണുന്നില്ല. മറ്റെല്ലാപ്പോഴും ഒരുപാടെണ്ണം ഇവിടെ കാണും. ഇപ്പോ ഒന്നുപോലുമില്ലല്ലോ. ഹൊ, എന്തൊരു മഴ. ഞാൻ കോപിച്ചാണു പോന്നതു്. ഇന്നു തിരികെ ചെല്ലുകില്ലെന്നും പറഞ്ഞിരുന്നു. ചിന്താമണി നദിയുടെ അക്കരെയാണു്. ഞാൻ ഇവിടെ നനഞ്ഞുകൊണ്ടിരിക്കയും. ഹാ! പ്രാണേശ്വരി! രണ്ടു ചക്രവാകപ്പക്ഷികളുടെ ഇടയ്ക്കു് ഒരു നദി. ആ ചെടികളുടെയടുത്തു് എന്താ ഒരു വെളിച്ചം കാണുന്നതു്. ങ്, അതു ശ്മശാനത്തിലെ ചിതയുടെ ജ്വാലതന്നെയാണു്. ഈ മഴയത്തും ചിതയിലെ തീ കെട്ടില്ലല്ലോ. കാലത്തെപ്പോലെ ഈ നദി ആരെയും ശ്രദ്ധിക്കാതെ ഒഴുകുകയാണു്. എന്റെ പ്രാണൻ പൊയ്പ്പോകുന്നു! എന്തു ഭയങ്കരമായ കാററു്! എന്തു ഭയങ്കര ഗർജ്ജനം, പിശാചുക്കളുടെ യുദ്ധംപോലെ! ജീവിതമേ, നിന്നെ ഞാൻ നിസ്സാരമായി കണക്കാക്കുകയാണു്. പക്ഷേ, ചിന്താമണിയെ കാണാൻ സാധിക്കില്ലല്ലോ എന്നാണു്. ഉം! എന്തു ചെയ്യാൻ! അവളുടെ സ്ഥിതിയും ഇങ്ങനെ കഷ്ടതരമായിരിക്കും. സ്ത്രീയല്ലേ? എന്തു ചെയ്യാനാ! അല്ലെങ്കിൽ അവൾ ഈ നദി കടന്നുവന്നു് എന്റെ കഴുത്തിൽ കെട്ടിപ്പിടിച്ചു കരഞ്ഞു് എന്നെ വിഷമിപ്പിക്കുമായിരുന്നു. ചിന്താമണി എന്റേതാണു്.

ഇതു് എൻെറ പ്രാണനല്ല. ചിന്താമണിയുടേതാണു്. അവൾ എന്നെ സ്നേഹിക്കുന്നു. എന്തു ചെയ്യാം. എങ്ങനെ അക്കരെയെത്തും? തിരമാലകളെത്ര ഭയങ്കരമായിരിക്കുന്നു. ഒരുപക്ഷേ, ശ്മശാനത്തിൽ വല്ല തടിക്കഷ്ണവും കാണും. നോക്കാം. (അല്പം നടക്കുമ്പോൾ ഭ്രാന്തിയെ കണ്ടിട്ടു്) ഇവളാരു്? വല്ല പ്രേതവുമാണോ? ആയിരിക്കാം. ശവത്തിൻെറ തല വേവിച്ചു തിന്നുകയാണിവൾ. ഇവൾ വിചാരിച്ചാലെന്നെ അക്കരെകടത്താൻ കഴിയും. അങ്ങനെയാണെങ്കിൽ പ്രാണൻ പോകുമല്ലോ, അങ്ങനെയാവട്ടെ. (ഭ്രാന്തിയോടു്) ഏ! നിങ്ങളെ ഞാൻ വേണ്ടപോലെ സഹായിക്കാം. എന്നെ ഈ നദി കടക്കാനൊന്നു സഹായിക്കൂ. അമ്മ ദയവുചെയ്തു പറയൂ. ചിന്താമണിയെപ്പററി ചിന്തിച്ചു് എൻെറ മനസ്സു് വ്യാകുലമായിരിക്കുന്നു.

ഭ്രാന്തി: (പാടുന്നു.)

പറയുകെൻ സഖേ,യെൻെറ ചിന്താമണി-
യെവിടെയെന്നു പറയുകയില്ലയോ,
ഭ്രാന്തിയാമെൻ ഹൃദയനക്ഷത്രമേ,
ഭ്രാന്തിയായി ശ്മശാനത്തിലെത്തി ഞാൻ
കാണ്മതില്ലെൻെറ ദേവനെയെങ്ങുമേ.
കാനനഗഹ്വരങ്ങൾ തിരഞ്ഞു ഞാൻ
എങ്ങുമേ,യെൻെറ ദേവനെ കണ്ടതി-
ല്ലെന്നതോർത്തു ഞാന് ക്ലേശംനിശകളിൽ
ദേഹമൊക്കെയുമോരോ വിഭൂതിയാൽ
ലേപനം ചെയ്യുന്നതാരായിടാം?
പ്രാണനാം ജ്വാലയോ കെട്ടന്നില്ലയെൻ
ദേവനെയൊട്ടു കാണുന്നുമില്ലഹോ!

ശൂന്യമാകുമിപ്പാരിലെല്ലാടവും
തുല്യമാണെൻെറ ദേവനിന്നെങ്ങുപോയി.

വില്വമംഗൽ: (സ്വഗതം) ഇവളാരാണ്? ഇവളെന്തിനാണ് ചിന്താമണിയെ അന്വേഷിക്കുന്നതു്! ഇവൾ പ്രേതമല്ല. ഭ്രാന്തിയായിരിക്കാം. (ഭ്രാന്തിയോടു്) ചിന്താമണി നിങ്ങളുടെ ആരാണ്?

ഭ്രാന്തി: അദ്ദേഹം എൻെറ സ്വന്തമാണ്! എന്റെ മാത്രം. അദ്ദേഹത്തെ പേരു വിളിക്കയോ! ഛരി! ലജ്ജയില്ലേ!

വില്വമംഗൽ: ചിന്താമണിയെന്നതു് പെണ്ണിൻെറ പേരല്ലേ?

ഭ്രാന്തി: ചിന്താമണി!—ചിലപ്പോൾ അവളുടെ നീണ്ട തലമുടി കിടന്നു പറക്കും. വരാഭയകരിയും ഭക്തമനോഹരിയുമായ അവൾ ശവത്തിൻെറ മുമ്പിൽ നൃത്തം ചെയ്യും. വലത്തുകൈയിൽ വേണുവുമായി വ്രജവാസികളെ രസിപ്പിക്കും. ചിലപ്പോൾ ദിഗംബരനായി ജടാധാരിയായി നൃത്തംചെയ്യും. ചിലപ്പോൾ രാസലീലാമയിയായി സ്ത്രീകൾക്കു പ്രേമത്തിൻെറ പ്രതിഭ കാട്ടിക്കൊടുക്കും. പ്രേമത്തിനായി വനമാല കഴുത്തിലണിയും. വനമാലി എവിടെന്നു പറയൂ. അവൾ എല്ലാ രൂപവും ധരിക്കും. ചിലപ്പോൾ സ്ഥിരയായും ചിലപ്പോൾ ചഞ്ചലയായും മററു ചിലപ്പോൾ ഏകാകിയായും ഇരിക്കും. കാലത്തിനുപോലും അവിടെ പ്രവേശനമില്ല. ഈ ഹില്ലോലകല്ലോലങ്ങളൊന്നും സ്ഥിരമല്ല. മറക്കാനൊന്നുമില്ല. എല്ലാം ഒരേ സ്ഥിതിയിൽത്തന്നെ.

വില്വമംഗൽ: എന്റെ ചിന്താമണി! നിന്നെ വഞ്ചിക്കാൻ വയ്യ. എത്രദിവസം ഞാനാ രൂപം കണ്ടു. പക്ഷേ,

എനിക്കു് അതിൻെറ സീമ ഇതുവരെ മനസ്സിലായി ട്ടില്ലാ. ആഹാ! അതു കാണുമ്പോഴൊക്കെ എൻെറ വാക്കുകൾ അശക്തമായിത്തീരുന്നു. എന്തു ചെയ്യുക! എങ്ങനെ ഞാനവിടെ എത്തുക! ചിന്താമണി, ചിന്താമണി! ഈ നദിയിൽ എൻെറ പ്രാണനും പൊയ്പ്പോകുമെന്നു തോന്നുന്നു.

ഭ്രാന്തി: അങ്ങനെ പോകുന്ന ഒന്നല്ല പ്രാണൻ. പ്രാണൻ പോകയില്ല. ഞാൻ വെള്ളത്തിൽ ചാടിയിട്ടുണ്ടു്. പക്ഷേ, അതു തന്നെ വററിപ്പോയി. ഞാൻ തീയിൽ ചാടിനോക്കി. പക്ഷേ, അതു തനിയെ കെട്ടുപോയി. ഹായ്! ആ ഹൃദയചോരൻ എവിടെയാണു്? പോയി നോക്കാം. നമുക്കു രണ്ടുവഴിക്കു പോകാം. അദ്ദേഹത്തെ അന്വേഷിക്കാം. അമ്മാ, അമ്മാ! നീയെവിടെയാണു്. അമ്മതന്നെ ഈ ശ്മശാനത്തെ പ്രകാശിപ്പിച്ചുകൊണ്ടു വരൂ.

വില്വമംഗൽ: നിബിഡമായ അന്ധകാരം. ദിക്കു് നിർണ്ണയിക്കാൻകൂടി പ്രയാസം. പ്രാണൻ ഉപേക്ഷിക്കാവുന്ന ഒന്നല്ലേ? ആഹാ! ഞാൻ അതുപേക്ഷിച്ചാലിനി ചിന്താമണിയെക്കാണാൻ സാധിക്കയില്ലല്ലോ. മേഘങ്ങൾ ഗർജ്ജിക്കുന്നു. പക്ഷേ, ഞാൻ നിന്നെ ഭയപ്പെടുന്നില്ല. ദേഹമേ, നിന്നോടും എനിക്കു മമതയില്ല. ചിന്താമണിയെ കാണാൻ പററുകയില്ലേ? അതാണെൻെറ ഒരു ഭയം. അല്ലെങ്കിൽ—നീ, ഒരു നദിയല്ല, നിസ്സാരമായ ഒരു ജലകണം മാത്രം. ഞാനീ സമുദ്രത്തിലേക്കു ചാടാം. ചിന്താമണി, ചിന്താമണി!

ഭ്രാന്തി: (പാടുന്നു.)

ശ്മശാന വാസിയാമെന്നെയാരു കൊണ്ടുപോകും—

വെറും

ഭ്രാന്തിയായി ലോകം കാണ്മൂ, വരുന്നില്ല ഞാൻ
ഏകനായിട്ടെങ്ങോ നിന്നിടുന്ന നിന്റെ രൂപത്തെ-
ഞാൻ
തേടുമെന്നുമെന്നശ്രുക്കൾ നിനക്കായ് വീഴും
നീയെവിടെയെന്നതൊട്ടുരുപവുമില്ലെനിക്കിന്നു
ശൂന്യമായിത്തോന്നിടുന്നു സർവ്വദേശവും
ഭ്രാന്തിയാം ഞാൻ നിൻെറ മുഖകാന്തികാൺകെ,-
ചിന്താമണി,
ഘോരമാമീരാവിൽ നീയെങ്ങൊളിച്ചിരിപ്പൂ.

വില്വമംഗൽ: പോകാം. എനിക്കു ചിന്താമണിയെ കാണണം. ചിന്താമണി, ചിന്താമണി! (നദിയിലേക്കു ചാടുന്നു.)

യവനിക

# അങ്കം രണ്ട്

## ദൃശ്യം ഒന്നു്

[ചിന്താമണിയുടെ വീട്ട്. താകയുടെ വരാന്ത. സന്യാസിയും ഭിക്ഷുവും ഇരിക്കുന്നു.]

സന്യാസി: പറയൂ, ഏയ്, നിനക്കീ വീട്ടിലെന്തു കാര്യമാണു്?

ഭിക്ഷു: എനിക്കെന്താ, ഇവിടെ കാര്യമൊന്നുമുണ്ടായിക്കൂടെ? എന്നാൽ ഞാൻ വാക്കുതന്ന സ്ഥിതിക്കു് നിങ്ങളുടെ കാര്യത്തിനൊരു തടസ്സോം ഉണ്ടാകയില്ല.

സന്യാസി: പറയൂ, കേൾക്കട്ടെ—

ഭിക്ഷു: എൻെറ ജോലി ഇതാണു്: ഈ വീട്ടിൽ ഒരു കൊച്ചമ്മയുണ്ടല്ലോ. അവരുടെ ആ മനുഷ്യൻ എന്നോട്ട് ഇവിടെ ആരെങ്കിലും വരുന്നുണ്ടോ എന്നു് അദ്ദേഹം തിരിച്ചുവരുന്നതുവരെ നോക്കിക്കൊണ്ടിരിക്കണമെന്നു പറഞ്ഞു. ആദ്യം ഞാൻ പടിപ്പുരയിലാണു് നിന്നതു്. കാററുംമഴയുംകൊണ്ടാണകത്തേക്കു പോന്നതു്. പെണ്ണുങ്ങൾ മററുള്ളവരെ വഞ്ചിക്കും. അവരും വഞ്ചിതരാകും. അവരോട്ടു് ഞാനൊരു വിദേശിയായ അതിഥിയാണെന്നു പറഞ്ഞു. അപ്പോൾ പലഹാരവുംമറ്റും തന്നു. എന്നാൽ ഒടുവിൽ നിന്നെ ആ കൊള്ളരുതാത്തവനിങ്ങോട്ടയച്ചിരിക്കയാണല്ലേ എന്നുംമററുമായി. ചൂലുംകൊണ്ടെന്നെ ആട്ടിപ്പുറത്താക്കി. അമ്മേ, അമ്മേ, എന്നു വിളിച്ചുപറഞ്ഞപ്പോൾ എനിക്കു് അവർ ഈ വരാന്തയുടെ ഒരു കോണു തന്നിരിക്കയാണു്. നിങ്ങൾ

കൊതുകിനെ കൊല്ലുകയാണോ രാത്രിമുഴവൻ? അങ്ങോട്ടുമിങ്ങോട്ടും നോക്കിക്കൊണ്ടിരിക്കുന്നതെന്താ, എന്തോന്നാണുദ്ദേശം?

സന്യാസി: നിങ്ങൾ ഇവിടെ വരുമെന്നു് എനിക്കറിയാമായിരുന്നെങ്കിൽ ഞാൻ നിങ്ങളെ ചിലതു പഠിപ്പിക്കുമായിരുന്നു.

ഭിക്ഷു: ഈ ചീത്തദിവസം എന്നെ ഒന്നും പഠിപ്പിക്കണ്ട. നിങ്ങൾ മൂടിപ്പുതച്ചു കിടന്നുറങ്ങു. ശിഷ്യനാക്കാനല്ലേ? അതൊക്കെ എനിക്കു നല്ലവണ്ണം അറിയാം.

സന്യാസി: ഏയ്, അങ്ങനെയൊന്നുമല്ല. താക വരുമ്പോൾ ഞാനൊരു വലിയ സന്യാസിയാണെന്നു് അവളോടു പറയണം.

ഭിക്ഷു: താകയുമായുള്ള നിങ്ങളുടെ കാര്യമെന്തോന്നാണെന്നു പറയണം. അവരെ തന്റെ രഹസ്യഭാര്യയാക്കാനാണോ? നോക്കു, അവൾ വാൾമുനപോലെയാണു്. ഗുരുവും ശിഷ്യനുമൊന്നും അവിടെ നടക്കത്തില്ല. നിങ്ങൾ കൃഷ്ണപ്രേമത്തെപ്പററി പ്രസംഗിച്ചപ്പോൾ നിങ്ങളോടു പിന്നീടു വരാൻ പറയുന്നതു ഞാൻ കേട്ടു. നിങ്ങളെപ്പററി കൂടുതലായറിഞ്ഞെങ്കിൽ എന്റെ കഥയൊന്നും ഞാൻ നിങ്ങളോടു പറയുകയില്ലായിരുന്നു.

സന്യാസി: എന്താ, നീ എന്റെ ശിഷ്യനാണെന്നു് അവളോടു പറയുന്നതിനെന്താ ദോഷം?

ഭിക്ഷു: നിങ്ങളൊരു ചാണക്യൻ. സന്യാസിവേഷവും മററുമുണ്ടല്ലോ. ശരിതന്നെ. നാലണ കിട്ടാൻപോലും നിങ്ങൾക്കു യോഗ്യതയില്ല. അല്പമെങ്കിലും ബുദ്ധിയുണ്ടോ നിങ്ങൾക്കു്? രാവിലെ നമ്മൾ ഗുരുവും ശിഷ്യനുമാണെന്നു ഭാവിച്ചില്ല. എന്നിട്ടു് പാതിരാത്രിയായപ്പോൾ ഗുരുവേ നമഃ, ശരിതന്നെ.

സന്യാസി: എന്നാൽ നിങ്ങളെല്ലാം മാറിനില്ക്കണം. എനിക്കു താകയോടു സ്വകാര്യമായി ചിലതു പറയാനുണ്ട്.

ഭിക്ഷു: വെളുക്കുന്നവരെ ക്ഷമിക്കു. വെളുക്കാതെ നിങ്ങൾക്കവരെ കാണാൻ സാധിക്കയില്ല. അവരിപ്പോൾ മെത്തയിൽ കിടന്നുറങ്ങുകയാണ്. രുദ്രാക്ഷമെണ്ണുന്ന ശബ്ദംകേട്ടെണീക്കാൻ പോണു! രൂപയുടെ ശബ്ദമാണോ, അപ്പോൾ കാൎയ്യമൊന്നു വേറെ. നമ്മുടെ പണി തുടങ്ങി. ആദ്യം കുറെ പണം സമ്പാദിക്കുക. എന്നിട്ടു വരണം. നോക്കു, ആ ഭ്രാന്തിയുടെ പുറകെ പോയി നിങ്ങളുടെ രഹസ്യഭാൎയ്യയാക്കിക്കൊണ്ടുവരാമോ എന്നു ഞാൻ നോക്കി. എനിക്കു പേടിയാവുന്നു. അവൾ ശ്മശാനത്തിലേക്കാ പോയതു്.

സന്യാസി: എൻെറ ഭാൎയ്യയോ? അവളെ നിൻെറ ഭാൎയ്യയാക്കാനാ ഞാൻ പറഞ്ഞതു്.

ഭിക്ഷു: ശിവശിവ! എനിക്കതു മനസ്സിലായില്ല. നിങ്ങൾ ഒരു രസികൻതന്നെ. നിങ്ങൾക്കു് അവളെ വേണ്ടാ. താകാമണിയെ മാത്രം ഭാൎയ്യയായി മതി. നോക്കു, നിങ്ങളെപ്പോലുള്ളവരെയൊക്കെ എനിക്കറിയാം. നിങ്ങളുടെ രഹസ്യഭാര്യ! ദാ നോക്കു, ബ്രഹ്മരക്ഷസ്സുപോലെയാണവൾ വരുന്നതു്. (മൂടിപ്പുതച്ചു കിടക്കുന്നു.)

(താക പ്രവേശിക്കുന്നു.)

താക: (സ്വഗതം) രണ്ടു പെറുക്കികൾ വരാന്തയിൽ കിടക്കുന്നു. ഇവർ കള്ളന്മാരാണോ. വാതിൽ തല്ലിപ്പൊളിച്ചു വന്നവരാണോ എന്തോ. (പ്രകാശം) മഹാശയാ, നിങ്ങൾ അവിടെയുണ്ടോ?

സന്യാസി: (മൃദുസ്വരത്തിൽ) ഉം, ഉണ്ടു്. ഞാനിവിടെയുണ്ടു്.

താക: (സ്വഗതം) രസികൻതന്നെ. പെണ്ണുങ്ങളുടെ ശബ്ദം കേൾക്കുമ്പോൾതന്നെ അയാൾ മോഹാലസ്യപ്പെട്ടു പോകുന്നു. (ഉച്ചത്തിൽ പറയുന്നു) ഇന്നു കൊച്ചമ്മയുടെ ആൾ വന്നില്ല. അതുകൊണ്ടു് എനിക്കിന്നവരുടെകൂടെ ഇരിക്കണം. ഞാനിങ്ങോട്ടു വരണമെന്നു പല പ്രാവശ്യം വിചാരിച്ചെങ്കിലും ഉറങ്ങിപ്പോയി. ഞാൻ കുണ്ഠിതപ്പെടുന്നു. നിങ്ങൾക്കു പുകക്കാനൊന്നും കിട്ടിയില്ലേ? സന്ധ്യമുതലിവിടെ കാത്തിരിക്കയാണോ? എന്തു ചെയ്യാം. എനിക്കു സഹായിക്കാൻ കഴിഞ്ഞില്ല. എൻെറ കുററമല്ലേ. ഞാനൊരു വിളക്കു കത്തിച്ചു കൊണ്ടുവരാം. നിങ്ങൾക്കു പുകക്കാനും. എന്നിട്ടു് ഞാനിവിടെയിരുന്നു് അങ്ങയുടെ വർത്തമാനം കേൾക്കാം. (വീട്ടിനുള്ളിലേക്കു പോകുന്നു.)

ഭിക്ഷു: അവളുടെ വിശ്വാസം കണ്ടില്ലേ! എന്നിട്ടും നിങ്ങളെ വീട്ടിനുള്ളിൽ കയററിയില്ലല്ലോ. നിങ്ങൾ എന്നെ കുട്ടുപിടിച്ചേക്കരുതു്. അല്ലെങ്കിൽ നമ്മളെ കഴുത്തിനു പിടിച്ചു വെളിയിൽ തള്ളും.

(താക പ്രവേശിക്കുന്നു.)

താക: ഇതാ തീയു്. പക്ഷേ, പുകയിലകൂടി കൊണ്ടുവരാൻ മറന്നുപോയി.

സന്യാസി: അതു സാരമില്ല. പുകക്കുന്നതു് എനിക്കത്ര കാര്യമൊന്നുമല്ല. താക ഇരിക്കൂ. ഞാൻ സേതുബന്ധം, രാമേശ്വരം, ഹരിദ്വാരം തുടങ്ങിയെല്ലായിടത്തും സഞ്ചരിച്ചു. പക്ഷേ, മനസ്സിനിഷ്ടപ്പെടുന്ന ഒററയാളെപ്പോലും കാണാൻ കഴിഞ്ഞില്ല.

താക: അതു വളരെ പ്രയാസമുള്ള ഒരു കാര്യമല്ലേ? എനിക്കാണെങ്കിൽ ഇപ്പോൾ ഇരുപത്തൊന്നു വയസ്സായി.

സൂക്ഷ്മമായിട്ടല്ലേ പറയുന്നതു്. ഇരുപതോ ഇരുപത്തൊന്നോ ആയിരിക്കും. കഴിഞ്ഞവർഷം, പത്തൊൻപതാണു കഴിഞ്ഞതു്. പക്ഷേ, എനിക്കും ഒരിടത്തും മനസ്സിനിഷ്ടപ്പെട്ട ഒരാളെ കാണാൻ സാധിച്ചിട്ടില്ല.

സന്യാസി: എന്നാൽ നിങ്ങൾ എൻെറ മനസ്സിനു് ഇണങ്ങിയിരിക്കുന്നു.

താക: പതുക്കെ പറയൂ. ആ തെണ്ടി വരാന്തയിൽ കിടന്നു കേൾക്കും. പക്ഷേ, നോക്കു, ആരുടെ മനസ്സിനെ രസിപ്പിക്കാൻ എനിക്കു കഴിയുമോ!

സന്യാസി: ഞാൻ നിങ്ങളെ രാധാപ്രേമം പഠിപ്പിക്കാൻ വളരെ ആഗ്രഹിക്കുന്നു.

താക: അങ്ങെന്തു പഠിപ്പിച്ചാലും ഞാനതു മറക്കയില്ല.

സന്യാസി: അപ്പോൾ ശ്രദ്ധിച്ചുകേൾക്കു. എന്നെങ്കിലും ഒരുദിവസം നിനക്കും ഈ സംസാരസമുദ്രം കടക്കുക തന്നെ വേണം.

താക: ശരിയാണു്

സന്യാസി: അതുകൊണ്ടു ഞാൻ പറയുന്നു, ഈ വേശ്യാവൃത്തി ഉപേക്ഷിക്കണമെന്നു്. പലരേയും നീ കാത്തിരിക്കരുതു്.

താക: ഞാനത്തരമൊരുത്തിയല്ല. നിങ്ങൾ എന്നെ ശരിയായി പരിചയപ്പെട്ടമ്പോൾ അതറിയും. ഹരിനാമം ജപിക്കാതെ ഞാൻ വെള്ളംപോലും കുടിക്കാറില്ല. ആരു് എന്നെ അനുഗ്രഹിക്കാനായി വരുന്നുവോ അദ്ദേഹത്തെ ഞാൻ ഭർത്താവിനെപ്പോലെ കരുതും. അപ്പോൾ ഞാൻ അന്യഒരാളെപ്പററി ചിന്തിക്കുകപോലും ചെയ്യുകയില്ല. ഇരുപത്തിരണ്ടു വർഷം ഞാൻ ഒരാളിൻെറ കൂടെ കഴിഞ്ഞിട്ടുണ്ടു്.

സന്യാസി: നോക്കൂ, നീ ഞാൻ പറഞ്ഞതിന്റെ സാരം മനസ്സിലാക്കിയില്ല. ഇതു് ഒരുമിച്ചുകഴിയുന്നതിന്റെ കാര്യമല്ല. ശുദ്ധപ്രേമത്തിന്റെ കാര്യമാണു്.

താക: ശരിതന്നെ. ഏതായാലും ഞാനൊരു സ്ത്രീയല്ലേ? തെളിച്ചുപറയൂ. എന്നാലെനിക്കു വേഗം മനസ്സിലാകും.

സന്യാസി: നോക്കൂ, ഞാനൊറ്റവാക്കിൽ പറയാം. ഞാൻ നിങ്ങളെ രാധയെന്നു സങ്കല്പിക്കും. നിങ്ങൾ എന്നെ കൃഷ്ണനെന്നു കരുതണം. അതിനുശേഷം ഇഷ്ടംപോലെ ചെയ്യാം. അതിൽ പാപമൊന്നുമില്ല. എന്താ രാധയാകാമോ?

താക: അങ്ങെന്നോടു സ്പഷ്ടമായി പറയണം. എനിക്കു നല്ലപോലെ മനസ്സിലാകുന്നില്ല.

സന്യാസി: നിങ്ങൾ എന്റെ രാസലീലാമയിയായ രാധയാകണം. ഞാൻ ഓടക്കുഴലൂതും. നിങ്ങൾ എന്നെ തടസ്സപ്പെടുത്തണം. ഞാൻ തടസ്സം നീക്കും. 'കൃഷ്ണനെവിടെ', 'കൃഷ്ണനെവിടെ?' എന്നു ചോദിച്ചുകൊണ്ടു് നിങ്ങൾ അവശയാകണം.

താക: അതെല്ലാം സാധിക്കും. അങ്ങെന്റെ ഭാരം സ്വീകരിക്കയാണെങ്കിൽ. ഞാനൊരൊററവയറിന്റെ കാര്യമല്ലേയുള്ളു. ഒരു വസ്ത്രത്തിന്റെയും. കിടക്കയും മററുപകരണങ്ങളും തരുന്നതു് അവിടുത്തെ സുഖത്തിനുവേണ്ടിമാത്രം. ആഭരണങ്ങൾ ഇഷ്ടമുണ്ടെങ്കിൽ തരണം. ഇല്ലെങ്കിൽ വേണ്ട.

സന്യാസി: നോക്കൂ, ഞാൻ ബ്രഹ്മചാരിയാണു്. എനിക്കു സ്വന്തമായി ഒരു കാര്യവുമില്ല. പക്ഷേ, എനിക്കൊന്നുരണ്ടു വിദ്യകളറിയാം. ഈ ചെമ്പുകഷ്ണത്തെ സ്വർണ്ണമാക്കുന്നതിനറിയാം. അതു നിങ്ങളെ ഞാൻ പഠിപ്പിക്കാം.

താക: ങ്, ചെമ്പു സ്വർണ്ണമാക്കാനങ്ങേയ്ക്കു് അറിയാമെന്നോ?

സന്യാസി: ഗുരുകൃപയാൽ എനിക്കതറിയാം.

താക: പിന്നെന്താ, അങ്ങേയ്ക്കു് എന്നൊപ്പോലെ വേണമെങ്കിൽ പത്തെണ്ണത്തിനെ പോററരുതോ? (സ്വഗതം) ഇയാൾ ചതിക്കാൻ വന്നിരിക്കയാണോ?

സന്യാസി: ഞാനീ വിദ്യ പഠിപ്പിക്കാം. എനിക്കതു ചെയ്യാൻ പാടില്ല. ഗുരു അതിനെ നിഷേധിച്ചിട്ടുണ്ടു്. ആ വിദ്യ മറെറാരാളെ പഠിപ്പിക്കുന്നതിനു തടസ്സമില്ല. നിന്നെ ഞാനതു പഠിപ്പിക്കാം. നിങ്ങൾ എൻെറ രാധയാകണം. ഒരുവർഷം എൻെറകൂടെ ജീവിച്ചു് എനിക്കു തൃപ്തി വരണം. അപ്പോൾ ആ വിദ്യ നിനക്കു ലഭിക്കും.

താക: (സ്വഗതം) ഒന്നാംതരം കൗശലക്കാരൻ! ഇയാളെ പറഞ്ഞയച്ചില്ലെങ്കിൽ ഉറങ്ങാൻ സാധിക്കയില്ല. (പറയുന്നു) അങ്ങിപ്പോൾ മടങ്ങണം. ഞാൻ കുറച്ചു വിശ്രമിക്കട്ടെ. (ഭിക്ഷുവിനോടു്) എടാ തെണ്ടീ, നീയും എണീററു പോ. ഞാൻ ഉറങ്ങാൻ പോകട്ടെ. (സന്യാസിയോടു്) അവിടുന്നും എഴുന്നേല്ക്കു. അമാന്തിക്കണ്ട.

(മതിലിൻെറ പുറത്തുനിന്നും വില്വമംഗൽ വീഴുന്നു.)

അമ്മാ, അമ്മാ, അമ്മാ! കള്ളന്മാർ വന്നിരിക്കുന്നു. എല്ലാം തട്ടിപ്പറിക്കും.

ചിന്താമണി: ആരാ? അവിടെ എന്താ കാര്യം?

താക: വേഗമൊരു വിളക്കു കൊണ്ടുവരു. ആരോ വീണു വേദനകൊണ്ടു വിളിക്കുന്നു.

(ചിന്താമണി വിളക്കുമായി പ്രവേശിക്കുന്നു.)

ചിന്താമണി: എന്താണിതു്, എന്തായിതു്?

താക: (വില്വമംഗലിനെ നോക്കിക്കൊണ്ടു്) ഓ അമ്മ! ഇതു തിരുമേനിയല്ലേ?

ചിന്താമണി: അയാൾ പിന്നെയും വിഷമിപ്പിക്കാൻ വന്നോ? കിടന്നു വിളിക്കുന്നല്ലോ, എന്താ കാര്യം?

താക: ഈ മതിലിൻെറ പൊക്കത്തുനിന്നുമാണദ്ദേഹം വീണതു്. എന്തെങ്കിലും പരിക്കുപററിയിരിക്കും.

ചിന്താമണി: എന്നെ കൊല്ലാൻ നോക്കുകയാണോ? കഷ്ടം! ഞാനെന്തൊരു ജീവിതത്തിലാണു വീണിരിക്കുന്നതു്!

വില്വമംഗൽ: ചിന്താമണീ, കുറച്ചു വെള്ളം കൊണ്ടുവരൂ.

താക: ഹെ. ജീവനുണ്ടു്!

ചിന്താമണി: ജീവിച്ചില്ലെങ്കിൽ പിന്നെയിങ്ങനെ വിഷമിപ്പിക്കാനാരാണു്?

താക: (ഭിക്ഷുവിനോടും സന്യാസിയോടും) ഹേയ്, നിങ്ങൾ രണ്ടുപേരുംകൂടി വരൂ. നമുക്കിദ്ദേഹത്തിനെ അകത്തേക്കു് എടുത്തു കൊണ്ടുപോകാം.

വില്വമംഗൽ: വേണ്ട. എന്നെ ആരും സഹായിക്കേണ്ട. ചിന്താമണീ, നിൻെറ തോളിൽ പിടിച്ചുകൊണ്ടു് ഞാൻ അകത്തേക്കു വരാം.

ചിന്താമണി: വരൂ താകാ, അദ്ദേഹത്തിൻെറ കൈയിൽ പിടിച്ചുകൊള്ളൂ. ങ, എഴുന്നേല്ക്കു.

താക: അങ്ങയ്ക്കെന്താ ബുദ്ധിയില്ലേ?

ചിന്താമണി: താകാ, വല്ലവരും വിചാരിക്കും നിങ്ങൾ ഒരു കൊച്ചു കുട്ടിയാണെന്നു്. നിങ്ങൾക്കു് അദ്ദേഹത്തെ മനസ്സിലായില്ലേ? ഞാൻ രാത്രിയിൽ തനിച്ചേയുള്ളോ, മററാരെങ്കിലും വന്നിട്ടുണ്ടോ, എന്നറിയാൻ സന്ധ്യയ്ക്കു് ഇദ്ദേഹം ആ തെണ്ടിയെ ഇങ്ങോട്ടയച്ചു. ഇപ്പോൾ പാതിരാത്രിക്കു് തന്നെത്താനിങ്ങോട്ടു പോരികയും ചെയ്തു.

വില്വമംഗൽ: ചിന്താമണീ, ഞാൻ നിന്നെക്കാണാൻ വന്നതാണ് ചിന്താമണീ.

ചിന്താമണി: (നാററം അനുഭവിച്ച്) കഷ്ടംതന്നെ. എന്റമ്മാ, എനിക്കിവിടെ നിക്കാൻവയ്യ. എന്തൊരു നാറ്റം!

(ചിന്താമണിയും വില്വമംഗലനും താകയും പോകുന്നു.)

ഭിക്ഷു: നിങ്ങൾക്ക് അരമ്പാൽ പങ്കിനേ അവകാശമുള്ളൂ. നോക്കു, ഇനിയെന്താണിവിടെ നില്ക്കുന്നത്? പോകരുതോ? അല്ലെങ്കിൽ ചൂലാണു സമ്മാനം. ഞാൻ പോകുമായിരുന്നു. പക്ഷേ, ഞാൻ ചിലതു പ്രതീക്ഷിച്ചു നില്ക്കയാണ്.

(താക പ്രവേശിക്കുന്നു.)

താക: ഹൊ, ഹൊ, ഹൊ! എന്തൊരു നാറ്റം, എന്റീശ്വരാ! അദ്ദേഹം മേത്തെന്തോ പുരട്ടിയിരിക്കുന്നു എന്നു തോന്നുന്നു. ചീഞ്ഞ ശവത്തിൻെറ നാറ്റമാണല്ലോ. ഹൊ, ഹൊ!

(ചിന്താമണി പ്രവേശിക്കുന്നു.)

ചിന്താമണി: ഓ, താകാ! എല്ലാം നാശംതന്നെ. മുറി മുഴുവൻ നാശമായി. ചീഞ്ഞ മാംസവും പുഴുക്കളും. കിടക്കയും കട്ടിലുമെല്ലാം നാശമായി. ഞാൻ തലതല്ലി ചാകും.

സന്യാസി: താകാ, ഞാൻ പോകുന്നു.

ചിന്താമണി: ഈ ശവമാര്? എന്നെ കാത്തുകൊള്ളാൻ ആ കിറുക്കൻ പറഞ്ഞയച്ചതാണോ?

താക: (സന്യാസിയോട്) നീങ്ങളിപ്പോഴും ഇവിടെ നില്ക്കുന്നോ? ഒരുപ്രാവശ്യം പറഞ്ഞാൽപോരെ, കേൾക്കരുതോ?

സന്യാസി: നാളെ കാണാം. എന്തു പറയുന്നു?

താക: ഇപ്പോ പോണം. പിന്നെ നോക്കാം.

(സന്യാസി പോകുന്നു.)

ഭിക്ഷു: അമ്മാ, ഞാനങ്ങു പോകുമായിരുന്നു. എനിക്കെന്തെങ്കിലും കിട്ടണം.

ചിന്താമണി: ങ്ഹാ, നിങ്ങൾ നില്ക്കണം, നില്ക്കണം. ആ മുഖമാട്ടിക്കൊണ്ടു പറഞ്ഞല്ലോ; ഞാനാരെയും ഗൗനിക്കാൻ വന്നതല്ലാ, നിന്നെക്കാണ്മാൻ വന്നതാണെന്നു്. അങ്ങനെയാണെങ്കിൽ അയാളെന്തിനാണീ തെണ്ടിയെ ഇതിനയച്ചതു്? കൂടാതെ ഈ ഒഴുക്കിൽ എങ്ങനെ ഇക്കരെ കടന്നു? പിതാവിൻെറ ശ്രാദ്ധക്കാര്യം പറഞ്ഞതെല്ലാം കളവാരുന്നോ? ഒരുപക്ഷേ, ഇക്കരെത്തന്നെ ചുറ്റിക്കറങ്ങിയിരുന്നിരിക്കും. മതിലിലെങ്ങനെ പിടിച്ചുകയറി? അവിടെങ്ങുമൊന്നും ഉണ്ടായിരുന്നില്ലല്ലോ.

(വില്വമംഗൽ പ്രവേശിക്കുന്നു.)

വില്വമംഗൽ: എന്താ ചിന്താമണി! മതിലിൽ നീ ഒരു കയറു് ഇട്ടിരുന്നില്ലേ?

ചിന്താമണി: താകാ കേട്ടില്ലേ. നല്ല രസംതന്നെ. ആളുകൾക്കു പിടിച്ചുകയറാൻ ഞാൻ മതിലിൽ ഒരു കയറു് ഇടുക, ശരിതന്നെ! (രസിച്ചു ചിരിക്കുന്നു.)

വില്വമംഗൽ: അതു സത്യമാണു ചിന്താമണി. ഞാൻ അവിടെ കണ്ട കയറിൽ പിടിച്ചാണു കയറിയതു്.

ചിന്താമണി: താകാ, നിങ്ങളെന്നെക്കാൾ പ്രായം ചെന്നവളാണു്, ഞാൻ തുറന്നുപറയാമല്ലോ. ഈ ജീവിതത്തിൽ ഇതിനുമുമ്പു് ഇത്ര കഷ്ടപ്പെട്ടിട്ടില്ല. ഞാൻ പണം വല്ലതും ചോദിക്കുമ്പോഴൊക്കെ ഇദ്ദേഹത്തിനു് അവധി പറയാനേ കഴിഞ്ഞിട്ടുള്ളു. ഇപ്പോൾ പറയുന്നു, തനിക്കു സ്വന്തമായിട്ടൊന്നുമില്ലെന്നു്. വീട്ടുസാമാനങ്ങളുമൊക്കെ പണയപ്പെട്ടുത്തിയത്രേ. എന്നിട്ടും

ഇയാൾ വരുന്നു. ഇപ്പോ ഏണിയും പടിയും ഒക്കെ കൊണ്ടുവന്ന് വീട്ടിനകത്തു കേറിയിരിക്കുന്നു.

വില്വമംഗൽ: സത്യമായും ചിന്താമണി, എനിക്ക് ഏണിയൊന്നുമില്ലായിരുന്നു. ഞാനാ കയറിൽ പിടിച്ചാണു കയറിയതു്. വീട്ടിൽനിന്നിറങ്ങുംമുമ്പ്, മററന്നാൾ നൂറുരൂപാ തരാൻ കാര്യസ്ഥനോടു പറഞ്ഞിട്ടുണ്ടു്.

ചിന്താമണി: കയറു്! നിങ്ങൾ ഒരു മൂഢൻ. ഞാൻ നിങ്ങളെ കൊന്നുകളയും. വരൂ, എന്നെ നിങ്ങളുടെ കയറു് ഒന്നു കാണിച്ചുതരൂ.

വില്വമംഗൽ: പോകാം ചിന്താമണി. ഞാൻ ആ കയറു കാണിച്ചുതരാം.

ചിന്താമണി: (താകയോടു്) വരൂ താകാ, നേരം വെളുക്കുന്നു. നമുക്കു് ഈയാളുടെ കയറു് ഒന്നു കാണാം.

(താകയും ചിന്താമണിയും വില്വമംഗലും പോകുന്നു.)

ഭിക്ഷു: ഇന്നത്തു ശുഭമല്ല. എന്റെ ഇന്നത്തെ ജോലിക്കൊരു കൂലിയുമില്ല. രാത്രികൂലി ശകാരംതന്നെ. ഒന്നുമില്ലേ എനിക്കു്. ങ്ങ, രാത്രി ഉറക്കമിളച്ചതു മാത്രം ലാഭം. സാക്ഷിയുംമററും വേണ്ട. മജിസ്ട്രേട്ടുതന്നെ കേസ്സുനടത്തും. പറഞ്ഞതു ചുമ്മാതല്ല. അദ്ദേഹം രാത്രിയിലെങ്ങനെ ഇവിടെയെത്തി? എങ്ങനെ ആ നദി കടന്നു വന്നു. എങ്ങനെയാണീ വലിയ മതിൽ കയറിയതു്? സഹായിക്കാൻ മതിലിൽ വല്ലതുമുണ്ടായിരുന്നോ? ഒന്നും കണ്ടില്ല. ങ്ങ, ദൂരെനിന്നെങ്ങാനും നിന്നു് ഈ നേരമ്പോക്കു കണ്ടുകളയാം. (പോകുന്നു.)

യവനിക

## ദൃശ്യം രണ്ടു്

[മതിലിൽ ഒരു ചത്ത പാമ്പു് തൂങ്ങിക്കിടക്കുന്നു. വെളിയിൽ വില്വമംഗൽ, ചിന്താമണി, താക, ഭിക്ഷു എന്നിവരെത്തുന്നു.]

വില്വമംഗൽ: ദാ നോക്കു, കയറു കണ്ടുകൊള്ളൂ.

ചിന്താമണി: എവിടെ? നോക്കട്ടെ, (മതിലിൻറടുത്തു പോയി) അയ്യോ, അമ്മാ സപ്പം. ഇതു് ഭയങ്കരവിഷസർപ്പം!

വില്വമംഗൽ: എന്തു്, കാളസർപ്പമോ?

ഭിക്ഷു: അമ്മാ, അതിന്റെ കഥകഴിഞ്ഞു. പാമ്പിന്റെ തല പോട്ടിനുള്ളിലിരിക്കുമ്പോൾ വാലിലെത്ര പിടിച്ചു വലിച്ചാലും അതു വെളിക്കു വരികില്ല. ഇനി ഭയപ്പെടേണ്ട കാര്യമില്ല. ഈ സപ്പത്തെ ഇത്ര ബലമായി പിടിച്ചുവലിച്ചതുകൊണ്ടു് അതിനു സ്വർഗ്ഗം കിട്ടി. (ആത്മഗതം) ഇയാൾ ഒരു കള്ളനായിരുന്നെങ്കിൽ ഏഴുനില മാളികയിൽ കയറിയും പണം കവരുമായിരുന്നു. (പോകുന്നു.)

താക: (സ്വഗതം) ഇതാണു സ്നേഹം. മനസ്സിനൊത്ത മനുഷ്യൻ. ഇതുപോലെയല്ല മറേറ ശവം. അവനെ അടിക്കണം.

ചിന്താമണി: നിങ്ങളീ കാളസർപ്പത്തെപ്പിടിച്ചു കയറിയോ?...എന്താണു് നിങ്ങളെൻെറ മുഖത്തു് ഇങ്ങനെ തുറിച്ചുനോക്കുന്നതു്?

വില്വമംഗൽ: ഞാൻ നിങ്ങളെ നോക്കുകയായിരുന്നു.

ചിന്താമണി: എന്താണിങ്ങനെ നോക്കുന്നതു്?

വില്വമംഗൽ: നിങ്ങൾ പരമസുന്ദരിയാണു്.

ചിന്താമണി: നിങ്ങൾ എങ്ങനെയാണു നദി കടന്നു വന്നതു്?

വില്വമംഗൽ: ഞാൻ നദിയിലേക്കു ചാടി. നീന്തിക്കട ക്കാമെന്നു കരുതി ഞാൻ നീന്തി. പക്ഷേ, ഒഴുക്കു ഭയ ങ്കരമായിരുന്നു. തിരമാലകളാൽ എൻെറ ശ്വാസം മുട്ടിപ്പോയി. അങ്ങനെയിരുന്നപ്പോഴെനിക്കൊരു തടി കിട്ടി.

ചിന്താമണി: നിങ്ങളുടെ ദേഹം നാറുന്നതെന്താ?

വില്വമംഗൽ: എനിക്കു് അറിഞ്ഞുകൂടെന്നു ഞാൻ പറ ഞ്ഞില്ലേ നിങ്ങളോടു്.

ചിന്താമണി: അങ്ങു് നിഷ്പ്രയാസം സർപ്പത്തെപ്പിടിച്ചു കയറിയല്ലോ.

വില്വമംഗൽ: ചിന്താമണീ, നിങ്ങൾ നിങ്ങളുടെ ഹൃദയ ത്തെ ആർക്കും നല്കീട്ടില്ലെന്നു ഞാൻ വിചാരിക്കുന്നു. അങ്ങനെ ചെയ്തിരുന്നാൽ ഈ ജീവിതം എത്രയോ തുച്ഛമെന്നു നിനക്കു മനസ്സിലാകും. അപ്പോൾ രജ്ജു സർപ്പങ്ങൾ തമ്മിൽ വ്യത്യാസമില്ലെന്നു ധരിക്കാമാ യിരുന്നു.

ചിന്താമണി: നിങ്ങളെന്താണിങ്ങനെ വല്ലാതെ നോക്കു ന്നതു്?

വില്വമംഗൽ: നിങ്ങൾ പറയുന്നതു സത്യമാണോ എന്നു് ഞാൻ നോക്കുകയായിരുന്നു. ഞാൻ ഉന്മത്തനാണെന്നു് മുമ്പ് അറിഞ്ഞുകൂടായിരുന്നോ? നിങ്ങൾ ഉറങ്ങും, ഞാൻ രാത്രി മുഴുവൻ നിങ്ങളുടെ മുഖത്തു നോക്കിക്കൊ ണ്ടിരിക്കും. ഇപ്പോഴും നിനക്കെന്നെ മനസ്സിലായില്ലെ ങ്കിൽ നീയൊരു പ്രേമികയല്ല; എങ്കിലും നീ അതിസു ന്ദരിയാണു്. പരമസുന്ദരി!

ചിന്താമണി: എന്താ എന്നെ ഇങ്ങനെ സൂക്ഷിച്ചുനോക്കു ന്നതു്?

വില്വമംഗൽ: നിൻെറ കഥ സത്യമോ മിഥ്യയോ എന്നു

നോക്കുകയാണ്. എന്നെ ഇതുവരെ നീ ഉന്മത്തനായി കണ്ടിട്ടില്ലേ? നീ ഉറങ്ങുക. ഞാൻ രാത്രിമുഴുവൻ നിന്നെ നോക്കി മുഖപാനം ചെയ്യാം. നീ ദീർഘനിശ്വാസം ചെയ്താൽ ഈ ലോകം മുഴുവൻ ശൂന്യമെന്നു ഞാൻ കരുതും. നിങ്ങളുടെ കണ്ണിൽ ജലരേഖ കണ്ടാൽ എന്റെ ഹൃദയം മുറിഞ്ഞതായിത്തോന്നും. ഇപ്പോഴും നീ മനസ്സിലാക്കുന്നില്ലേ, ഞാൻ ഉന്മത്തനാണെന്നു്? എൻെറ സർവ്വധനവും വിററുതീർത്തു. ഒരിക്കലും ഞാൻ ശ്രദ്ധിച്ചിട്ടില്ല. നിന്ദയാണെൻെറ ആഭരണം. ഇപ്പോളെങ്കിലും ബോദ്ധ്യമാവുന്നോ ഞാൻ പറയുന്നതു സത്യമാണെന്നു്? (സർപ്പത്തെ നോക്കിക്കൊണ്ടു്) ഞാനുന്മത്തനല്ലേ? ഈ തെളിവു കണ്ടില്ലേ. സത്യമായും ചിന്താമണി, ഞാൻ ഉന്മത്തനാണു്. പക്ഷേ, നീ അതിസുന്ദരിയാണു്. അതിസുന്ദരി!

ചിന്താമണി: പോകാം. നിങ്ങൾ ഏതു തടിക്കഷണം പിടിച്ചാണ് നീന്തിയതെന്നു നോക്കാം.

വില്വമംഗൽ: നിങ്ങൾക്കു് ഇപ്പോഴും വിശ്വാസമില്ലേ? ഉം, പോകാം.

(എല്ലാവരും പോകുന്നു. തെരുവുപിള്ളേർ പാടിക്കൊണ്ടു പ്രവേശിക്കുന്നു.)

തെരുവുപിള്ളേർ: (പാട്ടുന്നു.)

എന്തെന്തുശൂന്യമാണെന്തിനീമായകൾ
മായയാം കാഞ്ചനതുല്യദേഹം
നീങ്ങിടും കാല,മതാരെയും കാക്കില്ല
എങ്ങനെയാരു ഭവിക്കിലും
ഇന്നന്ത്യമാവുകിൽ നാളെയണിഞ്ഞിടും
ഇദ്ദിനമാക്കമധീനമല്ലാ

292104
032,6
KU
MADRAS UNIVERSITY LIBRARY
- 5 APR 2003
CHENNAI-600 005

പായുകയായ് കളനാദവുമായ് നദി
എങ്ങുനിന്നീത്തളരാത്ത പാച്ചിൽ?
ജീവിതം മുന്നോട്ടുപോകയാണീവിധം
ജീവിതരൂപവുമേകിട്ടുന്നു.
എങ്കിലും നോക്കുവിനാരുമില്ലാരുമി-
ല്ലന്ധകാരംമാത്രമാണിതെങ്ങും
ജീവിതത്തിൽ തളരാതെ നീ നന്നായ്
മാറുമൊന്നു ഹരിനാദം കേൾക്കേ.

(ഓരോരുത്തരായി പോകുന്നു. പാട്ട് അവസാനിക്കുന്നതോടൊപ്പം അവസാനഗായകനും രംഗത്തുനിന്നു മറയുന്നു.)

യവനിക

## ദൃശ്യം മൂന്നു്

[നദീതീരത്തു് ഒരു ചത്ത ശവം കിടക്കുന്നു. വില്വമംഗൽ, ചിന്താമണി, താക ഇവർ പ്രവേശിക്കുന്നു.]

വില്വമംഗൽ: സത്യം, എല്ലാം മായ, എൻെറ സ്വന്തമായി ട്ടാരുമില്ല. ഞാൻ ആക്കുവേണ്ടി വെള്ളത്തിൽ ചാടി യോ അവളും എൻേറതല്ല. മറെറവിടെയെങ്കിലും ആരെങ്കിലും എനിക്കു സ്വന്തമായുണ്ടോ? ഒന്നു കണ്ടെ ങ്കിൽ!

ചിന്താമണി: ഉം. ഈ നദി ഇപ്പോഴും രണ്ടു മുഖിയായി ഗജ്ജിക്കുന്നു. ഇതിൽ ചാടുന്നതിനും ധൈര്യം തോന്നി യോ? ആ തടിയെവിടെ?

വില്വമംഗൽ: അതാ. (ചൂണ്ടിക്കാണിക്കുന്നു.)

ചിന്താമണി: (മുമ്പിലേക്കല്പം നീങ്ങി ശവത്തെ നോക്കീട്ടു്) ഇതെന്തു്? ഞാനിനി അവിശ്വസിക്കുന്നില്ല.

നിങ്ങൾ സത്യമായും ഉന്മത്തൻതന്നെ. നിങ്ങൾക്കു ലജ്ജയില്ല. ഭയവുമില്ല. കയറെന്നുംകരുതി പാമ്പിനെ പിടിച്ചു മതിലിൽക്കയറി. തടിക്കഷ്ണമെന്നു കരുതി ചീഞ്ഞുപുഴുത്ത ശവത്തെപ്പിടിച്ചു നീന്തി! ഒരു ദിവസം ഞാൻ ഹരികഥ കേൾക്കാൻ പോയിരുന്നു. അതിപ്പോഴോൎമ്മവരുന്നു. ഈ മനസ്സ് ഈ വേശ്യയിലൎപ്പിക്കാതെ ഹരിപാദപത്മങ്ങളിലൎപ്പിച്ചിരുന്നെങ്കിൽ! എന്തുപറയാനാണ്! ഒരു ചീഞ്ഞ ശവത്തിൻെറ സഹായത്തോടെ നിങ്ങൾ ഘോരമായ രാത്രിയിൽ നദി കടന്നു. ഹൊ! ഞാൻ വിറയ്ക്കുന്നു, ഇതു പറയുമ്പോൾത്തന്നെ. സർപ്പത്തിൻെറ വാലിൽ പിടിച്ച് നിങ്ങളാ മതിൽ കയറി. നോക്കൂ, ഞങ്ങൾക്കിതെല്ലാം വെറും മായയായിരുന്നു. വെറും നാട്യം. എന്നാൽ ഇതെല്ലാം നാട്യമാണെങ്കിൽ ഇത്തരത്തിലൊന്നും ഞാൻ മുമ്പു കണ്ടിട്ടില്ല.

വില്വമംഗൽ: (സ്വഗതം) ഇതാണോ പരിണാമം!

ഈ നരദേഹവും ഇതുപോലെ ജലപ്പരപ്പിലൂടെ ഒഴുകാം.

പട്ടിക്കും മററും ആഹാരമായിത്തീൎന്നേക്കാം.

അല്ലെങ്കിൽ ചിതാഭസ്മമായി കാററിലങ്ങനെ പറക്കും.

എന്തിനുവേണ്ടി ഞാനിശ്ശവത്തെ ആലിംഗനം ചെയ്തു?

ദാരുണമായ നിഴൽബന്ധങ്ങളിൽ ഞാൻ ബദ്ധനായിരിക്കുന്നു.

ഈ സ്ത്രീക്കും ഈ പരിണാമംതന്നെയോ?

നശ്വരമായ ഈ ലോകത്തിലാക്ക് എൻെറ പ്രാണനെ സമൎപ്പിക്കണം?

അതാ ഉഷസ്സ്. അതും നിഴലല്ലേ! മിഥ്യ, മിഥ്യ, എല്ലാം മിഥ്യ.

എല്ലായിടത്തും നിബിഡാന്ധകാരമേ കാണാനുള്ളു.
ഞാനാരുടേതാണ്? എൻെറതായി എനിക്കാരുണ്ട്?
ആർക്കുവേണ്ടി ഞാനീ ജീവിതത്തെപ്പുലർത്തണം?
ഉദ്ദേശശൂന്യനായി ഞാനെന്തിനിങ്ങനെ അലയുന്നു—
നശ്വരങ്ങളായ നിഴലുകൾക്കിടയിൽ, വിശ്രമഹീന
നായി, വിശ്രമമാഗ്രഹിക്കാത്തവനായി.
എനിക്കാരുണ്ട്, എൻെറതായി ആരെവിടെയുണ്ട്?
ആരെങ്കിലുമുണ്ടെങ്കിൽ ഒന്നു ദർശനംതന്നെങ്കിൽ!
എൻെറ ഹൃദയത്തിലെ ജ്വാല ശമിപ്പിച്ചാലും. എൻെറ
ഹൃദയവും മനസ്സും ഞാൻ നിന്നിലർപ്പിക്കട്ടെ.
ഹാ, ശൂന്യതേ!
വിരൂപങ്ങളായ ഛായകളാണീ ലോകംമുഴുവൻ.
ഇവിടെ എവിടെയാണ് പ്രേമത്തിനാസ്ഥാനം?
ആ പ്രേമസമുദ്രമെവിടെയാണ്?
എൻെറ പ്രേമപ്രവാഹത്തെ നിന്നിലർപ്പിക്കട്ടെ.
നീ എവിടെയാണെന്നാരു് എന്നോടു പറയും?
നിന്നെ ഒന്നു കണ്ടെങ്കിൽ, ഞാനെന്തുമോഹിക്കുന്നു!
ജനിച്ചപ്പോൾമുതലിതുവരെ ഞാനൊരു സ്വജന
ത്തേയും കണ്ടില്ല. ഞാനെവിടേക്കു പോകണം! എവി
ടെക്കാണാം?
ഈ അന്ധകാരത്തിനിടയിലൊരു ലക്ഷ്യവും കിട്ടുന്നില്ല.
എനിക്കു് ആരു പ്രകാശം തരും?
എൻെറ സ്വന്തമായുള്ളയാളെ എങ്ങനെ തേടിപ്പിടിക്കും
ഞാൻ.

(പാട്ടുപാടിക്കൊണ്ടു ഭ്രാന്തി പ്രവേശിക്കുന്നു)

ഭ്രാന്തി:

എൻ കരവും ഗ്രഹിച്ചുദ്ദേഹമെപ്പോഴും
എന്നോടൊപ്പം നടക്കുന്നു പാരിൽ.

എന്നോട്ട് ചോദിപ്പതില്ല മിണ്ടില്ല ഞാൻ
ദർശിക്കയാകുമെപ്പൊഴുമെന്നോ.
എന്മുഖം വാട്ടമ്പൊഴാമുഖം വാടിട്ടും
പുഞ്ചിരിക്കും ഞാൻ ചിരിച്ചിട്ടമ്പോൾ.
ആദരവേറെയുണ്ടെന്നിലദ്ദേഹത്തി-
നെന്റെയദ്ദേവനെ ഞാനറിയും.
സ്വന്തമായാരുമില്ലെന്നോതുകില്ലാരു-
മെങ്കിലും സ്വന്തമായാക്കുമില്ല.
സത്യമോ മിഥ്യയോ ഇല്ലെന്നിരിക്കെ
ദൃഷ്ടരംതന്നെയിപ്പാരിലെല്ലാം.

ചിന്താമണി: ഹാ! എന്തു മധുരമായിപ്പാടുന്നു!

വില്വമംഗൽ: എൻേറതായിട്ടാരുമില്ലേ? ഉണ്ടു്. തീർച്ചയായും ഉണ്ടു്. ഇരുട്ടിൽ—പക്ഷേ, ഞാൻ കാണുന്നില്ലെന്നുമാത്രം. ഉണ്ടു്. എനിക്കു സമീപത്തുതന്നെയുണ്ടു്. അല്ലെങ്കിൽ ആ ഘോരമായ ഒഴുക്കിൽ എനിക്കാശവത്തെ താങ്ങായിത്തന്നതാരു്?

നിൻേറതായി ലോകത്താരുമില്ലെന്നുപദേശിച്ചുതന്നതാരാണു്?

നിങ്ങളുടെ സ്വന്തമായി ഞാനുണ്ടെന്നിപ്പോൾ പറയുന്നതു് ആരു്?

നീ ആരാണു്? നിൻേറ രൂപമെന്താണു്?

നിശ്ചയമായും നീ പരമസുന്ദരനാണു്.

എനിക്കു ദർശനം തരൂ. എന്നോടു സംസാരിക്കൂ. എന്റെ ഹൃദയത്തെ ആശ്വസിപ്പിക്കൂ.

നീ എൻേറ അടുത്തുതന്നെയുണ്ടു്.

ഞാൻ അന്ധനാണ്. നിന്നെക്കാണാൻ എനിക്കു സാധിക്കുന്നില്ല. എനിക്കാരു കണ്ണുതരും? ഞാനെവിടെപ്പോകട്ടെ! (പോകുന്നു.)

ചിന്താമണി: എവിടെപ്പോണു? എന്താണിദ്ദേഹം വിരക്തനായിത്തീരുകയാണോ? അങ്ങനെയാണെങ്കിൽ എനിക്കും സ്വന്തമായിട്ടാരുമില്ല. നോക്കാം. (പോകുന്നു.)

യവനിക

# അങ്കം മൂന്നു്

## ദൃശ്യം ഒന്നു്

[വഴി. സോമഗിരിയും വിലപമംഗലും പ്രവേശിക്കുന്നു.]

സോമഗിരി: അങ്ങു് ഈ ദേശക്കാരനല്ലേ? അങ്ങൊരു വല്യ ത്യാഗിയാണെന്നെനിക്കു തോന്നുന്നു. ഇന്നു രാത്രി മററെങ്ങും ആശ്രയമില്ലെങ്കിൽ എൻെറകൂടെ വന്നാൽ ഞാൻ കൃതാൎത്ഥനാണു്.

വിലപമംഗൽ: ഹേ! ബ്രഹ്മചാരി, എനിക്കു് എൻെറതായി ആരുണ്ടു് എന്നൊന്നു പറഞ്ഞുതരാമോ? ഈ ലോകത്തു് സ്വന്തമെന്നുപറയാനാരെയും കാണുന്നില്ല. പറയൂ, എനിക്കു സ്വന്തമായി ആരുണ്ടു്? ഒന്നു പറഞ്ഞു തരൂ.

സോമഗിരി: അങ്ങു് പ്രേമോന്മത്തനായ ഒരു മഹാപുരുഷനാണു്. അവിടത്തെ ഞാൻ നമസ്കരിക്കുന്നു.

വിലപമംഗൽ: അങ്ങു് ആരുതന്നെയായാലും ഞാൻ ഹീനനായ ഒരു ലമ്പടനാണു്. എന്നെ നമസ്കരിക്കരുതു്. ഞാൻ അങ്ങയുടെ കാല്ക്കൽ നമസ്കരിക്കുന്നു. ഇപ്പോഴെൻെറ ഹൃദയം ശൂന്യമായിരിക്കുന്നു. എനിക്കു സ്വന്തമായതു് എൻെറ ഹൃദയത്തിനകത്തു വരട്ടെ. ദാരുണമായ ഈ ഇരുട്ടിൽ എൻെറ ദേഹപഞ്ജരം വച്ചുകൊണ്ടിരിക്കാൻ സാധിക്കില്ല. ഹതാശനായ ഞാൻ ഏകനാണു്. ഞാനാരാണു്? ഞാനെന്തിനിവിടെ വന്നു? ഞാനിങ്ങനെ ഉദാസീനനായതെന്തുകൊണ്ടു്? ഹൃദയമേ നിനക്കെന്തു വേണം? പ്രേമമയനായ അങ്ങു്

എവിടെയിരിക്കുന്നു? അങ്ങയ്ക്കു് എന്റെ പ്രേമത്തെ നല്കാൻ ഞാൻ വളരെ ആഗ്രഹിക്കുന്നു.

സോമഗിരി: അങ്ങു് ഭാഗ്യവാനാണു്. പ്രേമമയിയായ രാധ അങ്ങയെ പ്രേമപൂർണ്ണനാക്കുന്നു. അങ്ങയ്ക്കു് ശ്രീകൃഷ്ണപ്രേമം ജനിച്ചിരിക്കുന്നു.

വില്വമംഗൽ: അങ്ങെന്റെ ഗുരുവാണു്. പ്രേമമയിയായ രാധ ആരാണു്? പറഞ്ഞുതരൂ.

സോമഗിരി: ഗുരുവോ? ആ ശ്രീകൃഷ്ണൻതന്നെയാണു് ഗുരു. ഗുരുവായി മററാരുമില്ല.

വില്വമംഗൽ: രാധയാരു്? എനിക്കു പറഞ്ഞുതരൂ.

സോമഗിരി: നോക്കു, ഞാൻ ചിത്രം കണ്ടിട്ടുണ്ടു്. എന്നാൽ ആ പ്രേമമയിയുടെ തത്വം അനന്തമാണു്. അങ്ങു് രാധാകൃഷ്ണന്റെ ചിത്രം കണ്ടിട്ടുണ്ടല്ലോ. അങ്ങൊന്നു ധ്യാനിക്കു. ആ പ്രേമമയിയെ അല്പമെങ്കിലും മനസ്സിലാക്കാമോ എന്നു നോക്കണം.

വില്വമംഗൽ: (ധ്യാനനിരതനായി അല്പനേരം ഇരുന്നിട്ടു്) ആഹാ, സത്യം, എന്റെ കണ്ണിൽ ഇത്രനാളായിട്ടും ഇതു പെട്ടിട്ടില്ല. സത്യമാണിതു്, അതിസുന്ദരംതന്നെ. ഈ രൂപം സത്യത്തിൽ കാണാമോ? രാധാകൃഷ്ണദർശനം ലഭിക്കുമോ?

സോമഗിരി: കൃഷ്ണകൃപയുണ്ടെങ്കിലെല്ലാം സാധിക്കും.

വില്വമംഗൽ: കൃഷ്ണനെ എവിടെക്കാണാം?

സോമഗിരി: കൃഷ്ണനെ വിളിക്കു. അദ്ദേഹം എവിടെക്കാണും എന്നു് അദ്ദേഹംതന്നെ പറഞ്ഞുതരും.

വില്വമംഗൽ: അങ്ങു് ആരാണു്? എന്റെ മൃതഹൃദയത്തിലാശ ഉണർത്തിയ അങ്ങാരാണു്? ഗുരുദേവാ, അങ്ങയുടെ ചരണങ്ങളെ ഞാനാശ്രയിക്കുന്നു.

സോമഗിരി: അങ്ങു് ആകുലനാകേണ്ട. കൃഷ്ണൻ അങ്ങയ്ക്കു്

ആശ്രയം നല്കിയിരിക്കുന്നു. ഇന്നു് എൻെറ ആഗ്രഹത്തെ സഫലമാക്കു.

വില്വമംഗൽ: ഇവിടെ അങ്ങയെ കാട്ടിയ സ്ഥിതിക്കു് എന്നെ കാലുകൊണ്ടു് തട്ടി ഉപേക്ഷിക്കരുതു്. അങ്ങയുടെ സാമീപ്യത്തെ ഞാനൊരിക്കലും ഉപേക്ഷിക്കയില്ല. അങ്ങാണു് എൻെറ ഭഗ്നഹൃദയത്തിനു് ആശ ഉദിപ്പിച്ചതു്. എപ്പോഴെങ്കിലും എൻെറ ആശ പൂൎണ്ണമാകുമെങ്കിൽ അതു് അങ്ങയുടെ കൃപകൊണ്ടാണു്.

(രണ്ടുപേരും പോകുന്നു.)

യവനിക

## ദൃശ്യം രണ്ടു്

[ചിന്താമണിയുടെ വീട്ടുവരാന്ത. ചിന്താമണിയും താകയും ഇരിക്കുന്നു.]

താക: കൊച്ചമ്മ അദ്ദേഹത്തെ സ്നേഹിക്കുന്നുവെന്നു് എനിക്കറിയാം. സ്നേഹിക്കുന്നതുകൊണ്ടാണെപ്പോഴും ശകാരിക്കുന്നതെന്നു പറയുമായിരിക്കും നിങ്ങൾ. അതു ശരിയാണോ? ഉണ്ടില്ല, കുളിച്ചില്ല, രാപകൽ വിചാരവും. അദ്ദേഹം പോയെങ്കിൽത്തന്നെ മററാരെയും കിട്ടുകയില്ലേ? അല്ലെങ്കിലും അദ്ദേഹം അങ്ങനെ കോപിച്ചു് എവിടെപ്പോകാനാണു്? വല്ലതും ഒരു പത്തോ പതിനഞ്ചോ ദിവസം. കൂടിപ്പോയാൽ ഒരു മാസംവരെയാവട്ടെ.

ചിന്താമണി: താകാ, നീ അദ്ദേഹത്തെ അറിയുന്നില്ല. അദ്ദേഹത്തിൻെറ ശ്രദ്ധമുഴുവൻ എന്നിൽ മാത്രമായിരുന്നു. ദാ, ഇപ്പോൾ മൂന്നു ദിവസമായില്ലേ അദ്ദേഹത്തെ കണ്ടിട്ടു്? ഖിന്നതേക്കുമായി എന്നെ ഉപേക്ഷിച്ചുപോയതായിരിക്കും.

താക: പോയെങ്കിൽ പോട്ടെ. അമ്മ സുഖമായിരിക്കണം. അദ്ദേഹത്തിൻെറ വീട്ടിലെ രണ്ടാമൻ എന്നെ എത്ര പ്രാവശ്യം സമീപിച്ചുവെന്നോ! പക്ഷേ, ഞാനയാൾക്കു ചെവികൊടുക്കപോലും ചെയ്തില്ല. വേണമെങ്കിൽ രണ്ടു വീടുപോലും നിങ്ങളുടെപേക്കെഴുതിത്തരാൻ അയാൾ തയാറാണു്.

ചിന്താമണി: അദ്ദേഹം ഞാൻ കാരണം സവ്വത്യാഗിയായി. അതുകൊണ്ടു് ഞാനുമിനി എല്ലാമുപേക്ഷിച്ചു പോകാനാഗ്രഹിക്കുന്നു.

താക: ങ്ഹ! അദ്ദേഹത്തിനു വീടുമുണ്ടു് കൂട്ടുമുണ്ടു്. എന്തിനതെല്ലാം ഉപേക്ഷിച്ചു് സവ്വത്യാഗിയാകണം അദ്ദേഹം! നിങ്ങൾക്കതൊന്നും അറിഞ്ഞുകൂടാ. പുരുഷന്മാരുടെ ഒരു വശമാണതു്.

ചിന്താമണി: എന്നോടു കോപിക്കുക മാത്രമാണെങ്കിൽ സ്വന്തം വീട്ടിലെങ്കിലും പോയി താമസിക്കുമായിരുന്നു. കേൾക്കു്, ചിലക്കു വൈരാഗ്യം ഉദിക്കുമെന്നു ഞാൻ കേട്ടിട്ടുള്ളതു് ഇത്തരത്തിലാണു്.

താക: അദ്ദേഹം വിരക്തനാകുമെന്നു നിങ്ങൾ ധരിക്കുന്നു, അല്ലേ? അത്തരം ആളൊന്നുമല്ല.

ചിന്താമണി: ഇന്നെൻെറ കണ്ണുതുറന്നു. സ്നേഹമെന്നതു് വെറും ഒരു പദം മാത്രമാണെന്നു ഞാൻ കരുതി. അതു തെറു്. സ്നേഹം എന്നൊന്നുണ്ടു്. ഒരു ദിവസംപോലും ഞാനദ്ദേഹത്തോടൊരു സ്നേഹവാക്കുപോലും പറഞ്ഞിട്ടില്ല. കോപിച്ചു ഞാൻ കതകുപൂട്ടി കിടന്നുറങ്ങിയാൽ രാത്രി മുഴുവൻ അദ്ദേഹം വെളിയിൽ കാത്തുനില്ക്കും. എനിക്കു ശല്യമുണ്ടാകുമെന്നു കരുതി വിളിക്കുകപോലുമില്ല. എൻെറ കണ്ണു നനഞ്ഞുപോയെങ്കിൽ അദ്ദേഹത്തിൻെറ ഹൃദയം പിളന്നുപോകും. അദ്ദേഹം

മാത്രമെ എനിക്കു സ്വന്തമായുണ്ടായിരുന്നുള്ളുവെന്നു് ഞാനിപ്പോൾ മനസ്സിലാക്കുന്നു. അദ്ദേഹത്തെ ഞാൻ തന്നെ കാലുകൊണ്ടു തട്ടിയകററി.

താക: അമ്മാ, ഈ ലോകത്താർക്കാണാരെങ്കിലുമുള്ളതു്? സ്വന്തമായിട്ടാരെങ്കിലുമുണ്ടോ? വയറുവിഷമിപ്പിക്കാതിരിക്കാൻ കൂട്ടായി ജീവിക്കുന്നെന്നേയുള്ളു. കണ്ണാടി നോക്കിക്കൊണ്ടു നിങ്ങൾ കോപിച്ചാൽ അതിലെ രൂപവും കോപിക്കും. നിങ്ങൾ ചിരിച്ചാലതും ചിരിക്കും. ഈ വയറാണു് ഒരാളെ മറെറാരാൾക്കു സ്വന്തമാക്കുന്നതു്.

ചിന്താമണി: സ്വന്തമാക്കാൻ പററില്ല. യഥാൎത്ഥത്തിൽ സ്വന്തമാക്കിയാൽ എല്ലാം ശരിയായി. താകാ, സത്യം പറയട്ടെ, എനിക്കു സ്വന്തമായിട്ടൊരു മനുഷ്യനെ കിട്ടിയിരുന്നു. വേണമെങ്കിലെനിക്കു സുഖമായി ജീവിക്കാം. പക്ഷേ, ഇന്നെനിക്കു സ്വന്തമായിട്ടാരുമില്ല. ഞാനൊരു രാജ്ഞിയെപ്പോലെ കഴിയാമായിരുന്നു. എന്നാലിന്നു പഴയപോലെ ഒരു വേശ്യ. അസഹ്യയായ വേശ്യ.

താക: 'ആരുമില്ല ആരുമില്ല' എന്നിങ്ങനെ പറയരുതു്. ഈശ്വരനുണ്ടു്. പിന്നെന്തിനാണു സങ്കടം.

ചിന്താമണി: ഹരി ഈ പാപിയോടു കൃപ കാട്ടുമോ? അദ്ദേഹം പ്രേമമയനാണെന്നു കേട്ടിട്ടുണ്ടു്. ഞാനോ പ്രേമഹീനയായ വേശ്യ. ഇന്നുവരെ എനിക്കു പ്രേമിക്കാനറിഞ്ഞുകൂടാ. പ്രേമത്തെ സ്വീകരിക്കാനുമറിഞ്ഞുകൂടാ. എൻെറ വ്യഭിചാരനയനങ്ങൾക്കു് എങ്ങനെയാണു് പ്രേമം കാണാൻ സാധിക്കുക? എന്നാൽ താക, എൻെറ കുട്ടിക്കാലത്തെപ്പററി ഓൎമ്മ വരുന്നു. ഞാൻ എപ്പോഴും ഇങ്ങനെയായിരുന്നുവോ? കത്തിജ്ജ്വലിച്ചു

കരിക്കട്ടയായി മാറിയതല്ലേ ഞാൻ. അന്നു് എൻെറ ഹൃദയം എന്തെല്ലാമാഗ്രഹിച്ചിരുന്നു! അതെല്ലാം ഇന്നെവിടെ? ഞാനെത്രപേരെ വേദനിപ്പിച്ചു. ഭഗവാനേ! ഞാൻ വേദനയറിഞ്ഞിട്ടുമില്ലേ. ഞാനും വലിയ വേദന അനുഭവിച്ചിട്ടുണ്ടു്. എന്നാലതു വിലപമംഗൽ വേദനിച്ചപോലെയല്ല. അദ്ദേഹം എന്നെ സർവ്വസ്വമായി കരുതിയിരുന്നു. ഒടുവിൽ കാളസർപ്പമെന്നും മനസ്സിലാക്കി. അദ്ദേഹത്തിനു പ്രേമത്തെ അറിയാം. പ്രേമമയൻെറ കൃപ അദ്ദേഹത്തിനു കിട്ടും. എൻെറ ഹൃദയം വെറും മരുഭൂമിയാണു്. അതങ്ങനെതന്നെ ഇരിക്കയും ചെയ്യും.

താക: സകലതിലും നിങ്ങൾക്കു് അതിരിക്കയേയുള്ളു. ഒരുത്തൻ പോയി. അത്രേം നല്ലതെന്നു വിചാരിക്കണം. മററൊരാളെ തേടണം. എനിക്കിതൊന്നും സാധിക്കുകില്ല.

ചിന്താമണി: ങ്ഹാ, താകാ, ആ ഭ്രാന്തിയുടെ കാര്യം വല്ലതുമറിയാമോ?

താക: ഓഹോ, അവൾ അച്ഛനും അമ്മയും മരിച്ചുപോയ ഒരു കുലീനയായിരുന്നു. ചിററമ്മ വളർത്തിയെടുത്തു് ഒരുവനു കല്യാണംകഴിച്ചു കൊടുത്തു. കല്യാണദിവസംതന്നെ ആ ഭർത്താവു മരിച്ചു. അതിനുശേഷം അവൾ ഭ്രാന്തിയായിത്തീർന്നു.

ചിന്തമാണി: നീയതെങ്ങനെയറിഞ്ഞു?

താക: ഞാനതറിയുകില്ലേ? എൻ്റെ വീട്ടിനടുത്തിവളങ്ങനെ കറങ്ങിക്കൊണ്ടിരിക്കുമാരുന്നു. അവളുടെ ഭർത്തൃസഹോദരന്മാർ അവളെ പിടിച്ചു് അടിച്ചിരുന്നു. ദാ, അവൾ വരുന്നു.

(ഭ്രാന്തി പ്രവേശിക്കുന്നു.)

ഭ്രാന്തി: അമ്മേ, നീ വ്യാകുലപ്പെടാതിരിക്കൂ. നിനക്ക് ഹരികൃപയുണ്ടാകും. അദ്ദേഹം സകലരേയും അനുഗ്രഹിക്കുന്നു. പക്ഷേ, എന്നിൽ വളരെ നിർദ്ദയനാണ്. അമ്മാ, ലജ്ജിക്കുന്നു, ലജ്ജിക്കുന്നു. അദ്ദേഹത്തിനെന്നെ കാണാൻ വയ്യ.

(പാടുന്നു.)

എന്നെ വലയ്ക്കുയാണദ്ദേഹമെപ്പൊഴും
കൂട്ടുചേർന്നോന്നുട്ടത്തെത്തുകയാൽ
എന്തു ലഹരിയാണെന്തിനോ കൂട്ടരോ-
ടൊത്തു ലഹരി പിടിപ്പിക്കയായ്
സാരശൂന്യം ദേഹമെന്നറിയുന്നു ഞാ-
നാശിപ്പതുണ്ടു മരിച്ചീടുവാൻ.
സർപ്പം കുഴത്തിലുണ്ടംഗംമുഴവനും
ചാരമാണെ,ങ്ങനെ കൂട്ടുചേരും?

ചിന്താമണി: അമ്മാ, നിങ്ങളാരാണ്? നിങ്ങൾ സാക്ഷാൽ ജഗദംബതന്നെയാണോ?

ഭ്രാന്തി: അതേയമ്മാ, ഞാനാ ഭാഗ്യഹീനതന്നെ. ആ ഭാഗ്യഹീന. കാണുന്നില്ലേ, എല്ലാമതുതന്നെ, എല്ലാം. നിങ്ങളൊരു വാക്കുപോലും പറയരുത്. മൗനമായിരിക്കുക. അമ്മാ ലജ്ജിക്കുന്നു. അമ്മാ ലജ്ജിക്കുന്നു.

ചിന്താമണി: അമ്മാ, നിങ്ങളെന്തുപറയുന്നു. ഇതുകേട്ട് ഞാനടിമുടി വിറയ്ക്കുന്നു. നിങ്ങളാരാണ്?

ഭ്രാന്തി: ഞാൻ ഒരു ഭ്രാന്തിപ്പെണ്ണാണ്. ഞാൻ നിൻെറ മകൾ. നീയും ഭ്രാന്തി. ഞാനും ഭ്രാന്തി.

ചിന്താമണി: (സ്വഗതം) എൻെറ കല്ലുപോലത്തെ ഹൃദയം വിറയ്ക്കുന്നതെന്താണ്. അന്യരുടെ വാക്കു കേട്ട് നീ ഇതുവരെ ഇങ്ങനെ വിറച്ചിട്ടില്ല. മനസ്സേ, ഇതു നിന്റെ

വഞ്ചനയാണു്. വേശ്യയല്ലേ നീ. വേഷഭൂഷാപരായണയായ നീ മലിനവസ്ത്രം ധരിക്കാനാഗ്രഹിക്കുമോ. എന്താ നിനക്കിത്ര വഞ്ചന? നീ പണം സമ്പാദിച്ചതു് ആക്കുവേണ്ടി. ദേഹം പണയംവെച്ചു് ആക്കുവേണ്ടിയാണീ കാഞ്ചനം സഞ്ചയിച്ചതു്? ആക്കുവേണ്ടിയാണീ പ്രാണനെ നീ കൊടുക്കാതിരുന്നതു്. ഇതൊരു പുതിയ പാഠമാണു്. അന്യൻ ഒരിക്കലും സ്വന്തമായിവരികില്ല. ഇതെന്നും അറിയൂ മനസ്സേ! പോയിക്കഴിഞ്ഞ ദിവസങ്ങളിനി തിരിച്ചുവരില്ല ഹൃദയമേ! (ഭ്രാന്തിയോടു്) അമ്മാ, ഇങ്ങനെ അലഞ്ഞുനടക്കുന്ന നീ ആരാണു്.

ഭ്രാന്തി: അമ്മാ, ഞാൻ പോകുന്നു. നേരമായി.

ചിന്താമണി: അമ്മാ, നീ എൻെറ മകളാണെന്നു പറഞ്ഞില്ലേ? ഞാൻ നിന്നെ ആഭരണങ്ങൾ അണിയിക്കട്ടെ. (മാല ധരിപ്പിക്കുന്നു.)

ഭ്രാന്തി: ഇട്ടുകൊള്ളൂ. ഇട്ടു... (പോകുന്നു.)

താക: അവൾ പൊയ്ക്കളഞ്ഞല്ലോ.

ചിന്താമണി: താകാ, പോകാം. നമുക്കു വീട്ടിലേക്കു പോകാം. (പോകുന്നു.)

താക: ങ്ങ്, അമ്മയ്ക്കു ഭ്രാന്തുപിടിച്ചിരിക്കുന്നു.

(സന്യാസി പ്രവേശിക്കുന്നു.)

സന്യാസി: താക, താക!

താക: എന്താണതു്, എന്താ? ഹോ, എന്റെ തല ചുറ്റുന്നു.

സന്യാസി: കൃഷ്ണപ്രേമത്തെക്കുറിച്ചു കേൾക്കാനിപ്പോൾ സമയമുണ്ടോ?

താക: കുറെ രൂപാ കൊണ്ടുവരൂ, നോക്കട്ടെ. അപ്പോൾ സമയമുണ്ടു്.

സന്ന്യാസി: അങ്ങനെയല്ല. വിശുദ്ധമായ കൃഷ്ണപ്രേമം കഴുത്തിലെ വനമാലയാണ്.

താക: (സ്വഗതം) നില്ക്കുക, ഒരു സൂത്രം പ്രയോഗിക്കാം. കൊച്ചമ്മയ്ക്കാണെങ്കിൽ ഭ്രാന്തുപിടിച്ചിരിക്കുന്നു. എല്ലാം വല്ലവർക്കും കൊടുത്തിട്ടു പൊയ്ക്കളയും. ഇയാളെ കൊണ്ടുപോയി വല്ലതും സമ്പാദിച്ചാലെന്താണ്? അവൾ, ഒരു ത്യാഗിയാണെന്നു കരുതി വല്ലതും കൊടുക്കാമോ എന്നു നോക്കാം. (പറയുന്നു) വീട്ടിലെ കൊച്ചമ്മയെ നിങ്ങൾക്ക് അതെല്ലാം കേൾപ്പിക്കാമോ?

സന്ന്യാസി: ഓഹോ. പക്ഷേ, നിങ്ങളെ കേൾപ്പിക്കാനാണെനിക്കാഗ്രഹം.

താക: പറയട്ടെ ഞാൻ. നിങ്ങളുടെ വിദ്യയെല്ലാം മനസ്സിലാക്കിക്കഴിഞ്ഞു. കൊച്ചമ്മയെ നിങ്ങൾ അമ്മായെന്നു വിളിക്കുമോ? ഈ വേഷമൊന്നും പോരാ. ഭ്രാന്തൻെറ വേഷം കെട്ടണം. ഈശ്വരനെപ്പററി എല്ലാം പറയാൻ നിങ്ങൾക്കറിയാമല്ലോ. നിങ്ങളെ ഞാൻ നമസ്കരിക്കാം. പക്ഷേ, ഒരു കാര്യംമാത്രം. എന്തെല്ലാം അവൾ നിങ്ങൾക്കു തരുന്നുവോ അതിൻെറ പത്തിലൊന്ന് എടുത്തിട്ട് ബാക്കി മുഴുവനിങ്ങു തരണം. കേട്ടോ?

സന്ന്യാസി: താകാ, ഇതുകൊണ്ടുതന്നെയാണ് ഞാൻ നിന്നെ ഇഷ്ടപ്പെടുന്നത്. ഞാൻ നിങ്ങളെ കൃഷ്ണപ്രേമം മനസ്സിലാക്കിത്തരുന്നുണ്ട്, തീർച്ച.

താക: നിങ്ങൾക്കു മററാരെങ്കിലുമുണ്ടോ?

സന്ന്യാസി: (ഇടറിയസ്വരത്തിൽ) ആരുമില്ല താക, ആരുമില്ല.

താക: അപ്പോൾ കിട്ടുന്നതെല്ലാം എനിക്കു തരാമെന്നേററല്ലോ.

സന്യാസി: എൻെറ പ്രാണൻപോലും തരാം. താകാ, എൻെറ പ്രാണൻപോലും.

താക: കേൾക്കു, നമുക്കു രണ്ടു സ്ഥലങ്ങളിൽ താമസിക്കാം. നിങ്ങളുടെ സ്ഥലത്തു ചട്ടിമാത്രം വച്ചാൽ മതി. വസ്തുങ്ങളും മററുമെല്ലാം എൻെറ വീട്ടിൽ സൂക്ഷിക്കാം. അങ്ങനെ എന്നോടൊത്തു കഴിയാൻ സാധിക്കുന്നില്ലെങ്കിൽ ഒറ്റമുണ്ടുമായി ഇറങ്ങി പോയേക്കണം. എന്നോടു തീർത്തു പറയൂ.

സന്യാസി: അങ്ങനെതന്നെയാവട്ടെ താകാ. അങ്ങനെ തന്നെ.

താക: സന്ധ്യയാകുമ്പോൾ വരണം. അവരെ കളിപ്പിച്ച് എങ്ങനെ ആദായമുണ്ടാക്കണമെന്നതെല്ലാം ഞാൻ പഠിപ്പിച്ചുതരാം. പക്ഷേ, ഇപ്പോഴത്തെ വസ്തുങ്ങളും മററും ധരിച്ചുകൊണ്ടു വരരുത്. ഒരു കീറിയ മുണ്ടുടുത്ത് ഒരു ഭ്രാന്തനെപ്പോലെ വരണം.

*(അണിയറയിൽ)*

ചിന്താമണി: താകേ!

താക: വരുന്നു അമ്മാ, വരുന്നു. (സന്യാസിയോടു്) സന്ധ്യക്കു വരൂ, എനിക്കിപ്പോ വേറെ ജോലിയുണ്ടു്. (പോകുന്നു.)

(ഭിക്ഷു പ്രവേശിക്കുന്നു.)

ഭിക്ഷു: എന്തുപററി?

സന്യാസി: എന്തുപററാൻ? സന്ധ്യക്കു് ഒന്നുകൂടി വന്നു ശ്രമിച്ചുനോക്കണം. വല്ലതും സാധിക്കുമോ എന്നപ്പോഴറിയാം.

ഭിക്ഷു: എന്തു പറഞ്ഞു?

സന്യാസി: നിങ്ങൾ പറഞ്ഞതു ശരിതന്നെ. "പണവും കൊണ്ടു വന്നാൽമതി."

ഭിക്ഷു: മനസ്സിലായോ? എന്നാൽപ്പിന്നെ സന്ധ്യക്കു വെറുതെ വരുന്നതെന്തിനു്?

സന്യാസി: ഒരു തവണകൂടി നോക്കാം.

ഭിക്ഷു: അതല്ല. നിങ്ങൾ തുറന്നു പറയുന്നില്ല. നിങ്ങൾ രണ്ടുപേരുംകൂടി രഹസ്യമായി എന്തോ പറയുന്നതു് ദൂരെനിന്നു് ഞാൻ കണ്ടു.

സന്യാസി: എന്തു രഹസ്യം! നമുക്കു നോക്കാം. ഇവിടെ നിന്നു പോകാം. നിങ്ങളോടു് ഞാൻ പറഞ്ഞില്ലേ? ആരും നിങ്ങളെ തിരിച്ചറിയുകില്ലായിരുന്നു. നിങ്ങൾ ശിഷ്യനായി എന്റെകൂടെ വന്നില്ലല്ലോ.

ഭിക്ഷു: മനസ്സിലായി. കാര്യം പിഴച്ചിരുന്നാൽ ആദ്യം തന്നെ എന്നെ ശകാരിച്ചിരുന്നേനെ. നിങ്ങൾ എന്നെ ഇപ്പോൾ കുററപ്പെടുത്തുന്നെങ്കിലും യാതൊരു വ്യാകുലതയും നിങ്ങൾക്കില്ല. ഇവൻ വരാതിരുന്നതു നന്നായി എന്നു നിങ്ങൾ കരുതുന്നുണ്ടായിരിക്കാം. ങ്, ഇപ്പോൾ പൊയ്ക്കൊള്ളൂ. പക്ഷേ, പകുതി തന്നില്ലെങ്കിലപ്പോക്കാണാം.

സന്യാസി: ഞാനത്തരക്കാരനല്ല. ങ്ഹ, സന്ധ്യയ്ക്കു് എന്നെ കാണാൻ സാധിക്കയില്ല. എവിടെക്കാണും, എവിടെപ്പോകും എന്നെനിക്കുതന്നെ രൂപമില്ല. (പോകുന്നു.)

ഭിക്ഷു: കൊള്ളാം. സന്ധ്യയ്ക്കു് ഞാൻ നിങ്ങളുടെ പുറകേ തന്നെയുണ്ടു്. (അടുത്തു ഭ്രാന്തിയെ കണ്ടിട്ടു്) ആഹാ! അവൾക്കു് ആഭരണങ്ങളെവിടുന്നു കിട്ടി? ചിന്താമണിയുടേതുപോലിരിക്കുന്നു. എങ്ങനെയാണതു് അടിച്ചെടുക്കുക.

(ഭ്രാന്തി പ്രവേശിക്കുന്നു.)

ഭ്രാന്തി: നോക്കു, നിങ്ങൾ എന്റെ വെണ്ണ മോഷ്ടിച്ച ഗോപാലനാണ്. കുഞ്ഞേ വേണോ, കളിച്ചുകൊള്ളൂ. (മാല ഊരി കൊടുക്കുന്നു.)

ഭിക്ഷു: (സ്വഗതം) ഇവൾ സി. ഐ. ഡി.യാണോ? (പറയുന്നു) വേണ്ടമ്മാ, എനിക്ക് എന്തുപയോഗത്തിനാണിതു്?

(ഭ്രാന്തി പോകുന്നു.)

പോലീസല്ല, ഭ്രാന്തിയാണ്. (മാല വാങ്ങി അല്പം നടന്നിട്ട്) ദാ ആ ഇലകൾ നീങ്ങുന്നല്ലോ. ആരോ വരുന്നെന്നു തോന്നുന്നു. (ആഭരണങ്ങൾ ഒരുമിച്ചെടുത്ത്) ഇതു വില്ക്കാൻ സാധിച്ചാൽ എനിക്കൊരു നല്ല പണക്കാരനാകാം.

യവനിക

## ദൃശ്യം മൂന്നു്

[ഒരു തടാകത്തിനടുത്ത് സോമഗിരിയും ശിഷ്യനും എത്തുന്നു]

സോമഗിരി: പോകാം. ഇന്നു നമുക്ക് വൃന്ദാവനത്തിലേക്കു പോകാം.

ശിഷ്യൻ: പ്രഭു, ഏതോ മഹാപുരുഷനെ കാണാനാണിവിടെ വരുന്നതെന്നല്ലേ പറഞ്ഞതു്. എന്നിട്ടദ്ദേഹം എവിടെ?

സോമഗിരി: എനിക്കദ്ദേഹത്തെ കാണാൻ കഴിഞ്ഞു. നിങ്ങൾ കണ്ടില്ലേ?

ശിഷ്യൻ: എന്തു്? പ്രഭുവിനെ ഞാൻ കണ്ടില്ലല്ലോ.

സോമഗിരി: വില്വമംഗലിനെ കണ്ടില്ലേ?

ശിഷ്യൻ: പ്രഭൂ, അങ്ങെന്താണു പറയുന്നതു്? ഒരു ലമ്പടനെ കാണാനാണോ അങ്ങിവിടെ വന്നതു്? അയാൾ വേശ്യയുടെ തിരസ്കാരംകൊണ്ടു വിരക്തനായതാണ്. അതെത്ര കാലം നിലനില്ക്കുമെന്നു പറയാൻ പറ്റുകില്ല.

സോമഗിരി: കാമിനിയും കാഞ്ചനവും! ഒരേ മായ രണ്ടുരൂപങ്ങളിൽ ആകർഷിക്കപ്പെടുന്നു. വിഷമബന്ധനത്തിൽപ്പെട്ടു് മനുഷ്യൻ മോഹിതനാകുന്നു. കാമിനീകാഞ്ചനങ്ങളെ ഉദ്ദേശിച്ചു് നിരഞ്ജനനായ ഈശ്വരനെ അന്വേഷിക്കുന്നതാരാണ്? ഈ ബന്ധനങ്ങളെ തകൎക്കുവാനാരാണുള്ളതു്? എന്നാൽ ആ മഹാൻ ഈശ്വരനെത്തന്നെ ആവശ്യപ്പെടുന്നു. പ്രേമത്തിനുവേണ്ടി ഒരു വേശ്യയെ ഉപാസിച്ചു. നിഷ്ഫലമായ ആഗ്രഹം. ചെറിയ ഒരു പാത്രത്തിൽ കൊള്ളുന്നതാണോ പ്രേമം. സ്വാൎത്ഥശൂന്യവും പ്രേമലുബ്ധവുമാണ് വില്വമംഗലന്റെ മനസ്സു്. ആ പ്രേമോന്മത്തനായ പ്രേമികൻ, പ്രേമമയനെ ആഗ്രഹിച്ചു് ഈ ലോകത്തെപ്പോലും വെറുക്കുന്നു. അതിതീവ്രമായ വൈരാഗ്യം അദ്ദേഹത്തിനുണ്ടായിരിക്കുന്നു. അതുകൊണ്ടു് ഉന്മത്തനെന്നു തോന്നുന്ന വില്വമംഗൽ ഏകാഗ്രചിത്തനായി ഈശ്വരനെ വിളിക്കുന്നു.

ശിഷ്യൻ: പ്രഭു, എൻെറ സംശയം തീൎന്നില്ല. കൃപചെയ്തു പറഞ്ഞാലും. കാമിനീകാഞ്ചനത്തെ വൎജ്ജിച്ചു് ലക്ഷക്കണക്കിനു കാണുന്ന സന്യാസിമാരേക്കാൾ ഇദ്ദേഹത്തിനെന്താ പ്രത്യേകത?

സോമഗിരി: വത്സ! മായയുടെ ആശ്ചൎയ്യകരമായ ലീല നീ അറിയുന്നില്ല. ചിലർ ധനത്തിനുവേണ്ടി ജഡയും ധരിച്ചു് സന്യാസിവേഷം കെട്ടുന്നു. മററു ചിലർ

സ്ത്രീകളുമായി വിഹരിക്കുന്നു. മററു ചിലർ കീർത്തിക്കായി സന്ന്യാസിയാകയും വേറെ ചിലർ തങ്ങളുടെ അഷ്ടസിദ്ധിപ്രദർശനത്തിനു വേഷംധരിക്കയും ചെയ്യുന്നു. പക്ഷേ, അഹേതുകമായ ഭക്തിയുടെ വികാസം ലോകത്തിൽ അതിവിരളമായി മാത്രം കാണുന്നു. ഈ മഹാൻ ശ്രീകൃഷ്ണപാദത്തിൽ പ്രാണനെ അർപ്പിച്ചിരിക്കയാണ്. മാനമോ അപമാനമോ സുഖമോ ദുഃഖമോ ഒന്നും അദ്ദേഹം ഗണിക്കുന്നില്ല. കൃഷ്ണനെ മാത്രമാണ് അദ്ദേഹം ആഗ്രഹിക്കുന്നത്. അതിനുകാരണം അദ്ദേഹത്തിനറിഞ്ഞുകൂടാ. ഈ പ്രേമം വൃന്ദാവനത്തിൽ മാത്രമേയുള്ളു. അതിനു സമമായി മറെറാന്നുമില്ല. അദ്ദേഹം ഒരു വേശ്യയെ കാമിച്ച് ശവത്തെ ആലിംഗനം ചെയ്തു. കാളസർപ്പത്തെ അനായാസമായി പിടിച്ച് മതിലിൽ കയറി. അദ്ദേഹം ഇനി ഈശ്വരനുവേണ്ടി എന്തുതന്നെ ചെയ്കയില്ല!

ശിഷ്യൻ: അത്ഭുതകരമായ ഈ തത്വം എനിക്കൊട്ടും മനസ്സിലാകുന്നില്ല. അങ്ങ് സാധുജനദർശനത്തിനായി കാശി വിട്ടപ്പോഴും വില്വമംഗൽ വേശ്യാപ്രേമത്തിൽ മുഴുകിയിരിക്കയായിരുന്നു. പിന്നീട് അല്പദിവസം മുമ്പ് പ്രേമത്തിനു തടസ്സം വന്നപ്പോൾ വൈരാഗ്യം തോന്നി. തുറന്നുപറയൂ ഗുരുദേവാ, ഭാവിയെന്തെന്ന് അങ്ങേക്കറിയാമോ?

സോമഗിരി: എനിക്കു യാതൊന്നുമറിഞ്ഞുകൂടാ. ഭഗവാൻ സർവ്വജ്ഞനാണ്. അദ്ദേഹം തൻെറ നിയമംകൊണ്ടു രണ്ടു ഹൃദയങ്ങളെ അപൂർവ്വബന്ധത്തിൽപ്പെടുത്തുന്നു. സമുദ്രവിസ്തൃതിയേയും ലംഘിപ്പിച്ചവയെ സമ്മേളിപ്പിക്കുന്നു. ആ ജീവിതത്തിൻെറ ഉയർച്ച ഒരു വിഷയിക്കെങ്ങനെ മനസ്സിലാകും? മതം, യുക്തി, അഭി

മാനം തുടങ്ങിയവ ഏതിന്റ്റ് അവന്റെ പ്രാണൻപറ യുന്നതു കള്ളമാണെന്നും ഗ്രഹിപ്പിക്കും. ഈശ്വരകൃപ യാൽ ഞാൻ സ്വാർത്ഥശൂന്യമായ ഒരു ഹൃദയത്തിൽ യാതൊന്നുമുദിക്കയില്ലെന്നു മനസ്സിലാക്കി. യാദൃച്ഛിക മായി ബംഗാളിൽവച്ച് ഒരു സന്യാസിയുമായി കൃഷ്ണൻ എന്നെ കൂട്ടിമുട്ടിക്കുമെന്ന് എനിക്കു തോന്നി. വത്സാ, സത്യം, മിഥ്യ ഇവയെല്ലാം ഹൃദയത്തിലെ ഭാവം മാത്രം.

ശിഷ്യൻ: പ്രഭോ, അങ്ങു ഗുരുവും അയാൾ ശിഷ്യനുമാ ണ്. എന്നിട്ടും വില്വമംഗലന് ഇത്ര മഹിമയോ?

സോമഗിരി: ആരാണു ഗുരു? ആരാണു ശിഷ്യൻ? ശിവനും രാമനും പരസ്പരം ഗുരുശിഷ്യന്മാരാണ്. സനാതനൻ തന്നെയാണ് ജഗത്ഗുരു.

ശിഷ്യൻ: അങ്ങനെയാണെങ്കിൽ ഗുരുശിഷ്യബന്ധം എന്താണ്?

സോമഗിരി: ഈ ലോകം സന്ദേഹാകാരമാണ്. ഈശ്വ രൻ ഇന്ദ്രിയങ്ങൾക്ക് അഗോചരനാണ്. ചിലർ ഈശ്വരനെ തക്കയുക്തികൾ ഉപയോഗിച്ച് അനുമാ നിക്കുന്നു. ആ തീർച്ചകളെല്ലാം സന്ദേഹതിമിരത്താൽ മൂടപ്പെട്ടുന്നു. ഈശ്വരനുവേണ്ടി ഏററവും വ്യാകുല പ്പെട്ടുന്ന മനസ്സിൽ ശ്രീനിവാസൻ സദയനാകുന്നു. അ പ്പോൾ അയാളുടെ ആഗ്രഹം സഫലമാകുന്നു. ആരോ ഭഗവത്ഭാവത്തിൽ അവന് ആശനല്കുന്നു. വിശ്വാ സം വികസിക്കുന്നു. അതു് ഈശ്വരവാക്യമാണെന്ന് അവൻ ഗ്രഹിക്കുന്നു. അദ്ദേഹം നിമിത്തഗുരുവും ആ യിത്തീരുന്നു. ഇവിടെ ഞാൻ അല്പനായ നിമിത്തഗുരു ആയിത്തീരുന്നു. ഈശ്വരനാണ് വിശ്വാസം നല്കുന്ന തു്. അദ്ദേഹം വാഗ്രൂപത്തിൽ വിരാജിക്കുകയാണ്.

എന്നാൽ കേൾക്കു, ഞാൻ അദ്ദേഹത്തിന്റെ ഗുരുവല്ല. വില്വമംഗൽ എന്റെ ഗുരുവാണ്. ആ മഹാൻ പ്രേമികനാണ്. ഞാൻ പ്രേമഹീനനും. എത്രനാൾ കഴിഞ്ഞാലാണ് എനിക്കാ പ്രേമം കിട്ടുക? വത്സ! വരൂ.

(ഇരുവരും പോകുന്നു. വില്വമംഗൽ പ്രവേശിക്കുന്നു.)

വില്വമംഗൽ: മനസ്സേ, നീ ഒരുവിധത്തിലും ഏകാഗ്രമാകയില്ലേ? കൊള്ളാം. പൊയ്ക്കൊള്ളൂ. ഇഷ്ടമുള്ളിടത്തേക്കു പൊയ്ക്കൊള്ളൂ. എത്രനേരം ചുററിത്തിരിയുമെന്നു നോക്കട്ടെ. നാക്കേ, നീയും ഭഗവന്നാമം ഉച്ചരിച്ചുകൊള്ളൂ. (കണ്ണടച്ച് ആസനസ്ഥനാകുന്നു.)

(അഹല്യയും മറെറാരു സ്ത്രീയും പ്രവേശിക്കുന്നു.)

മറെറ സ്ത്രീ: ദാ, നോക്കു ചേച്ചീ, ആ തെണ്ടിയുടെ പണി കണ്ടില്ലേ? പട്ടിയുടെ എച്ചിൽ തിന്നുകയായിരുന്നു അയാൾ.

അഹല്യ: ഹെ, എന്താ പറയുന്നെ? അദ്ദേഹം ഒരു സന്യാസിയായിരിക്കും. അദ്ദേഹം ജപിക്കുന്നതു കണ്ടില്ലേ?

സ്ത്രീ: ചേച്ചി ദേഷ്യപ്പെട്ടുകയാണോ ചേച്ചീ? ഇവനൊരു ഭ്രാന്തനാണ്. (വില്വമംഗലനോട്ട്) ഏയ് കിറുക്കാ! എയ്, നിങ്ങൾക്കു വല്ലതും കഴിക്കണോ?

വില്വമംഗൽ: നാശം! ഇതും നിർജ്ജനസ്ഥാനമല്ല! (കണ്ണു തുറക്കുമ്പോൾ അഹല്യയെ കാണുന്നു) കണ്ണേ, നിന്റെ സ്പർദ്ധ വളരെ കൂട്ടതലാണ്. മൂഢചക്ഷുക്കളുടെ ഭൃത്യനായ മനസ്സേ, നീ എന്താണു കാണുന്നതു്?

സ്ത്രീ: ദാ, നോക്കു അമ്മാ, ആ സന്യാസി നിങ്ങളുടെ മുഖത്തുതന്നെ സൂക്ഷിച്ചുനോക്കുന്ന കണ്ടില്ലേ? ചേച്ചീ, അയാൾ ഒരു കുടിയനായിരിക്കും. കണ്ണു ചുവന്നിരിക്കുന്നു. ഇയാൾ പുറകിനു വരുംമുമ്പ് നമുക്കു പോകാം. (പോകാൻ തുടങ്ങുന്നു.)

വില്വമംഗൽ: (സ്വഗതം) കണ്ണേ, നോക്കു, നീ എത്രനാൾ എന്നെ ഒരു ദാസനാക്കി വച്ചുകൊണ്ടിരിക്കും? (പോകാൻ തുടങ്ങുന്നു.)

സ്ത്രീ: അയാൾ പുറകിനു വരുന്നുണ്ടു ചേച്ചീ.

അഹല്യ: വരുന്നോ? നമുക്കു വേഗം പോകാം.

വില്വമംഗൽ: ഏയ് കണ്ണുകളേ, നിങ്ങളാണ് മന്മഥന്റെ പ്രധാനസേനാപതികൾ. വ്യാജവേഷക്കാരനായ ശത്രുവിനെ നിങ്ങൾ സ്വന്തമെന്നു കരുതി വീട്ടിൽ സ്വീകരിക്കുന്നു. സുഖത്തിനുവേണ്ടി തിരിഞ്ഞു് മൂഢമായ മനസ്സ് ഈ വഞ്ചന മനസ്സിലാക്കാതെ ഈശ്വരസ്ഥാനമായ ഹൃദയത്തിൽ സർപ്പത്തെ കയററുന്നു. അവിടെ അതു മുറിവുണ്ടാക്കും. എങ്കിലും ഈ കണ്ണു വീണ്ടും പ്രലോഭിക്കപ്പെട്ടുന്നു. പ്രാണൻ വെന്തുരുകുന്നു. വീണ്ടും അതിനെ ലാളിക്കുകയാണ്. ആയിരം പ്രാവശ്യം നാണമില്ലാതെ അതു് ആവർത്തിക്കുന്നു. എങ്കിലും കണ്ണുകൾ വഞ്ചിച്ചുംകൊണ്ടു പറകയാണ്, ആശ്വാസം തരുന്നതാണീ ധനമെന്നു്. സംസ്കാരമേ നീ ധന്യംതന്നെ. പക്ഷേ, മനസ്സ്—നീ മൃഗമാണ്. ഞാനെന്തിന് നിന്നെ കുററപ്പെടുത്തുന്നു. മനസ്സേ, നീ പോകുക. എന്റെ കണ്ണുകൾ പോകുന്നിടത്തേക്കു നീയും പൊയ്ക്കൊള്ളൂ. (പോകുന്നു.)

യവനിക

## ദൃശ്യം നാല്

[ചിന്താമണിയുടെ വീട്ടുമുഖം. അകലെയുള്ള മരച്ചോട്ടിൽ ഭിക്ഷു ഒളിച്ചുനില്ക്കുന്നു. താകയും സന്യാസിയും പ്രവേശിക്കുന്നു.]

താക: മുറിയെക്കാളും ഇവിടെയാണു നല്ലതു്. നാലുപുറവും തുറസ്സാണു്. ആർക്കും ഇവിടെ ഒളിഞ്ഞുനിന്നു കേൾക്കാൻ സാദ്ധ്യമല്ല.

ഭിക്ഷു: (സ്വഗതം) നല്ലപോലെ തുറന്നല്ല കിടക്കുന്നതു കുഞ്ഞേ. ഞാനിവിടെ ഒളിഞ്ഞുനില്പുണ്ടു്.

താക: നിങ്ങളെന്തിനാണു് രുദ്രാക്ഷവും മറ്റും ധരിച്ചുകൊണ്ടു വന്നതു്? ഞാൻ പറഞ്ഞില്ലേ, ഒരു ഭ്രാന്തന്റെ വേഷത്തിൽ വരണമെന്നു്?

സന്യാസി: താകാ, നിങ്ങളോടു രഹസ്യമായി ഒന്നു പറയാനുണ്ടു്.

താക: പറയൂ, കേക്കട്ടെ. നിങ്ങളുടെ കൃഷ്ണപ്രേമം തല്ക്കാലം അവിടിരുന്നോട്ടെ. എന്തുചെയ്യാനാ ഭാവം? കൊച്ചമ്മ ഒന്നുംതന്നെ ശ്രദ്ധിക്കുന്നില്ല. തെണ്ടിയായാലും ശരി, സന്യാസിയായാലും ശരി. ആർക്കും രണ്ടുകയ്യും നീട്ടി ദാനംചെയ്യും. ഇപ്പോൾ പോയി എന്തെങ്കിലും കിട്ടാനുള്ള മാർഗ്ഗം നോക്കണം.

സന്യാസി: താകാ!

താക: എന്താ ഒന്നും പറയാത്തതു്?

സന്യാസി: ഇതിന്റെ വേരുതന്നെ നശിച്ചാലെന്താ?

താക: നിങ്ങൾ പറയുന്നതെനിക്കു മനസ്സിലാകുന്നില്ല.

സന്യാസി: ഒന്നും ശ്രദ്ധിക്കുന്നില്ലേ?

താക: നിങ്ങൾ മോട്ടിക്കണമെന്നാണോ പറയുന്നതു്? പക്ഷേ, അവർ പണം വച്ചിരിക്കുന്ന മുറിയുടെ വാതില്ക്കലാണിരിക്കുന്നതു്. വെളിയിലെങ്ങാനും പോണെ

ങ്കിൽ പൂട്ടിക്കൊണ്ടേ പോകയുള്ളു. സന്ധ്യയ്ക്കു് ഒരു തവണ നദിവരെവരെ പോകാറുണ്ടു്. അല്ലെങ്കിലും ചട്ടിംകലോം മോട്ടിച്ചതുകൊണ്ടെന്തു പ്രയോജനം? സ്വർണ്ണമോ വെള്ളിയോ കിട്ടാൻ പെട്ടി തുറക്കാൻ സാധിക്കയില്ല.

സന്യാസി: ഞാൻ പറഞ്ഞതെന്താണെന്നു നിങ്ങൾക്കു മനസ്സിലാകുന്നില്ല. അവൾ തന്റെ ആഹാരങ്ങളിൽ ശ്രദ്ധിക്കുന്നില്ലേ എന്നാണു ചോദിച്ചതു്.

താക: അവർ നോക്കുന്നില്ല. അതൊന്നും ശ്രദ്ധിക്കുന്നില്ല. പിന്നെന്താ ഞാൻ നിങ്ങളോടു പറഞ്ഞുകൊണ്ടിരുന്നതു്?

സന്യാസി: എന്നാൽ വരൂ. എനിക്കിനി ഒരാലോചനയുമില്ല.

താക: എങ്ങനാ? ആളുകൾ വല്ലതും പറഞ്ഞാൽ?

സന്യാസി: പാലിൻെറകൂടെ വിഷം ചേർത്തു്?

താക: ങ്ാ. വിഷം? വിഷമാരുകൊടുക്കും? ഞാൻ കൊടുക്കുകില്ല. നിങ്ങൾ എന്റെ തല കളയാൻ പോകയാണോ?

സന്യാസി: ഭയപ്പെടുന്നതെന്തിനു്? നല്ല ഇരുട്ടാകുമ്പോൾ നമുക്കവളെ ആററിൻകരയിൽ കുഴിച്ചുമൂടാം. അല്ലാ ഇവിടെങ്ങാനും കുഴിച്ചിട്ടാൽത്തന്നെ ആരെന്തു പറയാൻ? എല്ലാക്കുമറിയാം അവൾ ഭ്രാന്തിയായെന്നു്. ഇവിടെനിന്നും എവിടേക്കോ പോയെന്നു് നിനക്കു പറഞ്ഞു പരത്തുകയും ചെയ്യാം.

താക: എന്തു പറയുന്നു? ഹോ! ഞാൻ വിറച്ചുപോകുന്നു. എനിക്കിതു സാധിക്കയില്ല. വിഷമെവിടെ കിട്ടും? കൊടുക്കുമ്പോൾ ആരെങ്കിലും കണ്ടാൽ ശ്രമമെല്ലാം വെറുതെയാകയും ചെയ്യും. എനിക്കതു വയ്യ.

സന്യാസി: താകാ, നിനക്കു മനസ്സിലായില്ല. ഇപ്പോൾ

അവൾ ഭ്രാന്തിയായിക്കഴിഞ്ഞു. ഇനി മരിക്കുന്നതു തന്നെ അവൾക്കു നല്ലതു്.

താക: അല്ല, സോദരാ! ഞാനതു ചെയ്കയില്ല.

സന്യാസി: (കീശയിൽനിന്നും ഒരു പൊതി വെളിയിലെടുത്തിട്ട്) താകാ, നോക്കൂ. ഇതാ വിഷം. ഇപ്പോഴവളി വിടില്ലെന്നു പറഞ്ഞില്ലേ? പിന്നെ പാലിൽ ചേർത്തു് ഇതങ്ങു കൊടുത്തേക്കു്. മതി. ഞാൻ രാത്രിയിലിവിടെ വന്നു് കുഴിച്ചിട്ടോളാം.

താക: നിങ്ങൾക്കിതെവിടുന്നു കിട്ടി?

സന്യാസി: വിഷം എൻെറ കയ്യിലുണ്ടു്. മരിക്കുന്നതിനായി ഞാൻ സർവ്വദാ തയാറായിരിക്കയാണു്. നിങ്ങളോടുള്ള പ്രേമംകൊണ്ടു് ഞാനതു ചെയ്യുന്നില്ലെന്നു മാത്രം. എന്നാൽ നിങ്ങളതു മനസ്സിലാക്കുന്നില്ലെങ്കിൽ ഞാൻ പ്രാണത്യാഗം ചെയ്തുകളയും.

താക: എന്തോന്നാ പറയുന്നതു്? എനിക്കൊന്നും മനസ്സിലാകുന്നില്ല. അടുക്കളയിൽ പാലിരിപ്പുണ്ടു്. നിങ്ങൾക്കിഷ്ടമുള്ളതു ചെയ്യു. ഞാൻ വീട്ടിലിരിക്കുന്നതേയില്ല. ഇഷ്ടംപോലെ ചെയ്തോളൂ.

സന്യാസി: എന്നാൽ തനിച്ചു കുഴിച്ചിടാൻ സാധിക്കയില്ലല്ലോ.

താക: എന്തുകൊണ്ടു്? അവൾക്കു് അത്ര വലിയ ഭാരമൊന്നുമില്ല. നിങ്ങൾ ശേഷിയുള്ള ആളല്ലേ? സാധിക്കും. നോക്കൂ, ഞാൻ കിടുകിടെ വിറയ്ക്കുകയാണു്.

സന്യാസി: ഒട്ടും ഭയപ്പെടേണ്ട. ഇവിടെ എനിക്കു വലിയ പരിചയമില്ല. അതുകൊണ്ടു് നിനക്കു് എന്നെ സഹായിക്കാൻ കഴിയും.

താക: നോക്കൂ, ഈ കാര്യം എൻെറ അധികാരത്തിലി

രിക്കും, എല്ലാം. യോഗ്യന്മാക്ക് ഒരു വാക്കേയുള്ളൂ. ഇപ്പോൾ എനിക്കു നിങ്ങളെ മനസ്സിലാക്കാം.

സന്യാസി: ഇപ്പോ നീ ശരിയായിട്ടിരുന്നാൽ മാത്രം മതി.

താക: അതു ഞാൻ നോക്കിക്കൊള്ളാം.

(രണ്ടുപേരും പോകുന്നു.)

ഭിക്ഷു: (വെളിയിൽ വന്ന്) അയ്യോ! നിങ്ങളുടെ ഉള്ളിൽ ഇതൊക്കെയാണോ? എന്തായാലും ശരി. ദാ, കൊച്ചമ്മ വരുന്നു. എല്ലാം പറഞ്ഞുകൊടുക്കുകതന്നെ. (അടുത്തു ഭ്രാന്തി വരുന്നതുകണ്ടിട്ട്) ആഹാ! ആ ഭ്രാന്തിയും വരുന്നു. അവൾക്കു തിന്നാൻ വല്ലതും കൊണ്ടുവരാൻ മറന്നുപോയല്ലോ. പാപംചെയ്താൽ മനസ്സു കലങ്ങിത്തന്നെയിരിക്കും. ഈ സ്ത്രീ ഒരു സി. ഐ. ഡിയാണെന്നു തോന്നുന്നു. ആരെന്തു കൊടുത്താലും അവൾ വാങ്ങി കഴിക്കും. ഭ്രാന്തിയായ അവളെപ്പോഴും പറയുകയും ചെയ്യും, "കുഞ്ഞേ നീ എൻെറ കുഞ്ഞാണെ"ന്ന്.

(ചിന്താമണി പ്രവേശിക്കുന്നു.)

ചിന്താമണി: (സ്വഗതം) പകൽ മങ്ങിക്കഴിഞ്ഞു. വീണ്ടും രാത്രി വന്നിരിക്കുന്നു. തനിച്ച് എങ്ങനെ വീട്ടിൽ കിടക്കും! വേശ്യാഗൃഹം. പണംമോഹിച്ചെന്നെ ആരെങ്കിലും കൊന്നാൽ ഈ ജീവിതവും തീരും. അടുത്ത ജന്മത്തിലും ഗതിയില്ല. മനസ്സേ, എത്രയാളുകളെ പണം സമ്പാദിക്കാനായി വേദനിപ്പിച്ചുവോ ആ പണം നിന്നെ സ്വന്തം വീട്ടിൽ കിടക്കാനും തടസ്സപ്പെടുത്തുന്നു. വില്വമംഗൽ ഉണ്ടായിരുന്നപ്പോഴെനിക്കു വിഷമമില്ലായിരുന്നു. അദ്ദേഹത്തിൻെറ സ്നേഹപൂർണ്ണമായ സാമീപ്യത്താൽ മനസ്സേ, നീ ഇത്ര ഹീനയായ വേശ്യയാണെന്നു കരുതിയിരുന്നില്ല. എൻെറ അമ്മതന്നെ ഇതു ശീലിപ്പിച്ചു. ജനനംമുതൽ നിനക്കു

സ്വന്തമായാരുമില്ലായിരുന്നു. ഏതു സൌന്ദര്യത്തിമിർപ്പ് വില്വമംഗലിന്നു മർമ്മവേദന നല്കിയോ ആ സൌന്ദര്യം തന്നെ ഇപ്പോൾ നിൻെറ ശത്രുവായിത്തീൎന്നു. എത്ര പേരുടെ ജീവിതത്തിൽ നീ ആഹ്ലാദങ്ങളുണ്ടാക്കി! ഇന്നു് നിരാശ്രയയായ നിൻെറ ഹൃദയത്തിൽ മുറിവുണ്ടാകുന്നു. മൃഗമനസ്സേ, നിനക്കെന്തു ലാഭമാണു കിട്ടിയതു്? മനസ്സേ, നിനക്കു വല്ല മുതലുമുണ്ടോ? മരിക്കുമെന്നു നീ വിചാരിച്ചിരുന്നുവോ? ആ അന്ത്യദിവസം നിനക്കുമുണ്ടാവുമെന്നു നീ ചിന്തിച്ചോ? എന്തെങ്കിലും ഒരാശ്രയമുണ്ടോ? ഞാൻ എവിടെപ്പോകും? ഈ മഹാപാതകിയെ ആരുദ്ധരിക്കും? പോകാം. ഞാൻ വില്വമംഗലിൻെറ അടുത്തേക്കുതന്നെ പോകട്ടെ. അദ്ദേഹം ഒരു ദിവ്യമനുഷ്യൻ. അദ്ദേഹമെന്നെ നിന്ദിക്കുകയില്ല. എനിക്കു പരകാലത്തിന്നുള്ള ഉപദേശം തരും. ഉം! ഏകാകിനിയായ പെണ്ണെവിടെപ്പോകും? എവിടെച്ചെന്നു കണ്ടുപിടിക്കും? ഈ മൃഗത്തിൻെറ വയററിന്നു് ആരു തീററി തരും?

(ഭ്രാന്തി പ്രവേശിക്കുന്നു.)

ഭ്രാന്തി: അമ്മാ, നിങ്ങളെത്തന്നെ ഞാൻ സൂക്ഷിക്കയായിരുന്നു. നോക്കൂ അമ്മാ, നോക്കൂ. ആ കുറുക്കൻ തിന്നുന്നതു നോക്കൂ. വയറുനിറച്ചു തിന്നുന്നു. പക്ഷികളും നിറയെ ഭക്ഷിക്കുന്നു. ഞാൻ കാണുന്നുണ്ടമ്മാ, കാണുന്നുണ്ടു്. ഭഗവാൻ കൊടുക്കുന്നു.

ചിന്താമണി: അമ്മാ, അമ്മാ, എൻെറ വീട്ടിലേക്കു വരൂ അമ്മാ.

ഭ്രാന്തി: ഇല്ലമ്മാ, ഞാൻ വീട്ടിൽ വരുന്നില്ലമ്മാ. വീട്ടിലദ്ദേഹമില്ല. അദ്ദേഹമവിടെയില്ല. അദ്ദേഹം ശ്മശാന

ത്തിലുണ്ട്! വീട്ടിലേക്കു പോകേണ്ടമ്മാ. എൻെറ വീട്ട് ശൂന്യമായി കിടക്കുന്നു.

ചിന്താമണി: അമ്മാ, സത്യമാണു പറഞ്ഞതു്. വീട്ടിലേക്കു പോകാൻ ഞാനും ഭയപ്പെടുന്നു.

ഭ്രാന്തി: അമ്മാ, വിഷം! വിഷം! വിഷം! ആ മനുഷ്യനും സ്ത്രീയുംകൂടി ഗൂഢമായി ഏതൊക്കെയോ ആലോചിച്ചിട്ടുണ്ട്. സമുദ്രത്തെ കടയാൻ പോയിരിക്കയാണു്. വിഷം! വിഷം! വിഷം! നീ വരൂ. വരൂ കുഞ്ഞേ. നോക്കൂ, വിഷം കുടിക്കാൻ സാധിക്കില്ല. സമുദ്രം കടഞ്ഞപ്പോൾ വിഷമുണ്ടായതു് അറിഞ്ഞുകൂടേ അമ്മാ? ഹരനും ഗൗരിയും അതു കാണാൻ പോയി. അതു് അറിഞ്ഞുകൂടേ അമ്മാ? ഹരനും ഗൗരിയും അതു കാണാൻ പോയി. അതു് അറിഞ്ഞുകൂടേ അമ്മാ?

ഭിക്ഷു: (സ്വഗതം) കൊള്ളാം, ഇവർ ഭ്രാന്തിയല്ല. എല്ലാം ശരിയായ് പറയുന്നുവല്ലോ. (ഭ്രാന്തിയോട്) അമ്മാ, നിങ്ങൾ ആരാണമ്മാ? (ചിന്താമണിയോട്) അമ്മാ, എല്ലാം സത്യം. എല്ലാം സത്യമാണു്.

ഭ്രാന്തി: നിങ്ങളാരാണു്? എൻെറ ഭത്താവു് എന്നെ കളിപ്പിച്ചു് ഈ ലോകത്തു കൊണ്ടുവിട്ടിരിക്കുന്നു. ഞാൻ ഭ്രാന്തിയായി ചുററിത്തിരിയുന്നു. പക്ഷേ, അദ്ദേഹത്തിനെ എങ്ങും കാണുന്നില്ല. എവിടെയുണ്ടെന്നാരു് എന്നോടു പറഞ്ഞുതരും? രാത്രിയായാൽ എത്തുന്നിടത്തു ഞാൻ കിടക്കും. പുൽത്തകിടിയാണു് എനിക്കു കിടക്ക. മേൽത്തട്ടു് ആകാശംതന്നെ. മരണമെനിക്കില്ല. ഇനി അദ്ദേഹത്തിൻെറ മനസ്സിലെന്തെല്ലാമുണ്ടോ?

ചിന്താമണി: നിങ്ങളുടെ ഭത്താവാരാണു്?

ഭ്രാന്തി: എനിക്കഞ്ചു ഭത്താക്കന്മാരുണ്ട്. ഈ ദുർഗ്ഗയും കാളിയും ശിവനും കൃഷ്ണനും മററുമാണവർ. ഇല്ല. അമ്മാ,

എനിക്കൊരു ഭൎത്താവേയുള്ളൂ. എന്റെ ഭൎത്താവ് ആ അമ്മതന്നെയാണ്. അവർതന്നെ. അവരല്ലാതെ മററാരുമില്ല. ഞാനവരുടെ ദാസിയാണമ്മാ, ദാസി. അവർ ചിലപ്പോൾ കൃഷ്ണനായി ഓടക്കുഴൽ വായിക്കും. അമ്മാ ഓടക്കുഴൽ, അമ്മാ ഞാൻ ലജ്ജിക്കുന്നു. നാണിക്കുന്നു. എനിക്കു വീട്ടിൽ താമസിക്കാൻ വയ്യ, വയ്യ. വിഷം വിഷം വിഷം. അമ്മാ, നീ ഓടിപ്പോകൂ. അമ്മോ, ഓടിപ്പോകൂ.

ഭിക്ഷു: (സ്വഗതം) ഇതെന്താ? അവൾക്കെല്ലാമറിയാം. എങ്കിലും ഭ്രാന്തിയുമാണ്. (ചിന്താമണിയോട്ട്) അമ്മാ, നിങ്ങളിവരെ ഭ്രാന്തിയെന്നു കരുതരുത്. അവൾ പറയുന്നതെല്ലാം ശരിയാണ്. ഞാനൊളിഞ്ഞു നിന്നെല്ലാം കേട്ടു. നിങ്ങളുടെ താകയും ആ കാവിവസ്ത്രക്കാരനും—ആ രാത്രിയിലെന്റെകൂടെ കണ്ടയാളേ—അയാളും നിങ്ങൾക്കു ഭ്രാന്തുപിടിച്ചിരിക്കയാണെന്നു കരുതിയിരിക്കുന്നു. നിങ്ങൾക്കുള്ള പാലിൽ വിഷം ചേൎക്കാൻ അവർ പോയിരിക്കയാണ്. അതിനുശേഷം നിങ്ങൾ മരിച്ചാൽ കുഴിച്ചിടാമെന്നും അവർ തീർച്ചപ്പെടുത്തി.

ചിന്താമണി: വിഷം! മനസ്സേ, നീ എല്ലാം അറിഞ്ഞുകൊള്ളൂ! താക എന്നെ ഭ്രാന്തിയെന്നു തീർച്ചപ്പെടുത്തിയോ? മൂഢമായ മനസ്സേ, നീ നോക്കു. പണം നിന്റെ സ്വന്തമാണോ?

ഭ്രാന്തി: വൃക്ഷത്തണലാണെനിക്കു വീട്ട്. എന്റെ ആവശ്യങ്ങൾക്കായി ലക്ഷ്മി വരുമ്പോൾ ഞാൻ പോകാൻ പറയും. നീ എന്റെ കൂടെ ചേൎന്നാൽ എനിക്ക് അദ്ദേഹത്തെ കാണാൻ സാധിക്കയില്ല. കുഞ്ഞേ നീ വരൂ.

വീട്ടിലേക്കു ഞാനില്ല. ഞാൻ വീട്ടിൽ താമസിക്കുക യില്ല.

ചിന്താമണി: വിഷമയമായ ലോകം. നിന്നോടെന്തിനാ ണു മമത. സഖിയെ ഇതാ കിട്ടിയിരിക്കുന്നു. ഇത്ര നാളും ഞാൻ എല്ലാവരേയും സംശയിച്ചു. വരൂ ഭ്രാന്തി, ഞാൻ നിന്നെ വിശ്വസിക്കുന്നു. ഞാൻ നിൻെറ നി ഴൽപോലെ കഴിഞ്ഞുകൊള്ളാം. എന്താണു കാരണ മെന്നു് എനിക്കറിഞ്ഞുകൂടാ. ഹൃദയത്തിലെന്തോ ആശ ജനിക്കുന്നു. ആഗ്രഹം പൂർണ്ണമാകുമോ? അമ്മാ, സ ത്യമാണു്. ജന്തുക്കളും വയറു നിറയ്ക്കുന്നു. പക്ഷികൾ ആകാശത്തിൽ പറക്കുന്നു. അമ്മയ്ക്കുമാഹാരം കിട്ടുന്നു. പിന്നെ ഞാനെന്തിനു ഭയപ്പെടണം! ഇതാ എനിക്കാ ശ്രയസ്ഥാനം. അമ്മ പറയൂ, നമുക്കെവിടെപ്പോക ണം? എവിടെയാണെന്നെ കൂട്ടിക്കൊണ്ടു പോകുന്നതു്?

ഭ്രാന്തി: പോകാം കുഞ്ഞേ, പോകാം. നമുക്കു യമുനാതീര ത്തു പോകാം.

ചിന്താമണി: പോകാമമ്മാ, പോകാം. (മടിയിൽനിന്നു താക്കോലെടുത്തു് ദൂരെ എറിയാൻ ഭാവിക്കുന്നു.)

ഭ്രാന്തി: എനിക്കു തരുമോ അതമ്മാ?

ചിന്താമണി: ഇതാ അമ്മാ.

ഭ്രാന്തി: ഇതു നിനക്കിരിക്കട്ടെ. (ഭിക്ഷുവിനു കൊടുക്കുന്നു)

(ചിന്താമണിയും ഭ്രാന്തിയും പോകുന്നു.)

ഭിക്ഷു: ഇതെന്തു്? ഒരു വ്യഭിചാരിണി എല്ലാമുപേക്ഷി ച്ചിട്ടിങ്ങനെ പോകയോ? പാവംപിടിച്ച മനസ്സു്. എ നിക്കെന്തിനാണീ താക്കോൽ തന്നതു്? ഞാനും ഇതി വിടെ ഉപേക്ഷിച്ചേക്കാം. (താക്കോൽ താഴെ ഇടുന്നു.) എനിക്കും തിന്നാൻ വല്ലതും കിട്ടാതിരിക്കില്ല. പക്ഷേ, ആ വാറണ്ടിനെന്തു ചെയ്യാനൊക്കും! എന്താ ചെയ്യേ

ണ്ടതു്. ഹരിനാമം ജപിച്ചുകൊണ്ടു ഞാനും ചുററിക്കറങ്ങാൻ പോകുന്നു. പണത്തിന്റെ ആഗ്രഹം ഞാനും അടക്കിക്കളയാം. ഏതായാലും നോക്കാം. അമ്മ ദുർഗ്ഗയുണ്ടല്ലോ. ഈ ചിന്താമണി യമന്റെ കൈയിൽനിന്നിപ്പോഴല്ലേ രക്ഷപ്പെട്ടതു്. അപ്പോപ്പിന്നെ പോലീസിന്റെ കൈയിൽനിന്നുമെനിക്കു രക്ഷകിട്ടുകില്ലെന്നോ? (പോകുന്നു.)

യവനിക

## ദൃശ്യം അഞ്ചു്

[ഒരു വ്യാപാരിയുടെ വീട്ടു്. വാതിൽക്കൽ വില്വമംഗൽ ഇരിക്കുന്നു. വ്യാപാരി പ്രവേശിക്കുന്നു.]

വ്യാപാരി: നിങ്ങളാരാണു്?

വില്വമംഗൽ: ഞാനൊരു വഴിയാത്രക്കാരൻ. ഇന്നങ്ങയുടെ ആശ്രയത്തിനായി വന്നിരിക്കയാണു്.

വ്യാപാരി: അങ്ങു് ഇങ്ങനെ ഇരിക്കുന്നതെന്താണു്? അങ്ങയുടെ വീട്ടു്?

വില്വമംഗൽ: ഞാനെവിടിരിക്കുന്നോ അവിടെത്തന്നെയാണെന്റെ വാസസ്ഥലം.

വ്യാപാരി: അങ്ങു് ഗൃഹസ്ഥാശ്രമിയാണോ?

വില്വമംഗൽ: അല്ല.

വ്യാപാരി: ഇന്നങ്ങയെ എന്റെ അതിഥിയായി സ്വീകരിക്കുന്നു.

വില്വമംഗൽ: ഞാനതിനുതന്നെയാണു് വന്നതു്.

വ്യാപാരി: എന്റെ പരമസൗഭാഗ്യമേ, വന്നാലും.

വില്വമംഗൽ: എനിക്കൊരു പ്രത്യേകാവശ്യമുണ്ടു്.

വ്യാപാരി: ദയവുചെയ്തു പറഞ്ഞാലും.
വില്വമംഗൽ: ആദ്യം ഞാൻ സ്വയം പരിചയപ്പെട്ടുത്തട്ടെ. ഞാനൊരു ലമ്പടനാണ്. ഒരു വേശ്യമൂലം ഈ ലോകത്തെ ത്യജിക്കാനിച്ഛിക്കുന്നവൻ.
വ്യാപാരി: അങ്ങാരായാലും ഇന്നെൻെറ അതിഥി. അങ്ങ് സാക്ഷാൽ നാരായണനാണ്. ദയവുചെയ്തകത്തേക്കു വരു.
വില്വമംഗൽ: എൻെറ ആവശ്യത്തെപ്പററി കേട്ടില്ലല്ലോ?
വ്യാപാരി: പറഞ്ഞാലും.
വില്വമംഗൽ: അങ്ങയുടെ സുന്ദരിയായ ഭാര്യയെ കുളക്കരയിൽവെച്ച് ഞാൻ കണ്ടു. ആ രൂപമധുരിമയാൽ എൻെറ നയനങ്ങളാകൃഷ്ടങ്ങളായി. പൂർവ്വസംസ്കാരത്താൽ കണ്ണിൻെറ വഞ്ചനകൊണ്ടെൻെറ പാപമനസ്സു മുഗ്ദ്ധമായിത്തീൎന്നു. എൻെറ മൃഗീയമനസ്സ് അവരെ കണ്ടതുമുതൽ അനിയന്ത്രിതമായിരിക്കുന്നു. ഇനിയെപ്പോൾ കാണാമെന്നെൻെറ ഹൃദയം വ്യാകുലപ്പെട്ടുന്നു. ആ ആശയിലാണ് ഞാനിവിടെ വന്നിരിക്കുന്നതു്. അങ്ങ് അതിഥിസൽക്കാരം ചെയ്യാനാഗ്രഹിക്കുന്നെങ്കിൽ എൻെറ ആഗ്രഹത്തെ അനുവദിക്കണം. എന്റെ ഇച്ഛയെ അംഗീകരിക്കു. അലങ്കാരഭൂഷിതയും സുന്ദരിയുമായ അങ്ങയുടെ പത്നിയെ ഇന്നുരാത്രിയിൽ എൻെറ ആജ്ഞ അനുസരിക്കാനുപദേശിക്കണം. മതിമാൻ! എൻെറ പാപം തുറന്നുപറഞ്ഞുകഴിഞ്ഞു. യുക്തംപോലെ ചെയ്തുകൊള്ളു.
വ്യാപാരി: (സ്വഗതം) നാരായണ! ഇതെന്തൊരു വഞ്ചന! എനിക്കു ശക്തി തരണേ, എൻെറ അതിഥി വിമുഖനായി പോകാതിരിക്കാൻ. ഞങ്ങളെ പരീക്ഷിക്കാൻ ഇന്നാരാണു വന്നിരിക്കുന്നതു്. ഗൃഹസ്ഥാശ്രമിയുടെ

ഡാരമായ ധർമ്മം അതിഥിസൽക്കാരമാണ്. അതുപേക്ഷിക്കേണ്ടിവരുമോ! ഇല്ല. അതിഥിയെ വിമുഖനാക്കരുത്. ആര് ആരുടെ ഭാര്യ? ധർമ്മംതന്നെ സാരം. ഞാൻ ധർമ്മരക്ഷചെയ്യും. നിശ്ചയം. (പറയുന്നു) മഹാശയാ! വീട്ടിനകത്തേക്കുവന്നാലും. അങ്ങ് നിശ്ചയമായും നാരായണൻതന്നെയാണ്. മൂഢനെ കളിപ്പിക്കാനായി വന്നിരിക്കയാണ്. ഹേ, അതിഥി! ഞാനവിടുത്തെ ആഗ്രഹത്തെ പൂർണ്ണമാക്കാം. ഇന്നു രാത്രി എന്റെ ഭാര്യയുടെ പതി അങ്ങുതന്നെ.

വില്വമംഗൽ: (സ്വഗതം) മനസ്സേ, നോക്കൂ. കണ്ണുകൾ നിന്നെ എത്ര മൃഗീയമാക്കിയിരിക്കുന്നു? ഇനി എന്തെല്ലാം ബാക്കിയുണ്ടെന്നു കാണട്ടെ.

(ഇരുവരും പോകുന്നു.)

യവനിക

## ദൃശ്യം ആറ്

[വ്യാപാരിയുടെ വീട്ടിലെ ഒരു മുറി. അഹല്യയും മംഗളയും ഇരിക്കുന്നു.]

അഹല്യ: മംഗളാ, നീ ഒന്നുകൂടി ആ ഭ്രാന്തന്റെ അടുത്തുപോയി അദ്ദേഹത്തിനു കഴിക്കാൻ ഇഷ്ടാനുസരണമെന്താണു വേണ്ടതെന്നു നല്ലവണ്ണം ചോദിച്ചു മനസ്സിലാക്കി വരൂ.

മംഗള: ഞാനാവതു ശ്രമിച്ചു. പക്ഷേ, അയാളനങ്ങിയില്ല. ഒരക്ഷരം മിണ്ടിയതുമില്ല.

അഹല്യ: രാത്രിയാകുന്നു. പോകൂ. ഒന്നുകൂടി പോയിനോക്കൂ. നീ

ഒരു തവണകൂടി പോകു. അതിഥി ഇത്രനേരം ഇവിടെ ഒന്നും കഴിക്കാതെ ഇരുന്നു എന്നു് യജമാനനറിഞ്ഞാൽ അദ്ദേഹം പിന്നെ മുഖത്തു നോക്കുകപോലുമില്ല. അദ്ദേഹം വരേണ്ട സമയവുമായല്ലോ.

മംഗള: ഹാ, മുഖത്തു നോക്കുകപോലുമില്ല. അല്ലേ? അപ്പോ നമുക്കു പറയണം, ഈ കഴുതയതിഥി ഇരുന്നിടത്തു തന്നെ മിണ്ടാതെ അനങ്ങാതെ ഇരുന്നെന്നു്. അയാളൊരൈശ്വര്യമില്ലാത്തവനാണു്. ഒരു നല്ല ഗൃഹസ്ഥൻെറ ഭാര്യയെ പട്ടിണിയിട്ടിട്ടു് ഞാനും പട്ടിണി കിടക്കുന്നു. അയാളൊരു ഭ്രാന്തനാണു്. എന്തു ചെയ്യണമെന്നു ഞാൻ പറഞ്ഞല്ലോ. കുറെ വെള്ളം കൊണ്ടുവന്നു് അയാളുടെ തലയിലൊഴിക്കണം. കുറെ തണുത്താൻ വിശപ്പു തീക്കാൻ അപ്പോ ശ്രമിച്ചുകൊള്ളും.

(വ്യാപാരി പ്രവേശിക്കുന്നു.)

വ്യാപാരി: മംഗളാ, പോയി അതിഥിയായ അദ്ദേഹത്തിൻെറ ആഹാരം കഴിഞ്ഞാലിങ്ങോട്ടു പറഞ്ഞയയ്ക്കു.

മംഗള: എവിടേക്കു പറഞ്ഞയയ്ക്കണമെന്നോ? ആ ഭ്രാന്തനെങ്ങോട്ടു പോയി?

വ്യാപാരി: മംഗളാ, ഭ്രാന്തനെന്നു പറയരുതു്. അദ്ദേഹമൊരു മഹാനാണു്. അദ്ദേഹം പൂജാമുറിയിലിരിക്കുന്നു. സവിനയം ഇങ്ങോട്ടു കൂട്ടിക്കൊണ്ടു വരു.

(മംഗള പോകുന്നു.)

പ്രിയേ, ഇന്നു് വേഷഭൂഷകളണിഞ്ഞ നിൻെറ രൂപമധുരിമ കണ്ടു് ഞാൻ പുളകിതനായിരിക്കുന്നു. നിന്റെ സൗന്ദര്യം ധന്യംതന്നെ. ആ രൂപമാധുര്യംകൊണ്ടു നമുക്കിന്നു നാരായണസേവ ചെയ്യാം. പ്രിയെ, എൻെറ വാക്കുകൾ സാവധാനം കേൾക്കു. നിസ്സാരമായ ജീവിതത്തിനു ധർമ്മം മാത്രമാണു് സാരമായിട്ടുള്ളതു്. പരി

ക്ഷണങ്ങളുടെ സ്ഥലമാണു് സംസാരം. വളരെ യത്നി ച്ചു് നാം ധർമ്മരക്ഷ ചെയ്യണം. നമ്മൾ ഈ വീടു കെട്ടി യപ്പോൾ ഇവിടെനിന്നും അതിഥികൾ വിമുഖരായി പോകരുതെന്നു നാം സത്യം ചെയ്തില്ലേ? ദൈവകൃപ യാൽ അതു് അനായാസമായി ഇത്രയും നാൾ നടന്നു. ദൈവേച്ഛയാലിന്നു നമുക്കൊരു പരീക്ഷാഘട്ടം വന്നി രിക്കുന്നു. ഹേ സതീ, ദീനഹീനനും മലിനവസ്ത്ര ധാരിയുമായ ഒരാൾ നമ്മുടെ വാതില്ക്കൽ വന്നിരിക്കു ന്നു; ഇന്നു രാത്രി നിൻെറ പതിയാകണമെന്നാഗ്രഹി ച്ചുംകൊണ്ടു്. കേൾക്കു സുലോചനേ, അത്യാശ്ചര്യകര മായ സംഭവമാണിതു്, ഒരു ഭർത്താവിനോടു തൻെറ ഭാര്യയെ ആവശ്യപ്പെടുന്നതു്. ധർമ്മമർമ്മങ്ങളെ മനസ്സി ലാക്കുന്നില്ലെ സതീ? എന്റെ ഗൃഹിണീ, നീ അതിഥി സല്ക്കാരം ചെയ്യു.

അഹല്യ: സതീത്വമാണു് ഏതു സ്ത്രീക്കും ഭൂഷണം. അതി നു വിപരീതമായി എന്തു കഥയാണീ പറയുന്നതു്? നാഥാ, അങ്ങയുടെ കൈയാൽ വീഴ്ത്തിയ സിന്ദൂരപ്പൊട്ടു മായ്ച്ചുകളയണമെന്നു് അങ്ങുതന്നെ പറയുകയാണോ? പ്രഭു, അധർമ്മം മൂലം ധർമ്മം സമ്പാദിക്കാൻ സാധിക്കു മോ? അതു ദുർവൃത്തിയാണു്. സതീത്വം കൂടാതെ മററു വല്ല ധനവും സ്ത്രീകൾക്കുണ്ടോ? ഭർത്താവാണു് സ്ത്രീയുടെ സർവ്വാരാധനാപാത്രം. നാരായണനായാലും ശിവനാ യാലും നിങ്ങളല്ലാതെ ഒരന്യമൂർത്തിയെ ഈ ഹൃദയം ധരിച്ചിട്ടില്ല. അങ്ങു് സർവ്വദേവതകളുടേയും സാരമാ ണു്. ഈ കുത്സിതപ്രവൃത്തിക്കുവേണ്ടി എന്നോടെന്തി നാണു് ആജ്ഞാപിക്കുന്നതു നാഥാ?

വ്യാപാരി: നിൻെറ ഹൃദയവും ശരീരവും ജീവിതവുമെ ല്ലാം നീ എനിക്കായി അർപ്പിച്ചിരിക്കയാണെന്നു ഞാൻ

മനസ്സിലാക്കുന്നുണ്ട്. നീ പകരമൊന്നും ആവശ്യപ്പെട്ടു ന്നില്ല. സ്വാത്ഥവിചാരം പ്രകടിപ്പിക്കുന്നുമില്ല. നീ എൻേറതുതന്നെയാണു്. എൻെറ ധനം ഉപേക്ഷിക്കുന്ന തിനെ എന്തിനാണെതിക്കുന്നതു്? സത്യമാണു സാരം! സത്യമല്ലാതെ മററൊന്നും ഇല്ല. അതിഥി പോയാൽ സത്യഭംഗം വരും. അപ്പോൾ നിൻെറ ഈ ഭത്താവു് അസത്യവാനായിത്തീരും. ആരുടെ മംഗളത്തെ നീയെ പ്പോഴും ആഗ്രഹിക്കുന്നുവോ ആ ആൾ സത്യം ലംഘി ച്ചവനാകും. ഞാൻ മൂഢനാണെന്നു സമ്മതിക്കുന്നു. ദുഷ്ട മായ ആചാരം ചെയ്യാൻ ഞാനാവശ്യപ്പെട്ടുകയാണു്. ഞാൻ സ്വാത്ഥപരൻതന്നെ. ധമ്മോപാജ്ജനത്തിനാ യി നിന്നെ ഞാൻ ദാനം ചെയ്യുന്നു. ഇതു നമ്മുടെ പരീക്ഷാദിവസമാണു്. നമുക്കു മുൻകൂട്ടി വിചാരിക്കേ ണ്ടിയിരുന്നു. നാം ഉച്ചാശയന്മാരെന്നു വിചാരിച്ചു് ഒരതിഥിയും നിരാശയോടെ ഇവിടെനിന്നും മടങ്ങ രുതു് എന്നു നാം സത്യം ചെയ്തു. ഏതാശയോടെ വരുന്നുവോ നമ്മളതു പൂണ്ണമാക്കുന്നതാണെന്നാണു സത്യം. അതിനു ധമ്മം മാത്രമാണു സാക്ഷി. ഇന്നു് ഇതു് അംഗീകരിക്കൂ. സത്യഭംഗം ചെയ്താലാരുമറിയുക യില്ല. എന്നാൽ ധമ്മം എപ്പോഴും സാക്ഷിയായിരിക്കും സുന്ദരീ. പ്രിയേ, നിൻെറ പ്രേമത്തെ ഓത്താണു ഞാൻ ഗൃഹസ്ഥാശ്രമിയായതു്. ഇന്നു് എൻെറ പരീക്ഷയാ ണു്. നിൻെറ പ്രേമത്തെ ഞാൻ പരീക്ഷിക്കും. സത്യം കൊണ്ടു ഭത്താവിനെ ഉദ്ധരിക്കു. അന്നും ഇന്നും ധമ്മമാ ണു് സാക്ഷി.

അഹല്യ: ധമ്മാധമ്മങ്ങളെപ്പററി എനിക്കറിയാം. സ്വാമീ, പ്രഭോ, ഇതെന്തൊരു പരീക്ഷ! ഞാനങ്ങയുടെ ദാസി. അവിട്ടത്തെ ആജ്ഞയെ ഞാൻ ശിരസാ വഹിക്കാം.

അതിൻെറ ശുഭാശുഭങ്ങളെ നിർണ്ണയിക്കേണ്ടതും അവിടുന്നുതന്നെ.

വ്യാപാരി: പ്രിയേ, ഇതു് പരീക്ഷാസ്ഥാനമാണ്. ശുഭാശുഭവിചാരങ്ങൾക്കുള്ള സമയമല്ല.

(മംഗള പ്രവേശിക്കുന്നു.)

മംഗള: ഇതാ, അതിഥി വാതിൽക്കൽ നില്ക്കുന്നു. (പോകുന്നു.)

വ്യാപാരി: വന്നാലും, വന്നാലും.

അഹല്യ: സ്വാമീ, പ്രാണേശ്വരാ, നിങ്ങൾതന്നെ ഈ പരീക്ഷ തന്നു. അവിടുന്നുതന്നെ രക്ഷിക്കു. ഞാനബലയാണ്.

(വില്വമംഗൽ പ്രവേശിക്കുന്നു.)

വ്യാപാരി: ഇതാണെൻെറ ഭാര്യ, അങ്ങയുടെ ദാസി. (പോകുന്നു.)

അഹല്യ: അങ്ങു് ആ കട്ടിലിലിരുന്നാലും.

വില്വമംഗൽ: വേണ്ട, എനിക്കു നിന്നെ കാണണം. ഇവിടെനിന്നുതന്നെ നോക്കാം. (സ്വഗതം) മനസ്സേ, നീ ആലോചിച്ചുനോക്കു്. കണ്ണു നിന്നെ എത്ര കളിപ്പിച്ചു! ഒരു ബ്രാഹ്മണകുമാരനായിരുന്ന നീ കണ്ണിൻെറ വഞ്ചനകൊണ്ടു് വേശ്യാദാസനായി മാറി. പിതൃശ്രാദ്ധദിവസം രാത്രിയിലക്ഷമനായി നദിയിൽ ചാടി. തിരമാലയോടു യുദ്ധംചെയ്തു. രണമുഖിയായ നദിയിൽ ശവത്തെ പിടിച്ചാണു രക്ഷപ്പെട്ടതു്. സർപ്പത്തെ കയറാണെന്നു കരുതി അതിൽ പിടിച്ചു മതിൽ കയറി. എൻെറ ഈ കണ്ണുകൾ നിന്നെ അന്ധനാക്കി. വേശ്യയുടെ ശകാരം ഫലവും. മനസ്സു ചിരിച്ചുപോയി. നിന്നിൽ വൈരാഗ്യം ആളിക്കത്തിപോലും! ഒററമുണ്ടുമായി വീടുവിട്ടിറങ്ങി. 'കൃഷ്ണനെവിടെ' എന്നു ചോദിച്ചും

കൊണ്ടു് കുറെ അലഞ്ഞുനടന്നു. പ്രേമമെന്നു നടിച്ചു. ഭ്രാന്തമായ മനസ്സു് ഇത്തിരി ധ്യാനംചെയ്തു് നദീതീരത്തിലിരുന്നു. പക്ഷേ, കണ്ണുകൾക്കു ദർശനം ലഭിക്കുംമുമ്പു് കങ്കണഝങ്കാരം ചെവിയിലലയടിച്ചു. നോക്കു, വീണ്ടും കണ്ണുകൾ നിന്നെ വഞ്ചിച്ചു. ഉന്മാദത്വം പിന്നെയും വന്നു. മനസ്സേ, ഈ കണ്ണുകളുടെ പേരിൽ നീ അഭിമാനിക്കുന്നോ? ഈ നയനരത്നങ്ങളെ വിശ്വസിക്കരുതു്. അവ വഞ്ചിക്കും. അവ പൊയ്പോകുമെന്നു് നീ ഭയപ്പെട്ടു. അന്നു തടിക്കപ്പെടുമെന്നു കരുതി ആലിംഗനംചെയ്ത ശവത്തെപ്പോലെ ഈ അസ്ഥിയും മാംസവും അഴുകും. ഈ ലാവണ്യാവരണം ബാഹ്യം മാത്രമാണു്. ഇതു് ഈ ലോകത്തെ രത്നമാണെന്നു വിചാരിക്കുന്നോ? അതില്ലാത്തവൻെറ ജന്മം വെറുതെയെന്നു നീ ധരിക്കുന്നോ? ഈ കണ്ണുകൾ നിന്നെ അന്ധനാക്കിയിരിക്കയാണു്. മനസ്സേ, നീ അതു മനസ്സിലാക്കു. അവ ഒന്നും കാണുന്നില്ല. അസാരങ്ങളായവയെ നിത്യധനങ്ങളെന്നു് അതു ധരിപ്പിക്കുന്നു. എല്ലാം മറന്നു് അതിൻെറ വഞ്ചനയിൽ എത്രനാളിങ്ങനെ കഴിയും? (പറയുന്നു) നിങ്ങളുടെ ആഭരണത്തിൽനിന്നും രണ്ടു് ആണി എനിക്കു് ഇളക്കിത്തരൂ.

(അഹല്യ അപ്രകാരം ചെയ്യുന്നു.)

അമ്മാ, ഞാൻ നിങ്ങളുടെ ഭ്രാന്തനായ കുഞ്ഞാണെന്നു് നിങ്ങളുടെ ഭർത്താവിനോടു പറയൂ. പോകു അമ്മാ. നിങ്ങളുടെ സ്വാമിയുടെ ആജ്ഞ എൻെറ വാക്കനുസരിക്കണമെന്നാണല്ലോ. പൊയ്ക്കൊള്ളൂ.

അഹല്യ: ഈ മഹാനാരാണു്? (പോകുന്നു.)

വിലപമംഗൽ: മനസ്സേ, നീ ഇപ്പോഴും ഈ കണ്ണുകളെപ്പറ്റി ഇത്ര അഭിമാനിക്കുന്നുവോ? നിൻ്റെ ശത്രുവിനെ വേഗം

നശിപ്പിക്കു. ഞാൻ നിനക്കു് ഉത്തമമായ നയനങ്ങളെ തരാം. ആ കണ്ണുകൾ! ഗോപാലനെ സ്വന്തമായി കാട്ടിത്തരും. സ്വന്തമാക്കി മടിയിലിരുത്തും. മററുള്ളതെല്ലാം നിസ്സാരങ്ങളെന്നു കാണിച്ചുതരും.
നശിക്കു—
നശ്വരമായ കണ്ണേ!
നീ നശിക്കു! (കണ്ണുകളെ കുത്തി മുറിക്കുന്നു.)
ഇനി
ഈ കാലുകൾ സ്വേച്ഛപോലെ നടക്കട്ടെ. (പോകുന്നു.)

യവനിക

# അങ്കം നാല്

## ദൃശ്യം ഒന്നു്

[ചിന്താമണിയുടെ വീട്ടുമുറി. താകയും സന്യാസിയും ഇരിക്കുന്നു.]

താക: അവളെവിടെപ്പോയി? ഞാനീ മൂന്നുദിവസവും അവളെ അന്വേഷിക്കയായിരുന്നു.

സന്യാസി: ഭ്രാന്തുകൊണ്ടു വെളിയിലെവിടെയെങ്കിലും തെണ്ടി അലയുന്നുണ്ടാവും എന്നാണെനിക്കു തോന്നുന്നതു്.

താക: ഇനി എന്തുവഴി?

സന്യാസി: അതു വളരെ പ്രയാസമാണു്. സക്കാരിനു ബോദ്ധ്യപ്പെട്ടാൽ എല്ലാം കണ്ടുകെട്ടും. എന്തുചെയ്യാം?

താക: അവർ കൊണ്ടുപോകില്ലേ? ആ അംബികൻെറ സ്വത്തെല്ലാം കണ്ടുകെട്ടിയല്ലോ. നിങ്ങൾ ഒരു പ്രാപ്തനാണെങ്കിൽ പോയി എന്തെങ്കിലും ചെയ്യണം. ഞാനാണെങ്കിലൊരു പെണ്ണു്. എനിക്കെന്തു ചെയ്യാൻ കഴിയും?

സന്യാസി: ഇതെല്ലാമിവിടുന്നു മാറ്റുകയല്ലാതെ മറ്റൊന്നും ഞാൻ കാണുന്നില്ല.

താക: എങ്ങനെയാ മാറ്റുന്നതു്? ഈ ഭാരിച്ച പെട്ടി ഭിത്തിയോടു ചേർത്തുവച്ചിരിക്കയുമാണു്.

സന്യാസി: അതാണു ഞാനും ആലോചിച്ചതു്.

താക: (ചിന്താമണിയെ ഉദ്ദേശിച്ചു്) അവളാണെങ്കിൽ പോയി. എൻെറ കൈയിൽ താക്കോൽ തന്നുകൂടായി

രുന്നോ? ഞാൻ നിനക്കുവേണ്ടി ഒന്നും ചെയ്തിട്ടില്ലേ? കാലത്തിൻെറ കളി!

സന്യാസി: താകാ, ധർമ്മം ശരിക്കു നടക്കുമോ? നോക്കു, "ധർമ്മസ്യ സൂക്ഷ്മഗതിഃ"

താക: വേണ്ട. ശ്ലോകമൊക്കെ അങ്ങിരിക്കട്ടെ. ഈ ഭണ്ഡാരം ചുററികവച്ചിളക്കാൻ സാധിക്കുമോ? ഏയ് മനുഷ്യാ, നിങ്ങളൊന്നും കഴിക്കാറില്ലേ? എൻെറ ശക്തി പോലുമില്ലല്ലോ!

സന്യാസി: ഏയ്, അതല്ല. വലിയ ശബ്ദമുണ്ടാവും. ബലമായി പൊളിക്കാമോ?

താക: ഹൊ! കരണത്തിട്ടൊരടി കൊട്ടക്കാൻ തോന്നുന്നു. ഇയാൾക്കിതുവരെയും ഒന്നും ചെയ്യാൻ സാധിച്ചിട്ടില്ല.

സന്യാസി: താകാ, സ്ഥിരയാകൂ. ഞാൻ വല്ലതും ചെയ്യുന്നുണ്ട്.

താക: നല്ല ബുദ്ധിയായിക്കാരൻ. മൂന്നുദിവസമായിട്ടൊന്നും നിശ്ചയിക്കാൻ കഴിഞ്ഞില്ല. സക്കാരാളുകളിവിടെ കേറിക്കഴിയുമ്പോൾ ഉപായോംകൊണ്ടു വരും.

സന്യാസി: കരകാണാക്കടലാണീ ജീവിതത്തിലെ കാര്യങ്ങൾ. ഒന്നു വിചാരിച്ചു. ഒന്നു നടന്നു. ഈ പണപ്പെട്ടി പൊട്ടിച്ചേക്കാം. പിന്നെ വരുന്നതുപോലെ. (പെട്ടി പൊട്ടിക്കുന്നു.)

ശബ്ദം: (അണിയറയിൽനിന്നും) വീട്ടിനകത്താരാണു്? വാതിൽ തുറക്കണം.

താക: അതാരായിരിക്കും? അയ്യോ!

ശബ്ദം: ആരുമാകട്ടെ. കതകു തുറക്കൂ. തുറക്കു്, ഏയ്, കേൾക്കുന്നില്ലേ? ഞങ്ങൾ പോലീസാണു്.

താക: എന്തു വരാൻപോകുന്നോ എന്തോ? എന്തു വരുമോ, എൻറമ്മാ—

ശബ്ദം: (കതകുതട്ടി) തുറക്കു്.

സന്യാസി: താകാ, ഞാൻ ചിന്താമണിയുടെ അവകാശിയാണെന്നു പറയണം. നീ സാക്ഷിയാകണം.

(പോലീസുദ്യോഗസ്ഥനും മററു മൂന്നു പോലീസുകാരും പ്രവേശിക്കുന്നു.)

താക: രക്ഷിക്കണം യേമാന്നേ. കള്ളൻ, കള്ളൻ, കള്ളൻ.

പോലീസുദ്യോഗസ്ഥൻ: ങഹാ, മോഷണമായിരുന്നോ ഇവിടെ?

താക: രക്ഷിക്കണേ യജമാന്നേ, എന്നെ രക്ഷിക്കണം. ഇയാൾ പെട്ടി തല്ലിപ്പൊളിക്കയായിരുന്നു.

പോലീസുദ്യോഗസ്ഥൻ: നമ്മളിവിടെ കതകു തള്ളിത്തുറന്നു് അകത്തു കടന്നപ്പോൾ 'കള്ളൻ, കള്ളൻ' എന്നു വിളിച്ചു നടിക്കയാണു്. എല്ലാം മനസ്സിലായി. (സന്യാസിയോടു്) ഏയ്, നീ ആരാണു്?

സന്യാസി: സക്കാരിൻെറ മുമ്പിൽ ഞാൻ പറയട്ടെ. ഞാൻ...ഞാൻ ചിന്താമണിയുടെ വളത്തുപുത്രനാണു്. എനിക്കീ സ്വത്തിൽ അവകാശമുണ്ടു്. എനിക്കു് അവരെല്ലാം തന്നിട്ടുപോയി.

പോലീസുദ്യോഗസ്ഥൻ: നിങ്ങളുടെ കൈയിൽ താക്കോലുണ്ടോ?

ഒന്നാംപോലീസ്: ബന്ധിക്കു, പിടിക്കു, ഒന്നുമില്ല. നില്ലു കള്ളിക്കു് എന്തും പറയുന്നു.

പോലീസുദ്യോഗസ്ഥൻ: മിണ്ടാതിരിക്കു നിങ്ങൾ. (സന്യാസിയോടു്) ഏയ് താക്കോലുണ്ടോ എന്നു്?

സന്യാസി: (സ്വഗതം) ശരി. എന്നോടു ചോദ്യങ്ങൾ ചോദിക്കാൻ പോവാണു്.

പോലീസുദ്യോഗസ്ഥൻ: (ഒന്നാംപോലീസുകാരനോടു്) നോക്കു, ഇവരെ പിടിച്ചുകൊണ്ടുപോകു. എന്നിട്ടു്

ജയിലിൽ പൂട്ടിയിടണം. ആദ്യത്തെ മുറിയിൽ വേണം ഇടാൻ. കൊണ്ടുപോക. ഞാനിവിടെ ചില അന്വേഷണങ്ങൾ നടത്തിയിട്ട വന്നേക്കാം.

ഒന്നാംപോലീസ്: ഉത്തരവ്.

താക: രക്ഷിക്കണം യേമാന്നേ. ഈ മനുഷ്യൻ മോഷ്ടിക്കാൻ വന്നുകയറി. ഞാനിവിടെ താഴെയാണു താമസിക്കുന്നതു്. ചിന്താമണി എൻെറ കൊച്ചമ്മയാണു്. യേമാന്നേ, നിങ്ങൾക്കു് ഞാൻ പണവും മാനവും എല്ലാം സമപ്പിക്കുന്നു. എന്നെ വിലങ്ങുവെയ്ക്കരുതു്.

പോലീസുദ്യോഗസ്ഥൻ: ഇവളെയും കൊണ്ടുപോക.

ഒന്നാംപോലീസ്: (സന്യാസിയോടു്) നോക്കു്, നിന്നെ കൊന്നുകളയും. നിൻെറ അധികപ്രസംഗം ഇല്ലാതാക്കുന്നുണ്ടു്. യേമാൻെറ മുമ്പിൽവച്ചൊന്നും ചെയ്യുന്നില്ല. ഉം, നടക്കു്.

സന്യാസി: മ്, നടക്കാം.

(ഒന്നാംപോലീസുകാരൻ താകയേയും സന്യാസിയേയും ബന്ധിച്ചു കൊണ്ടുപോകുന്നു.)

പോലീസുദ്യോഗസ്ഥൻ: നോക്കു മനുഷ്യാ, പെട്ടി പൊട്ടിക്കാൻ കുറെയാളുകൾ വേണം. നിങ്ങളും ഞാനും മാത്രം പോരാ.

രണ്ടാംപോലീസ്: ഇല്ലേമാന്നേ, ജാത്സിംഗും ധരസിംഗും വേണം.

പോലീസുദ്യോഗസ്ഥൻ: എന്തും ചെയ്യാനാണു്? അവർ വരുന്നില്ലെങ്കിലെന്തു ചെയ്യും? ഏതായാലും രണ്ടു പൈസയിൽ കൂടുതൽ കൊടുക്കാൻ പാടുകില്ല.

രണ്ടാംപോലീസ്: രണ്ടു പൈസകൊണ്ടു സാധിക്കില്ല. രണ്ടണ കൊടുക്കണം.

പോലീസുദ്യോഗസ്ഥൻ: കൊട്ടക്കണം. അല്ലാതെന്തുചെയ്യും? നിങ്ങൾ ചെയ്യേണ്ടതു ശരിക്കു ചെയ്യണം. ഞാൻ വെളിയിലിരുന്നു മഹസ്സർ തയാറാക്കാം. സാമാനങ്ങളൊന്നുമില്ലായിരുന്നു. പെട്ടിപൊളിച്ചു മോഷ്ടിച്ചിരിക്കുന്നു. കള്ളനെ പിടിച്ചുകഴിഞ്ഞു.

രണ്ടാംപോലീസ്: അങ്ങെഴുതിയാൽ പോരാ. വേറൊരാളെക്കൊണ്ടെഴുതിക്കണം.

പോലീസുദ്യോഗസ്ഥൻ: ഞാൻ വെളിയിൽ കുറച്ചുകലെ ഇരിക്കാം. നിങ്ങൾ അവരോടെല്ലാം പറയണം.

(ഒന്നാംപോലീസുകാരൻ പ്രവേശിക്കുന്നു.)

ഒന്നാംപോലീസ്: യജമാൻ, അവർ വിഷംതിന്നു വീണു കിടക്കുന്നു.

പോലീസുദ്യോഗസ്ഥൻ: വിഷമോ? എവിടുന്നു കിട്ടി?

ഒന്നാംപോലീസ്: അയാളുടെ കൈയിലുണ്ടായിരുന്നു.

പോലീസുദ്യോഗസ്ഥൻ: അയാളാണോ വീണതു്?

ഒന്നാംപോലീസ്: അല്ല യജമാൻ. രണ്ടുപേരും വീണു കിടക്കുന്നു.

പോലീസുദ്യോഗസ്ഥൻ: മറയൻ! എങ്ങനെയാ രണ്ടുപേരും വീണതു്?

ഒന്നാംപോലീസ്: ആദ്യം അയാൾ വീണു. ഞങ്ങൾ അവനെ സൂക്ഷിച്ചുകൊണ്ടിരുന്നപ്പോൾ അവളും വിഷം കഴിച്ചുകളഞ്ഞു. ശ്വാസം പോകുന്നില്ല. രണ്ടും ചത്തു കിടക്കുന്നു.

പോലീസുദ്യോഗസ്ഥൻ: പോക, നടക്കു. പോയിനോക്കു. മാൻസിംഗ് പോയിനോക്കു.

(എല്ലാവരും പോകുന്നു.)

യവനിക

• •

## ദൃശ്യം രണ്ടു്

[വഴി. ചിന്താമണിയും ഭ്രാന്തിയും പ്രവേശിക്കുന്നു.]

ചിന്താമണി: അമ്മാ, അല്പം നിക്കൂ. എനിക്കിനി നടക്കാൻ നിവൃത്തിയില്ല. ഇവിടെ കുറച്ചിരിക്കാം.

ഭ്രാന്തി: ഇരിക്കൂ അമ്മ, ഇരിക്കൂ. എനിക്കു കാത്തിരിക്കാൻ വയ്യ. അദ്ദേഹം വഴിയിലെന്നെ കാത്തിരിക്കയാണു്. അമാന്തിച്ചാലദ്ദേഹത്തിനെന്തു തോന്നും! നിങ്ങൾ നിങ്ങളുടെ ഭർത്താവിൻെറ അടുത്തേക്കു പോകൂ. നിങ്ങളുടെയിഷ്ടം നിങ്ങക്കു്. എൻെറയിഷ്ടം എനിക്കും. ഒരേ കൃഷ്ണൻ പല രൂപം. നിങ്ങൾ നിങ്ങടെ കൃഷ്ണന്റടുത്തേക്കു പോകൂ. ഞാനെൻെറ കൃഷ്ണൻറടുത്തേക്കും പോകാം. അദ്ദേഹം ഒന്നാണു്. രണ്ടല്ല. നിങ്ങൾക്കിഷ്ടം പോലെ നിങ്ങളുടെയടുത്തു്. എനിക്കിഷ്ടംപോലെ എൻറടുത്തു്. ശഠൻ, കപടൻ, ലമ്പടൻ ഇതെല്ലാമാണദ്ദേഹം. എന്നാൽ ഞാൻ പോകുന്നു. ഇല്ല, ഇവിടെത്തന്നെ ഇരിക്കാം. നിങ്ങൾ പറഞ്ഞില്ലേ ഇവിടെ ഇരിക്കാൻ.

ചിന്താമണി: (സ്വഗതം) സത്യം. ഞാനാരെയാണു കൂട്ടു പിടിച്ചിരിക്കുന്നതു്? ഏതായാലും പുറമേ ഒരു ഭ്രാന്തി തന്നെയാണല്ലോ. എനിക്കു മറെറല്ലാം ഉപേക്ഷിച്ചാൽ ഇവളുടെ കൂട്ടുകെട്ടും ഉപേക്ഷിച്ചുകൂടെ? വില്വമംഗൽ തനിച്ചുലയുന്നു. എൻെറകൂടെ നടക്കാൻ ഇനി ഇവരെ നിർബ്ബന്ധിക്കയില്ല. വരുന്നതു വരട്ടെ. കേട്ടിട്ടുണ്ടു്, കൃഷ്ണൻ എല്ലാവരുടേയുമാണെന്നു്. നോക്കാം, എന്റെ ഭാഗ്യം എങ്ങനെയെന്നു്. പക്ഷേ, എൻെറ ഹൃദയം നോവുന്നു. ഈ ഭ്രാന്തിയോടു യാത്രപറയണമെന്നു വിചാരിക്കുമ്പോൾ മനസ്സു കരയുന്നു.

ഭ്രാന്തി: നോക്കു, ആ പക്ഷി തനിച്ചു പാടുന്നു, പറക്കുന്നു.

ചിന്താമണി: അമ്മാ, എനിക്കെല്ലാം മനസ്സിലായി. എന്നാലും ഹൃദയം മനസ്സിലാക്കുന്നില്ല. അമ്മാ, നിങ്ങൾ സർവ്വത്യാഗിയും കൃഷ്ണനിലനുരക്തയുമാണു്. എൻെറ ഹൃദയത്തിലും ആഗ്രഹം ഉണരുന്നു. ഞാൻ തെററുചെയ്ത വില്വമംഗലിൻെറ കാൽക്കൽ വീണു ക്ഷമയാചിക്കും. അദ്ദേഹമെന്നോട്ടു് ദയകാണിച്ചില്ലെങ്കിൽ കൃഷ്ണനെനിക്കു് ആശ്രയം തരുകില്ല. സാധുസദാശയനായ അദ്ദേഹത്തിനു ഞാനായിരം അപമാനങ്ങൾ വരുത്തി. എനിക്കു് കൃഷ്ണചരണങ്ങൾ ലഭിക്കുമോ? ഞാനദ്ദേഹത്തിന്റെ അടുക്കലേക്കു പോകും. അദ്ദേഹത്തിൻെറ പാദധൂളി ഗ്രഹിക്കും. കൃതാഞ്ജലിയോടുകൂടി ഞാൻ മാപ്പപേക്ഷിക്കും. എന്നാലേ എൻെറ മാലിന്യങ്ങൾ പോയി കൃഷ്ണനിൽ ബുദ്ധിചേരൂ. നിങ്ങളുടെ ഉപദേശം ഞാൻ സ്വീകരിക്കുന്നു. ഏകയായി ഞാനീ ഭൂമിയിലൊററയ്ക്കു സഞ്ചരിക്കും. അമ്മാ, എന്റെ മനസ്സിലിതാണാഗ്രഹം, കഴിയുമെങ്കിൽ പക്ഷിയെപ്പോലെ ചിലപ്പോൾ പാടണം. അമ്മ പോകുക. നിങ്ങളുടെ പ്രാണനാഥൻ വിളിക്കുന്നിടത്തേക്കു നിങ്ങൾ പോക. ഓർമ്മിക്കുമെങ്കിൽ എനിക്കു ദർശനം തരൂ. നിങ്ങളെൻെറ അമ്മയാണു്. കന്യകയായ പുത്രിയെ ഉപേക്ഷിച്ചു് നിശ്ചിന്തയായിരിക്കാൻ സാദ്ധ്യമല്ല. ഹേ സതീ, നിങ്ങളുടെ പതി വിളിക്കുന്നിടത്തേക്കു പോകുക.

ഭ്രാന്തി: പോകുന്നു അമ്മാ, ഞാൻ പോണു. ഞാൻ വീണ്ടും വരും. ഞാൻ ഭ്രാന്തരുടെ അമ്മയാണു്. നീയും ഭ്രാന്തിയാണല്ലോ. ഞാൻ നിൻെറടുത്തിനിയും വരും. ഞാൻ പോകുന്നു. അമ്മാ ഞാൻ പോണു. (പാടിക്കൊണ്ടു പോകുന്നു.)

• •

നിൻ മുരളീനാദം കേട്ടുകേട്ടെൻ
മാനസമാകെ തുള്ളിവിളിക്കുന്നു.
ഏകയായ് കാത്തിരുന്നീടുമീ ഞാൻ
വേണുഗാനം ശ്രവിച്ചുല്ലസിക്കും
നിൻെറ വേണു മൂളുമ്പോഴെല്ലാം
ഭ്രാന്തമാമെൻ വേണുവും രമിപ്പൂ
നീയെന്നെക്കൈവിട്ടുപോയീടൊല്ലേ
തുച്ഛമായെന്നെക്കരുതീടൊല്ലേ.

ചിന്താമണി: കണ്ണേ, നീ നിൻെറ അശ്രുക്കളെ വീഴ്ത്തുന്നില്ലേ? മററൊരാൾക്കുവേണ്ടിയും നീ കണ്ണീരുവീഴ്ത്തിയിട്ടില്ലല്ലോ. അഭിമാനത്തോടെ ആ ഗുണനിധി വിട്ടുപിരിഞ്ഞപ്പോഴും ഒരുതുള്ളി കണ്ണുനീരു നീ പതിപ്പിച്ചില്ല. നീ കരളിനെ കണ്ണീരുകൊണ്ടു നിറയ്ക്കൂ, നിന്റെ ജലത്തിൽ ഹൃദയത്തിലെ മാലിന്യം കഴുകിക്കളയട്ടെ. തപ്തമായ ഹൃദയം ഒന്നു തണുക്കട്ടെ. നിൻെറ കണ്ണുനീർ പ്രവാഹമില്ലെങ്കിൽ മനോമാലിന്യം പോകയില്ല. കല്ലു പിളർന്നു ജലം വരട്ടെ. ശ്മശാനതുല്യമായ ഈ മനസ്സിൽ ജലം വീഴട്ടെ. ചിതയുടെ തീജ്വാലകളുയരുന്നു. സ്വാർത്ഥചിന്ത എപ്പോഴും പ്രബലമായിരിക്കുന്നു. സ്വാർത്ഥതയേ, നിന്നെക്കൊണ്ടെന്തു ലാഭം? എന്തിനാണു നീ എന്നെ ഭ്രമിപ്പിച്ചതു്? എന്തിനാണെന്നെ ഇങ്ങനെ കല്ലുപോലെയാക്കിയതു്? ദയാമയനായ ഭഗവാൻ! പതിതപാവനനായ അങ്ങു് എന്നെ രക്ഷിച്ചാലും. മനോവികാരംകൊണ്ടു് ഞാൻ മരിക്കുന്നു. ഈ അബലയോടു കൃപചെയ്യൂ.

(ഭിക്ഷു പ്രവേശിക്കുന്നു.)

ഭിക്ഷു: ങ്ഹാ. അമ്മാ, എന്തിനാണിവിടെ തനിച്ചിരുന്നു കരയുന്നതു്? വീട്ടിലേക്കു മടങ്ങിപ്പോകണോ?

ചിന്താമണി: നിങ്ങളാരാണു്?

ഭിക്ഷു: എൻെറ കയ്യിലാണു് ആ ഭ്രാന്തി താക്കോല്യ തന്നതു്. നിങ്ങൾക്കു വീട്ടിലേക്കു പോകണമെന്നുണ്ടെങ്കിൽ ഞാനവിടെക്കൊണ്ടു വിട്ടേക്കാം. എന്താണിങ്ങനെ തുറിച്ചുനോക്കുന്നതു്? എനിക്കു മോട്ടിച്ചോണ്ടുപോകാൻ നിങ്ങളുടെയടുത്തൊന്നുമില്ലല്ലോ.

ചിന്താമണി: എനിക്കിനി വീട്ടിൽ പോവണ്ട.

ഭിക്ഷു: പിന്നെങ്ങോട്ടു പോണു?

ചിന്താമണി: എൻെറയീ കണ്ണുകൾ കൊണ്ടുപോകുന്നിടത്തേക്കു്.

ഭിക്ഷു: ഞാൻ എന്താണെന്നോ ചോദിച്ചതു്? കേൾക്കു. ഞാൻ വൃന്ദാവനത്തിലേക്കു പോകണമെന്നു കരുതിയിരിക്കയാണു്. നിങ്ങൾ വരുന്നെങ്കിൽ നമുക്കൊരുമിച്ചു പോകാം. കുറച്ചുദിവസം എനിക്കു കഴിക്കുവാനുള്ളതു് നിങ്ങളുടെ പക്കൽനിന്നു കിട്ടുകയും ചെയ്യും.

ചിന്താമണി: നിങ്ങൾക്കറിഞ്ഞുകൂടാ, എൻെറ കയ്യിലൊന്നുമില്ലന്നു്. ഞാൻ ഭിക്ഷയാചിച്ചു കഴിയുന്നു.

ഭിക്ഷു: നിങ്ങളുടെ കീശയിലൊന്നുമില്ലെന്നെനിക്കറിയാം. എന്നാൽ ഉണ്ടു്.

ചിന്താമണി: ഞാൻ വീട്ടിൽനിന്നും പണം കൊണ്ടുവന്നിട്ടുണ്ടെന്നാണോ നീ വിചാരിക്കുന്നതു്? അങ്ങനെയല്ല. അൎത്ഥം മോഹിച്ചു് എനിക്കു വിഷം തരാനാശിച്ചവൎക്കായി എൻെറ സ്വത്തു കൊടുത്തിട്ടു ഞാൻ പോന്നു. അവരറിയുന്നില്ല, അവൎക്കെന്തു വിഷമാണു് ഞാൻ കൊടുത്തിരിക്കുന്നതെന്നു്. നിങ്ങൾ കണ്ടില്ലേ, ഞാൻ താക്കോല്യം കളഞ്ഞിട്ടല്ലേ പോന്നതു്?

ഭിക്ഷു: ഞാൻ കണ്ടു. ഈ കെട്ടൊന്നഴിക്കട്ടെ. (ആഭരണങ്ങൾ വെളിയിലെടുത്തു്) ഇതാരുടേതാണു്?

ചിന്താമണി: ആരുടേയോ!

ഭിക്ഷു: നോക്കു, മനസ്സിലായില്ലേ! എടുത്തുകൊള്ളൂ. ഭ്രാന്തിക്കു നിങ്ങൾ കൊടുത്തതുതന്നെയാണിതും.

ചിന്താമണി: നിനക്കിതെവിടെനിന്നു കിട്ടി?

ഭിക്ഷു: ഞാൻ മോട്ടിക്കാനുദ്ദേശിച്ചിരുന്നു. അതു വേണ്ടിവന്നില്ല. ഭ്രാന്തിതന്നെ എനിക്കിതു തന്നു.

ചിന്താമണി: അപ്പോഴതു നിങ്ങളുടെയാണ്. എൻേറതെന്നെന്തിനു പറയുന്നു?

ഭിക്ഷു: അമ്മാ, ആഭരണങ്ങൾ കണ്ടുപിടിച്ചാൽ ഞാനിപ്പോൾത്തന്നെ കുഴങ്ങും. ആ ഭ്രാന്തിയെ കളിപ്പിച്ചു വാങ്ങുന്നതു് ഒരു കുട്ടിയെ കളിപ്പിച്ചു വാങ്ങുന്നതുപോലെയാണ്.

ചിന്താമണി: അല്ലല്ല. ഈ ആഭരണം നിങ്ങളുടെയാണ്.

ഭിക്ഷു: കൊള്ളാം. സത്യം. എനിക്കിരിക്കട്ടെ എന്നു പറഞ്ഞു ഭ്രാന്തി തന്നതുകൊണ്ട് ഇതെൻേറതായെങ്കിൽ ഞാൻ ഇതു നിങ്ങൾക്കു തരുന്നു. ഇപ്പോളിതു നിങ്ങളുടേതായിത്തീൎന്നു.

ചിന്താമണി: ഇല്ല. എനിക്കു് ആഭരണത്തിൻേറ ആവശ്യമില്ല.

ഭിക്ഷു: പറയട്ടെ. ഒന്നു നിങ്ങളെടുത്തുകൊള്ളൂ. ഞാൻ പിന്നെ വാങ്ങിക്കൊള്ളാം.

ചിന്താമണി: ആഹാ, നിനക്കു ഭ്രാന്തുണ്ടോ?

ഭിക്ഷു: ഞാൻ മൂഢനെന്നും നിങ്ങൾ ബുദ്ധിയുള്ളവളെന്നും നിങ്ങൾ വിചാരിക്കുന്നതെന്താ? ഞാൻ പറയാമല്ലോ, എനിക്കു മോഷണശീലമുണ്ട്. ഇപ്പോൾ വലിയ ആലോചനയ്ക്കുശേഷം ഈ രോഗം ഉപേക്ഷിക്കാൻ ഞാൻ നിശ്ചയിച്ചിരിക്ക്യാണ്. ഒരു ശല്യംമാത്രം. മോട്ടിക്കാതെ വെറുതെ കിടന്നാൽ രാത്രിയിലെനിക്കു്

ഉറക്കം വരുന്നില്ല. അതിനു ഞാനെന്തുചെയ്യുമെന്നറി ന്നാമോ? ഒരു വൃക്ഷത്തെ മനുഷ്യനെന്നു സങ്കല്പിച്ച്, ഈ കെട്ടു നിൻെറയാണെന്നു പറയും. എന്നിട്ടു ഞാനാ വൃക്ഷത്തെ സൂക്ഷിച്ചുകൊണ്ടേ നടക്കൂ. ശാഖകൾ ചലിച്ചുകൊണ്ടിരിക്കയാണെങ്കിൽ ഇയാൾ ഉണൎന്നു എന്നു ഞാൻ സങ്കല്പിക്കും. അദ്ധരാത്രിയിൽ ആ വൃക്ഷത്തിനു ചലനമില്ലാത്തപ്പോൾ ഞാനാ കെട്ടെടുത്തുകൊണ്ട് ഓടും. പോലീസ് എന്നെ പിടിക്കാൻ പുറകേയുണ്ടെന്ന ധാരണയിൽ ആവുന്നത്ര വേഗത്തിലോടും. അവസാനം വല്ല ചെടിയുടേയും ചുവട്ടിൽ കെട്ടു വച്ച് സുഖമായി കിടന്നുറങ്ങും. ഞാനീ ആഭരണം വിററ് ഊണു കഴിക്കാം. ആഭരണം മുഴവൻ തീൎന്നാൽ വല്ല കല്ലും പകരം പൊതിഞ്ഞുകെട്ടി ഞാനതു മോട്ടിക്കട്ടെ. ഇനി നിങ്ങക്കും ഇതു സൗകര്യംതന്നെ. നിങ്ങക്ക് ഈ ക്ലേശം സഹിക്കാൻ വയ്യ. ഒരിക്കലും ഇത്ര ക്ലേശിച്ചിട്ടില്ലല്ലോ. ഭ്രാന്തിയെപ്പോലെ സഹിക്കാൻ കഴിയുമ്പോൾ ഇഷ്ടംപോലെയായിക്കൊള്ളു.

ചിന്താമണി: (സ്വഗതം) പൂൎവ്വസംസ്കാരം ധന്യമായിട്ടുള്ളതാണ്. ഈ വികാരമെന്നാണ് മാറുക! മരച്ചോട്ടിൽ താമസിക്കുമ്പോഴും കല്മഷിതമായ ശയ്യയെയാണ് ഞാനോൎമ്മിക്കുന്നതു്. ആ കിടക്കയിലാണല്ലോ ദേഹം വിററ് ഞാൻ പണം സമ്പാദിച്ചതു്. അവർ വിഷംചേൎത്ത തന്നപോലെയുള്ള ആഹാരത്തെയും ഈ മുഷിഞ്ഞ വസ്ത്രാഭരണങ്ങളെയും ഞാൻ വെറുക്കുന്നു. ആഭരണം ഞാനാഗ്രഹിക്കുന്നു, ഈ വഞ്ചനക്കൂടിനെ അലങ്കരിക്കാൻ. അതാണ് ഞാനാലോചിക്കുന്നതു്. ഈ പൂൎവ്വസംസ്കാരം എന്നു മാറും!

ഭിക്ഷു: എന്താണാലോചിക്കുന്നതു്? അമ്മയും മകനും പോലെ നമുക്കു രണ്ടുപേർക്കും പോകാം.

ചിന്താമണി: എവിടെപ്പോകാനാണു്?

ഭിക്ഷു: നിങ്ങൾക്കു മനസ്സുള്ളിടത്തേക്കു്.

ചിന്താമണി: പോകാം.

ഭിക്ഷു: (പാടിക്കൊണ്ടു നടക്കുന്നു.)

സർവ്വവും മായയാണെനിക്കിന്നു
കൃഷ്ണനെ ലഭിച്ചീടണം
ഞാനറിയുവതെന്തു തുച്ഛ,മെൻ
തോൽവികൾ ജയിച്ചീടണം
നല്ലവനാമൊരാളെയെങ്കിലും
കാണുവാൻ തിരയുന്നു ഞാൻ,
ജീവിതത്തിനുപരിയൊന്നു പറക്കുവാൻ
കഴിഞ്ഞെങ്കിലോ.

(ചിന്താമണിയും, അലസമായി പാടിക്കൊണ്ടു് ഭിക്ഷുവും പോകുന്നു.)

യവനിക

## ദൃശ്യം മൂന്നു്

[വ്യാപാരിയുടെ വീടു്. വ്യാപാരിയും അഹല്യയും.]

വ്യാപാരി: എന്താ ചിരിക്കുന്നതു്?

അഹല്യ: നിങ്ങളുടെ ഒരു മുടി വെളുത്തിരിക്കുന്നു. നിങ്ങൾ വൃദ്ധനായിപ്പോയി. നിങ്ങൾ ചിരിക്കുന്നതെന്താണു്?

വ്യാപാരി: വൃദ്ധനായല്ലോ എന്നു വിചാരിക്കയായിരുന്നു. ഇനിയെന്താ ചെയ്ക!

അഹല്യ: (ചിരിക്കുന്നു.) ഹൊ ഹൊ! ഭേഷായ്. ഇനി നിങ്ങളെയാരും വേൾക്കുകില്ല.

വ്യാപാരി: അങ്ങനെയോ? പിന്നെ നമുക്കിവിടിരുന്നിട്ടെന്തു പ്രയോജനമാണു്? പോകാം. നമുക്കു പൊയ്ക്കളയാം.

അഹല്യ: കൊള്ളാം. പോകാം.

വ്യാപാരി: എങ്ങോട്ടെന്നു പറഞ്ഞില്ലല്ലോ.

അഹല്യ: ഞാനെങ്ങനെ അറിയും? നിങ്ങൾതന്നെ പറയൂ.

വ്യാപാരി: നിങ്ങൾക്കറിയാം.

അഹല്യ: അറിയാമല്ലോ. പിന്നെന്തിനാണെന്നോടു ചോദിക്കുന്നതു്?

വ്യാപാരി: പറയൂ, എന്താ മനസ്സിലാക്കിയതു്? ദിവസങ്ങളങ്ങു പോകുന്നു.

അഹല്യ: ഞാനെങ്ങനെ അറിയും? നിങ്ങൾതന്നെ പറയുകില്ലേ?

വ്യാപാരി: കേൾക്കൂ, എന്റെ നരച്ച തല പറയുന്നു, കാലൻ വന്നു പിടിച്ചിരിക്കുന്നുവെന്നു്. തലമുടി പറയുന്നു, അങ്ങിപ്പോൾ ബാലനല്ലെന്നു്. എന്തുതന്നെയായാലും പോകണം. പോകുന്നതിനുവേണ്ടി വഴിക്കുള്ള ആഹാരം ജോലിചെയ്തു സമ്പാദിക്കണം. ഒന്നിനെയും കൂടെക്കൊണ്ടുപോകാൻ പറ്റുകയില്ല. ദിവസങ്ങൾ നീങ്ങിപ്പോകയാണു്. എല്ലാം കൗതുകത്തിൽ കഴിഞ്ഞു. ഈ ജന്മത്തിൽ ഹരിനാമകീർത്തനം ചെയ്തില്ലല്ലോ. കുട്ടിക്കാലത്തു് പാവയോടൊത്തു കളിച്ചു. യൗവനകാലത്തു് കാമിനീകാഞ്ചനങ്ങളിൽ രസിച്ചു. ഈ വെളുത്ത മുടി പറയുന്നു: അതെല്ലാം കഴിഞ്ഞു. നൂതനമായി എന്തു കളിക്കാണു് നീ ഒരുങ്ങുന്നതു്? ഈ കളികൾ

വേഗം തീൎന്നുപോകും. തനിയേ വന്നു. തനിയേ പോകണം.

അഹല്യ: പ്രാണനാഥാ, ആ വിചാരം എനിക്കില്ല. ആദ്യം അങ്ങാണ് ഇവിടെ വന്നതു്. ഞാൻ പുറകെയും. ഹൃദയം ബന്ധിക്കപ്പെട്ടുകഴിഞ്ഞു. അതുകൊണ്ടു് അങ്ങയുടെ പുറകിൽത്തന്നെ ജീവിക്കുന്നു. സ്വാമീ, അങ്ങയുടേതാണു ഞാൻ. അങ്ങയുടെ പാദങ്ങളിലാണെൻെറ ആശ്രയം.

വ്യാപാരി: വരൂ. നമുക്കു വൃന്ദാവനത്തിലേക്കു പോകാം.

അഹല്യ: പോകാം.

വ്യാപാരി: നീ തയാറാകൂ.

(ഗോപാലബാലൻ പ്രവേശിക്കുന്നു.)

ഗോപാലബാലൻ: ശരിശരി! നിങ്ങൾ വൃന്ദാവനത്തിലേക്കു പോകയാണല്ലേ?

അഹല്യ: അഹാ നോക്കൂ, നോക്കൂ. എത്ര സുന്ദരനായ കുട്ടി! (ഗോപാലബാലനോടു്) നീ ആരുടെ മകനാണു കുഞ്ഞേ?

ഗോപാലബാലൻ: മനസ്സിലായില്ലേ. ഞാനൊരാട്ടിടയക്കുട്ടിയാണെന്നു്?

വ്യാപാരി: നീ എങ്ങനെ ഇവിടെ വന്നു?

അഹല്യ: നീ എന്തിനു വന്നു?

ഗോപാലബാലൻ: ഞാൻ നിങ്ങളോടു പറഞ്ഞില്ലേ? നിങ്ങൾ വൃന്ദാവനത്തിലേക്കു പോകയാണോ എന്നു ചോദിക്കാൻ—

വ്യാപാരി: എന്തിനാണു് നീ അതന്വേഷിക്കുന്നതു്?

ഗോപാലബാലൻ: ഞാൻ ചുമ്മാതിങ്ങനെ എല്ലാ വീട്ടിലും ചോദിക്കും.

വ്യാപാരി: എന്തിനാ ചോദിക്കുന്നതു്?

ഗോപാലബാലൻ: എനിക്കൊരാവശ്യമുണ്ടു്. നിങ്ങൾ മറുപടി പറയുകില്ലേ?

അഹല്യ: പോകുന്നു. നീ വരുന്നുണ്ടോ?

ഗോപാലബാലൻ: ഉം.

അഹല്യ: (വ്യാപാരിയോടു്) ആഹ! ഈ കുട്ടിയെ എന്റെ മാറോടണയ്ക്കാൻ തോന്നുന്നു. (ഗോപാലബാലനോടു്) നിൻ്റമ്മ നിന്നോടൊന്നും പറയുകയില്ലേ?

ഗോപാലബാലൻ: എനിക്കമ്മയില്ല. അമ്മയുമില്ല, അച്ഛനുമില്ല.

അഹല്യ: നീ എവിടെയാണു താമസിക്കുന്നതു്?

ഗോപാലബാലൻ: ഞാൻ പശുക്കളെ മേയ്ക്കും. എവിടെങ്കിലും താമസിക്കും.

അഹല്യ: നിനക്കു പശുക്കളെ മേയ്ക്കാനറിയാമോ?

ഗോപാലബാലൻ: ഉം.

അഹല്യ: സത്യമായിട്ടും നിനക്കാരുമില്ലേ?

ഗോപാലബാലൻ: (അഹല്യയോടു്) നിങ്ങൾതന്നെ എൻ്റമ്മ. (വ്യാപാരിയോടു്) നിങ്ങൾ എൻ്റെ അച്ഛനും.

അഹല്യ: ശരി. അമ്മാ എന്നു വിളിക്കു, കേൾക്കട്ടെ.

ഗോപാലബാലൻ: അമ്മാ, അമ്മാ, അമ്മാ.

വ്യാപാരി: ഈ കുട്ടി അനാഥനാണു്.

ഗോപാലബാലൻ: അതെ, ഞാനനാഥനാണു്.

വ്യാപാരി: ഞങ്ങൾ ഇന്നുതന്നെ വൃന്ദാവനത്തിൽ പോകുന്നു.

ഗോപാലബാലൻ: ഹൈാ, ഹൈാ, ഭേഷായി. ഭേഷായി.

വ്യാപാരി: എന്താ നിനക്കു വൃന്ദാവനത്തിലേക്കു പോകാനാഗ്രഹം?

ഗോപാലബാലൻ: പക്ഷേ, ഞാനൊരു വലിയ വിഷമത്തിൽ പെട്ടിരിക്കയാണ്.

വ്യാപാരി: നിനക്കു വിഷമമോ?

ഗോപാലബാലൻ: നോക്കണം, അയാൾക്കുവേണ്ടി പശുക്കളെ മേയ്ക്കാൻ പോകാൻകൂടി സാധിക്കുന്നില്ല. അയാൾകാരണം കളിക്കാനും ഒക്കുന്നില്ല. വൃന്ദാവനത്തിൽനിന്നും ദൂരെപ്പോകാനും എനിക്കു വയ്യ. നിങ്ങൾക്ക് അയാളെക്കൂടി കൂട്ടിക്കൊണ്ടുപോകാമെങ്കിൽ ഞാനുംകൂടി വൃന്ദാവനത്തിലേക്കു വരാം.

വ്യാപാരി: എന്ത്?

ഗോപാലബാലൻ: നോക്കൂ, അയാൾക്കു കണ്ണു കാണുകില്ല. അയാൾ കൃഷ്ണ കൃഷ്ണ എന്നു പറഞ്ഞുംകൊണ്ട് നെഞ്ചിലിട്ടിടിച്ചുകൊണ്ടേയിരിക്കും. എൻെറ ഹൃദയം വല്ലാതാകുന്നു. അതുകൊണ്ട് ഞാനും കൂടെപ്പോകും. ഏതു കണ്ടകവനത്തിലും വീണേക്കും. ഊണുകഴിക്കാനൊന്നും കിട്ടുകില്ല. ഞാൻ കൊടുത്തില്ലെങ്കിൽ വേറെ ആരു കൊടുക്കും? ആരു ചെയ്യും? പറയൂ. അന്ധനായ ഒരു മനുഷ്യനാണ്. അയാൾക്കു കഴിക്കാനേ ആഗ്രഹമില്ല. അതുകൊണ്ടു ഞാൻ വളരെ നിർബന്ധിച്ചു കഴിപ്പിക്കും.

വ്യാപാരി: (അഹല്യയോട്) നോക്കൂ, ആ മഹാപുരുഷൻ തന്നെ.

അഹല്യ: എനിക്കും അങ്ങനെതന്നെ തോന്നുന്നു.

വ്യാപാരി: അദ്ദേഹം എവിടെയാണിരിക്കുന്നതു്?

ഗോപാലബാലൻ: അതു് ഏതെങ്കിലും വലിയ വനം കണ്ടാലവിടെയായിരിക്കും.

വ്യാപാരി: എന്തു ചെയ്തുകൊണ്ടിരിക്കും?

ഗോപാലബാലൻ: "കൃഷ്ണാ കൃഷ്ണാ" എന്നു പറഞ്ഞുകൊ

ണ്ടയിരിക്കും. കഴിഞ്ഞ ഏഴു ജന്മത്തിലും കൃഷ്ണൻ തന്റെ സേവകനായിരുന്നെന്നു തോന്നും.

വ്യാപാരി: (അല്പം ചിരിച്ചുകൊണ്ടു് അഹല്യയോടു്) ബാലൻ! (ഗോപാലബാലനോടു്) പിന്നെന്തു ചെയ്യും?

ഗോപാലബാലൻ: ചിലപ്പോൾ മുഖം ചെളിയിലിട്ടുരസ്സും. ചിലപ്പോൾ പെട്ടെന്നു താഴെ വീഴും. ചിലപ്പോൾ തല മുടി പറിച്ചുകളയും. നിങ്ങൾക്കദ്ദേഹത്തെ കൂട്ടിക്കൊണ്ടു പോകാമോ?

വ്യാപാരി: അദ്ദേഹം വരുമോ?

ഗോപാലബാലൻ: ഞാൻ കളിപ്പിച്ചുകൊണ്ടുവരാം. വൃന്ദാവനത്തിലേക്കു വരട്ടെ. "കൃഷ്ണകൃഷ്ണ" എന്നു വിളിക്കുന്നല്ലോ. കൃഷ്ണനെത്തന്നെ കിട്ടുമല്ലോ!

വ്യാപാരി: എങ്ങനെ അതറിഞ്ഞു?

ഗോപാലബാലൻ: വൃന്ദാവനത്തിൽ പോയാൽ കൃഷ്ണനെ കിട്ടുകില്ലേ?

വ്യാപാരി: വൃന്ദാവനത്തിൽ ചെന്നാൽ കൃഷ്ണനെ കാണാമോ?

ഗോപാലബാലൻ: ങ്ഹാ, കാണാൻ സാധിക്കാത്തതെന്താ? നിങ്ങളെല്ലാമറിഞ്ഞിരിക്കുന്നു!

അഹല്യ: നിങ്ങളും കൃഷ്ണനെ കാണുമോ?

ഗോപാലബാലൻ: എന്തിനാ? ഞാനെപ്പോഴും "കൃഷ്ണാ കൃഷ്ണാ" എന്നു വിളിക്കുന്നുണ്ടോ? ഞാൻ "കുരുട, കുരുട" എന്നു വിളിക്കും. എനിക്കു കുരുടനെ കിട്ടും. ആരെന്താഗ്രഹിക്കുന്നോ അതു കിട്ടും.

വ്യാപാരി: കുഞ്ഞേ, നിൻെറ സംസാരം എന്നിലാഗ്രഹം ഉദിപ്പിച്ചിരിക്കുന്നു. വൃന്ദാവനത്തിൽ കാണാനാഗ്രഹിക്കുന്നതെല്ലാം ഒരുവനു കാണാൻ സാധിക്കുമോ?

ഗോപാലബാലൻ: നമുക്കു പോയി നോക്കാം. ഞാൻ

പോയി അദ്ദേഹത്തോടു പറയട്ടെ. നിങ്ങൾ ആററിൻ കരെ ഒരു വഞ്ചിതയ്യാറാക്കു. അപ്പോഴേക്കും ഞാനദ്ദേഹത്തെയും കൂട്ടിക്കൊണ്ടുവരാം. ആ നദിയുടെ തീരത്തൊരു വലിയ വടവൃക്ഷമുണ്ടു്. അവിടെ ഘോരമായ വനമാണു്. ബ്രഹ്മരാക്ഷസന്മാരോടുള്ള പേടികൊണ്ടു് ആരും അവിടെ പോകാറില്ല. അദ്ദേഹമവിടെയാണിരിക്കുന്നതു്. ഞാൻ ഒട്ടും താമസിക്കുകില്ല. നോക്കു, നേരമായി. നിങ്ങൾ വന്നേക്കണം. (പോകുന്നു.)

അഹല്യ: ആഹാ, കുട്ടി അമ്മയെന്നു വിളിക്കുമ്പോൾ എൻെറ കരളിനൊരാശ്വാസം.

വ്യാപാരി: ആ കുട്ടി ഗോപാലനെപ്പോലെ തോന്നുന്നു. ഗോപാലൻതന്നെ വന്നു് നമ്മുടെ മനസ്സിൽ ആശ ഉണ്ടാക്കിയിരിക്കുന്നു എന്നാണെൻെറ ഊഹം. പക്ഷേ, ആ മഹാപുരുഷൻ നമ്മളുടെകൂടെ വരുമോ എന്നു ഞാൻ സംശയിക്കുന്നു. കണ്ടില്ലേ, നമ്മളെത്ര നിർബ്ബന്ധിച്ചിട്ടും അദ്ദേഹമിവിടെ താമസിക്കാത്തതു്. ആശ്ചര്യം! അദ്ദേഹം നമ്മുടെ സമീപത്തുതന്നെ കഴിയുന്നു. എങ്കിലും ഇനി അന്വേഷിച്ചിട്ടും കണ്ടുപിടിക്കാൻ സാധിച്ചിട്ടില്ലല്ലോ. ഒരുദിവസംപോലും കാണാൻ കഴിഞ്ഞില്ല. ആഹ! ഗോപാലബാലനാരാണു്? ആ ഭയങ്കര വനത്തിൽ ചെന്നദ്ദേഹത്തെ സേവിക്കുന്നുവല്ലോ?

അഹല്യ: കണ്ടില്ലേ, ഞാൻ പ്രസവിക്കാതെതന്നെ കണ്ണൻെറ അമ്മയായതു്? കുഞ്ഞില്ല, കുഞ്ഞില്ല, എന്നു് എല്ലാവരും പറയുന്നു. ഇപ്പോൾ രണ്ടു കുട്ടികളോടുകൂടി ഞാൻ വൃന്ദാവനത്തിൽ പോണു.

വ്യാപാരി: അദ്ദേഹം വരുമോ എന്നു ഞാൻ സംശയിക്കുന്നു.

അഹല്യ: നിശ്ചയമായും വരും. അവനൊരു ആട്ടിടയച്ചെ

രുക്കനല്ല. അതു ഗോപാലനാണ്. അവന്റെ മധുരമായ സംസാരംകൊണ്ടു് നിശ്ചയമായും പുറപ്പെട്ടും.

വ്യാപാരി: എന്നാൽ അമാന്തിക്കണ്ട. നമുക്കു വേഗം പോകാം.

(ഇരുവരും പോകുന്നു.)

യവനിക

## ദൃശ്യം നാലു്

[വനം. ഒരിടത്തു് വില്വമംഗൽ ഇരിക്കുന്നു.]

വില്വമംഗൽ: ഹാ കൃഷ്ണാ, കൃഷ്ണാ! അങ്ങു് എവിടെയാണ്? എല്ലാ ഹൃദയങ്ങളേയും അങ്ങയ്ക്കറിയാം. നോക്കൂ, എൻെറ ഹൃദയം വ്യാകുലമായിരിക്കുന്നു. വ്യാകുലനായ എനിക്കു ദർശനം തരൂ. ദീനനാഥാ, അങ്ങു് എവിടെയാണ്? എവിടെയാണു നീ. നീ എവിടെയാണ്? ഹാ കൃഷ്ണാ! (മോഹാലസ്യപ്പെടുന്നു.)

(ഗോപാലബാലൻ പ്രവേശിക്കുന്നു.)

ഗോപാലബാലൻ: (വില്വമംഗലൻെറ ചെവിയിൽ) കൃഷ്ണ കൃഷ്ണ കൃഷ്ണ!

വില്വമംഗൽ: (ബോധം വന്നിട്ടു്) കൃഷ്ണനെവിടെ! വേണുനാദം എവിടെ കേൾക്കാം? എൻെറ ആഗ്രഹങ്ങളെ ഇത്ര തട്ടുക്കുന്നതാരു്? അദ്ദേഹം ഇത്ര നിർദ്ദയനാണോ? ഇരിക്കട്ടെ. ഞാൻ മനസ്സിൽ സഹിച്ചുകൊള്ളാം. ഹായ്, ഹായ്. എൻെറ വേദനകൾ നിഷ്ഫലങ്ങളാണോ? അദ്ദേഹമിതുവരെ എൻേറതായില്ലല്ലോ? ദിവസങ്ങളും നീങ്ങിപ്പോകുന്നല്ലോ? ഈ ദേഹംകൊണ്ടു

ന്തു പ്രയോജനം? അറിഞ്ഞു. മനസ്സിലായി. എനിക്കു ഭാഗ്യമില്ല. എന്തുചെയ്യും? എവിടെപ്പോകും ഞാൻ? ഹരി, ഞാനെവിടെ പോകണം? ആരെനിക്കു നിൻെറ ദർശനം നല്കും? മുരളീധാരി, എൻറടുത്തേക്കു വരൂ. എൻെറ മുമ്പിൽ കാലിന്മേൽ കാൽ ചവുട്ടി നില്ക്കൂ. ഓടക്കുഴലൂതൂ. നോക്കൂ, ഞാനേകനാണു്. എൻറടുത്തേക്കു വരൂ. വരൂ. വരൂ.

ഗോപാലബാലൻ: ചെങ്ങാതീ, നിങ്ങളേകനാണോ? ഞാൻ നിങ്ങളുടെയടുത്തുതന്നെ ഉണ്ടല്ലോ, സഹോദരാ.

വില്വമംഗൽ: ഗോപാലാ, ഗോപാലാ, നീ വീണ്ടും വന്നോ? നീ എൻെറ സർവ്വനാശം വരുത്തും. നീ എന്നെ ഇനിയും മോഹത്തിലാഴ്ത്തും. നോക്കു്, നിൻെറ സംസാരം കേൾക്കുമ്പോൾ ഞാൻ കൃഷ്ണനെ മറന്നുപോകുന്നു. എനിക്കു കൃഷ്ണനെ സ്മരിക്കാൻകഴിയുന്നില്ല. നീ എന്തിനാണെന്നിയാ എന്നെ നോക്കുന്നതു്? പോകൂ. സഹോദരാ, നീ വീട്ടിൽ പൊയ്ക്കൊള്ളൂ. നിൻെറ കാല്ക്കൽ വീണു പറകയാണു്. ഞാൻ കൃഷ്ണനെ കാണാത്ത ജ്വാല കൊണ്ടു മരിക്കുന്നു. എനിക്കു കൃഷ്ണധനം കിട്ടിയില്ല. ഇതെന്തു ജ്വാലയാണെന്നറിയാമോ? ഗോപാലാ, നീ ഇതറിയുന്നുവെങ്കിൽ ചെന്നു കൃഷ്ണനെ കൊണ്ടുതരൂ. ഞാൻ നിൻെറ ദാസനായി ജീവിക്കാം. നീ പോകൂ. നീ പോ ഗോപാലാ. എന്തിനാണെപ്പോഴും കുഴപ്പം വർദ്ധിപ്പിക്കുന്നതു്. ഈ സംസാരാധാരത്തെ ത്യജിച്ചു് ഞാൻ അദ്ദേഹത്തിൻെറ പാദങ്ങളെ ആശ്രയിക്കുന്നു. അദ്ദേഹം രക്ഷിച്ചാൽ ഞാൻ ജീവിക്കും. കൊന്നാൽ ചാകും. ഞാൻ അതിദീനനാണു്. ഞാൻ അതിഹീനനാണു്. ഹേ, ഗോപാലാ, ഈ കൊടുങ്കാട്ടിൽ ഈ നിർഭാഗ്യവാൻെറ സഹവാസത്തിനു നീ എന്തിനു

വരുന്നു? ഗോപാലാ, അറിയാമെങ്കിൽ പറയൂ. ഈ വനാന്ധകാരത്തിൽ എൻെറ ഹൃദയപ്രകാശംതരുന്ന വനമാലിയായ കൃഷ്ണനെവിടെ? എനിക്കദ്ദേഹത്തെ കൊണ്ടുതരൂ. പ്രേമംകൊണ്ടെൻെറ വിശപ്പടക്കൂ.

ഗോപാലബാലൻ: ഞാൻ പോകാൻ പറയുകയാണോ? സഹോദരാ, നിങ്ങളൊന്നും കഴിച്ചില്ലല്ലോ.

വില്വമംഗൽ: ഞാൻ കഴിച്ചുകൊള്ളാം. നീ പോകൂ. നിൻെറ സംസാരം കേൾക്കുമ്പോൾത്തന്നെ ഞാൻ കൃഷ്ണനെ മറന്നുപോകുന്നു.

ഗോപാലബാലൻ: നിങ്ങൾ ആഹാരം കഴിക്കാമോ? ആരാണിവിടെ നിങ്ങൾക്കാഹാരം കൊണ്ടുതരുന്നത്? ബ്രഹ്മരാക്ഷസഭയത്താൽ ആരുമീവഴി നടക്കുകപോലുമില്ല സഹോദരാ!

വില്വമംഗൽ: ഗോപാലാ, നീ പോകൂ, സഹോദരാ. എൻെറ മനസ്സ് അന്യമായിരിക്കുന്നു. നീ അതിനെ വിമനസ്കനാക്കരുത്. നോക്കൂ, കൃഷ്ണൻ എൻേറതായിട്ടില്ല. കൃഷ്ണനെ എപ്പോൾ കാണാം?

(അണിയറയിൽ ശംഖനാദവും മണിനാദവും കേൾക്കുന്നു.)

ഇതാ ശംഖും മണിയും നാദം മുഴക്കുന്നു. ബ്രാഹ്മണൻ സന്ധ്യാവന്ദനം നടത്തുന്നു. ദിവസങ്ങൾ പൊയ്പോകുന്നു. ഇതുവരെ കണ്ടില്ലല്ലോ. കൊള്ളാം. കൊള്ളാം. എവിടെ? ഗുണനിധിയായ നീ കാണിച്ചുതരൂ. ദയാമയ! ദർശനം തന്നില്ലെങ്കിൽ ഞാൻ മരിക്കും. വ്യാകുലയായ എൻെറ പ്രാണൻ എവിടെ പോകണം? ദർശനം നല്കുക. എവിടെ കാണാൻ സാധിക്കും? മുരളി ഒന്നു തരൂ. രാധികാരമണനെ ഒന്നു തരൂ.

ഗോപാലബാലൻ: ശരി സഹോദരാ. നിങ്ങൾ കൃഷ്ണനെ ഭജിക്കൂ. ഞാൻ മിണ്ടാതിരുന്നു കേൾക്കാം.

വില്വമംഗൽ: വേണ്ട അനുജാ. നീ ബാലനാണ്. നീ എന്തിനിവിടിരിക്കുന്നു?

ഗോപാലബാലൻ: നിങ്ങൾ എന്തിനാണീ വനത്തിലിരുന്ന് ഞാൻ ഏകനാണ്, ഞാൻ ഏകനാണ് എന്നു നിലവിളിക്കുന്നതു്? അതു കേൾക്കുമ്പോൾ ഞാനും കരഞ്ഞുപോകും.

വില്വമംഗൽ: വേണ്ട. ഹെ. ഈ ഗോപാലനെന്റെ സർവ്വനാശം വരുത്തും. കൃഷ്ണനെ കണ്ടുമില്ല. വീണ്ടും ഈ മോഹവും ബാധിക്കുന്നു. ഞാൻ പ്രാണത്യാഗം ചെയ്തുകളയാം.

ഗോപാലബാലൻ: അരുതു സഹോദരാ, എൻെറ മനസ്സെന്തു ചെയ്യും പിന്നീട്ട്?

വില്വമംഗൽ: ഗോപാലാ, നീ ആരാണ്? നിൻെറ കൈയിൽനിന്ന് ഞാനെങ്ങനെ ഒന്നു രക്ഷപ്പെട്ടും? നീ എന്നെ മരിക്കാനെങ്കിലും അനുവദിക്കുന്നില്ലല്ലോ.

ഗോപാലബാലൻ: കൊള്ളാം സഹോദരാ, നിങ്ങൾക്ക് വൃന്ദാവനത്തിലേക്കു പോന്നാലെന്താണ്? വരൂ, പോകാം. വൃന്ദാവനത്തിൽ പോയി കൃഷ്ണനെ കാണാം. എൻെറ വാക്കു പൊളിയല്ല. ഇതു കള്ളമോ സത്യമോ എന്നു കണ്ടുകൊള്ളു.

വില്വമംഗൽ: പോകാം, പോകാം. വൃന്ദാവനത്തിലേക്കു പോകാം. ഈ പ്രേമഹീനൻ ആ പ്രേമധാമത്തിൻെറ അട്ടത്തേക്കു പോകട്ടെ. അവിടെ യമുനാപുളിനത്തിൽ മാധവൻ മുരളി വായിക്കുന്നു. ഇടയന്മാർ കുതൂഹലത്തോടെ വനമാലകളൊരുക്കുന്നു. ഗോപാലാ, പോകാം. ശ്രീഗോപാലനെ കാണാൻ പോകാം. "കൃഷ്ണ, കൃഷ്ണ" എന്നു പറഞ്ഞുകൊണ്ട് നമുക്കു പോകാം. അവിടത്തെ മണ്ണിൽ പുരളാം. ദേഹത്തിൽ ധരിക്കാം. പ്രേമത്തിന്റെ

പുളകം വരും. ദേഹം വിറയ്ക്കും. പ്രേമധാരയിൽ ഞാൻ മുഴുകും. ഉന്മാദനൎത്തനം ചെയ്യും. ചിലപ്പോൾ ചിരിക്കും. ഉറക്കെ ചിരിക്കും. എൻെറ പ്രാണകൃഷ്ണൻെറ വൃന്ദാവനത്തിൽ പോകാം. (പോകാൻ ഒരുങ്ങുന്നു.)

ഗോപാലബാലൻ: ആ വഴിക്കു പോകുന്നതെവിടേക്കാണ്? വൃന്ദാവനം ഈ ദിക്കിലാണ്.

വില്വമംഗൽ: എവിടെയാണ് ഭ്രമരങ്ങൾ പാടുന്നത്? നിന്റെ മുരളി ധ്വനിക്കുന്നതെവിടെ? തരംഗിണിയായ നദി ഉന്മത്തയായി പ്രവഹിക്കുന്നതെവിടെ? പീതാംബരധാരി മുരളിയെ അധരങ്ങളിൽ ചേൎത്ത് ഇടത്തുവശത്ത് രാധയോടുകൂടിയിരിക്കുന്ന കൃഷ്ണനെവിടെ? നീ എവിടെയാണ്? എനിക്ക് എന്തുപററി? നീ വൃന്ദാവനത്തിലെ മാധവനല്ലേ?

ഗോപാലബാലൻ: അതെ, അദ്ദേഹത്തെ കാണാൻ പോകാം. വരിക, കാണാൻ പോകാം. (പാടുന്നു.)

വൃന്ദാവനത്തിൽ പശുക്കളെ മേച്ചിടാം
വൃന്ദനൃത്തം ചെയ്തുമുല്ലസിക്കാം
വേണുവാൽ ഗാനവും കേൾപ്പിച്ചിടാം
സ്നേഹമോടെ നമുക്കാമോദിക്കാം
എന്നാശപോലെൻെറ കൂട്ടരുമായി മെല്ലെ
മെല്ലെ വൃന്ദാവനത്തിൽ രസിക്കാം.

(ഇരുവരും പോകുന്നു.)

യവനിക

# അങ്കം അഞ്ച്

## ദൃശ്യം ഒന്നു്

[വൃന്ദാവനം. ഗോവർദ്ധനപർവ്വതം. ചിന്താമണി ഇരിക്കുന്നു.]

ചിന്താമണി: മനസ്സേ, അദ്ദേഹത്തിനെ ആകർഷിക്കാൻ മുമ്പു് എത്ര വിലപിടിച്ച വസ്തുങ്ങൾ നീ ധരിപ്പിച്ചു? ഇപ്പോൾ പറയൂ. ഏതു വേഷത്തിൽ ചെന്നാൽ അദ്ദേഹം കൃപചെയ്യും? സ്വർണ്ണാഭരണങ്ങൾകൊണ്ടു് ഈ ദേഹം അലങ്കരിച്ചു് കളങ്കിതഹൃദയത്തെ പ്രദർശിപ്പിച്ചു. ഇപ്പോൾ ഭസ്മംതന്നെയാകട്ടെ നിന്റെ ആഭരണം. അല്ലെങ്കിൽ നിന്നോടാ മഹാപുരുഷൻ കൃപചെയ്കയില്ല. ഇതിനേക്കാൾ സുന്ദരമായ ഭൂഷണം നീ ഇതിന്നുമുമ്പു ധരിച്ചിട്ടില്ല. (ദേഹത്തിൽ ഭസ്മം തേയ്ക്കുന്നു.) ഞാൻ ആഭരണമണിഞ്ഞുകഴിഞ്ഞു. തലമുടി ശരിയാക്കട്ടെ. മുടി—നീയാണു വലിയ വഞ്ചകൻ. എല്ലായ്പോഴും നീ എന്റെ സ്നേഹിതനാണെന്നു പറയുന്നു. അന്യരെ കബളിപ്പിക്കാനാണു് നീ എപ്പോഴും ആഗ്രഹിക്കുന്നതു്. നിന്റെ വഞ്ചനകൊണ്ടു മതിമറന്നു് ഞാൻ തലമുടി മിനുക്കിവെച്ചിരുന്നു. നീ ശഠനാണു്. ഇന്നു നിന്നെ ഒരു പുതിയ രീതിയിലൊരുക്കാം. നീ ഇനി ഒരിക്കലും ആ സാധോത്തമനെ വഞ്ചിക്കരുതു്. അദ്ദേഹത്തിന്റെ കൃപയുണ്ടെങ്കിൽ കൃഷ്ണചന്ദ്രനെ ലഭിക്കും. ഹാ! ഞാൻ വളരെ പതിതയാണു്. പതിതപാവനനെ എനിക്കു ലഭിക്കുമോ? (തലമുടി മുറിക്കാൻ ഭാവിക്കുന്നു.)

(ഗോപാലബാലൻ പ്രവേശിക്കുന്നു.)

ഗോപാലബാലൻ: (ചിന്താമണിയുടെ കൈയിൽനിന്നും പിച്ചാത്തി പിടിച്ചുപറിക്കുന്നു.) ഛീ! സഹോദരി എന്തിനാണു തലമുടി മുറിക്കാനൊരുങ്ങുന്നതു്? വെട്ടി ക്കളയാനുള്ളതാണോ തലമുടി? ഛി, ഛി. തലമുടി മുറിക്കരുതു്.

ചിന്താമണി: ആഹാ, നീ ആരാണു കുഞ്ഞേ? മധുരാധുര മായ നിൻെറ വാക്കുകേട്ടു ഞാൻ വിശ്വസിക്കുന്നു. എ ന്തൊരാശ്വാസം!

ഗോപാലബാലൻ: നിങ്ങളും 'കൃഷ്ണകൃഷ്ണ' എന്നു പറഞ്ഞു കൊണ്ടിരിക്കയാണെന്നു തോന്നുന്നു. അങ്ങനെയിരിക്ക രുതു്. ഞാനങ്ങു പോകും.

ചിന്താമണി: ആഹാ, നീ ആരാണു്?

ഗോപാലബാലൻ: ഛെ. സഹോദരീ, നിങ്ങൾക്കു നല്ല വാക്കുപറയാനറിഞ്ഞുകൂടാ. നിങ്ങൾ 'നീയാരാണു കുഞ്ഞേ' എന്നിങ്ങനെ ചോദിച്ചാൽ 'നിങ്ങളോടെ ന്തിനാണു പറയുന്നതു്' എന്നു ഞാനും ചോദിക്കും.

ചിന്താമണി: കുഞ്ഞേ, പറയുകില്ലേ! കുഞ്ഞേ! ആഹാ! എൻെറ എല്ലാ കഷ്ടതകളും നീ കളഞ്ഞു. എന്താ കുഞ്ഞേ ഇപ്പോഴൊന്നും പറയാത്തതു്?

ഗോപാലബാലൻ: നിങ്ങൾ രണ്ടുപേരും സ്നേഹിതരാ ണോ?

ചിന്താമണി: അതേ കുഞ്ഞേ, സ്നേഹിതരാണു്.

ഗോപാലബാലൻ: ശരി സഹോദരി, ഇനി നിങ്ങൾ പ റയൂ. നിങ്ങൾ കൃഷ്ണനെ സ്നേഹിക്കുന്നോ എന്നെ സ്നേ ഹിക്കുന്നോ?

ചിന്താമണി: ആഹ, ഞാൻ നിർഭാഗ്യയായ പ്രേമഹീന യാണു്. ഞാനെങ്ങനെ കൃഷ്ണനെ സ്നേഹിക്കും?

ഗോപാലബാലൻ: സോദരീ, നിങ്ങൾക്കു കൃഷ്ണനെ

വേണോ? ശരി, എനിക്കു മനസ്സിലായി. നിങ്ങൾക്കു കൃഷ്ണനെയാണു വേണ്ടതു്. ഞാൻ പോകുന്നു, സ്നേഹിതെ.

ചിന്താമണി: എന്തിനു പോണു; കേൾക്കുകില്ലേ?

ഗോപാലബാലൻ: നിങ്ങളീ വൃന്ദാവനത്തിൽ വന്നിരിക്കയാണു്. സത്യം പറയൂ. നിങ്ങൾക്കു കൃഷ്ണനെ വേണോ എന്നെ വേണോ?

ചിന്താമണി: കൃഷ്ണനെ വേണം. പക്ഷേ, നിങ്ങളേയും ഞാൻ സ്നേഹിക്കുന്നു.

ഗോപാലബാലൻ: ഇല്ല സഖീ. എനിക്കങ്ങനെയുള്ളവരെ കൂട്ടവേണ്ട. ആരെയെങ്കിലും ഒരാളെ ഇഷ്ടപ്പെടണം. ഞാൻ എന്നെ എടുക്കണമെന്നു നിങ്ങളെ നിർബ്ബന്ധിക്കുന്നില്ല.

(ഭിക്ഷു പ്രവേശിക്കുന്നു.)

ഭിക്ഷു: ആഹ! ആഹ! നീ സുന്ദരനായ ഒരു ഇടയച്ചെറുക്കൻ! വ്രജത്തിലെ ഗോപാലനെപ്പോലെയിരിക്കുന്നു.

ഗോപാലബാലൻ: ഏയ്, എനിക്കു നിങ്ങളേയും ഇഷ്ടമാണു്.

ഭിക്ഷു: ശരിയാണനിയാ, എനിക്കും നിങ്ങളോടിഷ്ടമാണു്.

ഗോപാലബാലൻ: എന്നാൽ ഏയ് കള്ളാ, ഇഷ്ടമാണെന്നു പറഞ്ഞിട്ടു് ആ ഭാണ്ഡം ഒളിക്കുന്നതെന്തുകൊണ്ടാണു്? അതെനിക്കു തരു. (ഭാണ്ഡം കൈക്കലാക്കുന്നു.)

ഭിക്ഷു: അതിനകത്തൊന്നുമില്ല.

ഗോപാലബാലൻ: പിന്നെന്തിനാണു മുറുകെക്കെട്ടിയിരിക്കുന്നതു്?

ഭിക്ഷു: സത്യമാണു്. നോക്കൂ. വഴിയിൽവച്ചു് ഓർമ്മിക്കാതെ ഞാൻ ഇതു കെട്ടിക്കൊണ്ടു പോകും. (സ്വഗതം)

എന്തിനാണു് ഞാനീ വൃന്ദാവനത്തിൽ വന്നതു്! കയ്യും കാലും മനസ്സുമെല്ലാം പണ്ടത്തെ എന്റേതുതന്നെ.

ഗോപാലബാലൻ: (ഭാണ്ഡം തിരിച്ചുകൊടുത്തിട്ടു്) ഇനി ഒരു ഭാണ്ഡവും കെട്ടരുതു്.

ഭിക്ഷു: ഇല്ലകുഞ്ഞേ ഗോപാലാ, ഞാനിതാ ദൂരെക്കളയുന്നു. ഇനി ഒരു ഭാണ്ഡവും കെട്ടുകയില്ല. (ഭാണ്ഡം വലിച്ചെറിയുന്നു.)

ചിന്താമണി: എന്താ കുഞ്ഞേ, നീ മററാരാളെ ഇഷ്ടമാക്കുന്നതു്?

ഗോപാലബാലൻ: ആരെയും ഇഷ്ടമാക്കിക്കൂടെ സോദരീ?

ചിന്താമണി: അപ്പോൾ നീ പോക. എനിക്കു നിന്നോടു കോപമാണു്.

ഗോപാലബാലൻ: പോകാനോ? എന്നാൽ പോകുന്നു. പക്ഷേ, വളരെ കിടന്നു വിളിച്ചെങ്കിലേ ഞാനിനി തിരിച്ചു വരികയൊള്ളു. (പോകാനുദ്യമിക്കുന്നു.)

ചിന്താമണി: നില്ക്കു, നില്ക്കു.

ഗോപാലബാലൻ: ഇല്ല, ഞാൻ താമസിക്കില്ല.

ഭിക്ഷു: നില്ക്കുകില്ലേ? നില്ക്കു.

(ഗോപാലബാലൻ പോകുന്നു.)

ചിന്താമണി: ആഹ! പോകട്ടെ. ഒരുപക്ഷേ, വിശന്നിരിക്കും.

ഭിക്ഷു: ഞാൻ ഭക്ഷണം വല്ലതും കൊണ്ടുവരുമായിരുന്നു. നോക്കു, ആ ഭ്രാന്തി വരുന്നു.

ചിന്താമണി: നോക്കു, കൃഷ്ണൻ എന്നോടു കൃപകാട്ടുമെന്നു തോന്നുന്നു. അമ്മയുടെ മുഖത്തു നോക്കുമ്പോൾ എനിക്കു് ആശ ജനിക്കുന്നു. ആഹ! കാർത്ത്യായനിയുടെ വരത്താൽ ഗോപസ്ത്രീകൾക്കു ശ്രീകൃഷ്ണനെ ലഭിച്ചപോലെ അമ്മയുടെ വരത്താൽ എന്റെ ഹൃദയേച്ഛ പൂർണ്ണ

മാകും. എൻെറ അമ്മ ആരോടാണു സംസാരിക്കുന്നതു്? ഓ, ആ തേജഃപുഞ്ജസംന്യാസിയാരു്?

ഭിക്ഷു: അവരിപ്പോൾ വൃന്ദാവനത്തിൽ വന്നിരിക്കുന്നു. എനിക്കൊരു വഴി കാണിച്ചുതരും. ഓ, ആ സ്ത്രീ എങ്ങനെയെല്ലാം ചുററിത്തിരിയുന്നു!

(ഭ്രാന്തിയും ശിഷ്യഗണസഹനായ സോമഗിരിയും പ്രവേശിക്കുന്നു.)

ഭ്രാന്തി: കുഞ്ഞേ,നമുക്കു പോകാം. ഇനി എന്തിനു കുഞ്ഞേ, എത്രനാളായി വീട്ടിൽനിന്നും ഇറങ്ങിയിട്ടു്?

സോമഗിരി: അമ്മാ, നമുക്കു് ഒരു കാര്യവും ഇനി ബാക്കിയില്ല. പോകാം, ഏതിനു വന്നോ അതു കഴിഞ്ഞു.

ഭ്രാന്തി: കുഞ്ഞേ, എനിക്കിനി താമസിക്കാൻ വയ്യ. എൻെറ മനസ്സു് വല്ലാതാകുന്നു. കുഞ്ഞേ നോക്കൂ, എത്രനാൾ ഞാനലഞ്ഞുനടന്നു. എന്നെയെത്രയെല്ലാം വിഷമിപ്പിക്കുന്നു. എവിടെയെല്ലാം കളിപ്പിച്ചയയ്ക്കുന്നു എന്നെ!

ചിന്താമണി: അമ്മാ, കരുണാമയിയായ അമ്മേ, സത്യമായും നീയാണെൻെറ അമ്മ. ദയാമയി എന്നെ മറന്നില്ലല്ലോ.

ഭ്രാന്തി: ഓ, അമ്മാ,ഞാനമ്മയല്ല. അച്ഛനോടു ചോദിക്കൂ. അച്ഛൻ നിനക്കു പറഞ്ഞുതരും.

ചിന്താമണി: അമ്മാ, നിങ്ങളുടെ ഉപദേശത്താൽ ഞാൻ നാടുപേക്ഷിച്ചു. നിങ്ങൾ ഉപദേശിച്ചതുകൊണ്ടു് അച്ഛനോടു ചോദിക്കുന്നു. എന്നെ ആശീർവ്വദിക്കൂ. എൻെറ മനോവാഞ്ഛ പൂർണ്ണമാക്കൂ. (സോമഗിരിയോടു്) അച്ഛാ, എനിക്കെന്തെങ്കിലും ഗതിയുണ്ടോ? ഞാൻ മഹാപാതകിയാണു്. രാധാവല്ലഭൻ എന്നോടു ദയ വിചാരിക്കുമോ?

സോമഗിരി: അമ്മാ, നിനക്കു വലിയ പ്രേമമുണ്ടു്. തീർച്ചയായും കൃപചെയ്യും.

ചിന്താമണി: അച്ഛാ, എനിക്കു പ്രേമമുണ്ടോ? പ്രേമഹീനയായ ഞാൻ പാപിയാണ്. എൻെറ ഹൃദയം മരുഭൂമിയാക്കപ്പെട്ടിരിക്കുന്നു. അവിടെ ഒരുതുള്ളി വെള്ളം പോലുമില്ല. അവിടെ പശ്ചാത്താപത്തിൻെറ പ്രബലാനലൻ രാപകൽ ജ്വലിക്കുന്നു. ഈ ഹൃദയത്തിൽ പ്രേമമോ! പ്രേമമയമായ കൃഷ്ണപാദത്തിൽ ഞാനർപ്പിതയാകുന്നതെന്നു്! പിതാവേ, പോകാനൊരു മാർഗ്ഗം പറഞ്ഞുതരൂ.

സോമഗിരി: അമ്മാ, ഞാനെന്തുപദേശമാണു തരേണ്ടതു്! വൃന്ദാവനത്തിൽ വില്വമംഗലനെന്നു പേരുള്ള ഒരു സന്യാസിയുണ്ടു്. അദ്ദേഹത്തെ ശരണം പ്രാപിക്കു. അദ്ദേഹം ഉപായം പറഞ്ഞുതരും.

ചിന്താമണി: അച്ഛാ, അങ്ങെൻ്റെ ഗുരുവാണ്. അങ്ങു പറയുന്നതിൽ എനിക്കു സ്ഥിരവിശ്വാസമുണ്ടു്. എന്നാലച്ഛാ ഭയമാണെനിക്കു്. ഞാൻ മഹാപാതകി. ഞാനദ്ദേഹത്തോടു വളരെ അപരാധം ചെയ്തിട്ടുണ്ടു്.

സോമഗിരി: അദ്ദേഹം മഹാനാണ്. സത്തുക്കൾ അപരാധം കാണുന്നില്ല.

ചിന്താമണി: അച്ഛാ നോക്കൂ, എൻ്റെ ഭാഗ്യദോഷത്താൽ ഗുരുവചനത്തിലും വിശ്വാസം വരുന്നില്ല. അച്ഛാ, പറഞ്ഞുതരു. അദ്ദേഹമെവിടെയിരിക്കുന്നു? ഞാൻ വൃന്ദാവനത്തിൽ വന്നതുമുതൽ അദ്ദേഹത്തെ തിരയുകയായിരുന്നു. ഒരിടത്തും അദ്ദേഹത്തെ കണ്ടില്ല.

ഭ്രാന്തി: നീ അദ്ദേഹത്തെ കണ്ടില്ലേ? ഞാൻ കാട്ടിത്തരാം. നീ എൻെറ മകളാണ്. നിൻെറ ഭർത്താവിൻെറ അടുത്തു കൊണ്ടാക്കാം. നിൻ്റെ കഴുത്തിൽ പിടിച്ചു ഞാൻ കുറെ കരയട്ടെ. ഇനിയും നിന്നെ കാണുകില്ല. നിൻ്റെ

ഭർത്താവിൻെറ വീട്ടിലാക്കിയിട്ടു ഞാൻ മടങ്ങും. കുഞ്ഞേ ഞാൻ ലജ്ജിക്കുന്നു. ലജ്ജിക്കുന്നു.

ഭിക്ഷു: സ്വന്തം മകനെ മറന്നുപോയോ അമ്മാ?

ഭ്രാന്തി: എങ്ങനെ മറക്കും? നീയും അച്ഛനോടു പറഞ്ഞിട്ടെൻെറകൂടെ വരൂ.

ഭിക്ഷു: അച്ഛാ, എനിക്ക് ഒരു ഗതിയുമില്ലേ?

സോമഗിരി: നീ സാധുവാണ്. ഈ വൃന്ദാവനം ആനന്ദധാമവും. ആനന്ദമയൻെറ കൃപകൊണ്ടു് ഇവിടെ നിരാനന്ദത്തിലാരുമിരിക്കയില്ല.

ഭിക്ഷു: അച്ഛാ, ഞാനൊരു കള്ളൻ.

സോമഗിരി: വെണ്ണ കട്ടയാളെത്തന്നെ മോഷ്ടിച്ചുകൊള്ളു.

ഭിക്ഷു: അതു സാധിച്ചാൽ നല്ല കൊള്ളതന്നെ.

സോമഗിരി: അമ്മാ, നീ നിൻെറ കുട്ടികളോടുകൂടി ഇവിടെ ഇരിക്കൂ. ഞാൻ ഗോവർദ്ധനപ്രദക്ഷിണം ചെയ്യട്ടെ.

ഭ്രാന്തി: അച്ഛാ, ഇനിയും കാണുമ്പോൾ ഈ കുട്ടികളേയും കൂട്ടിച്ചുകൊണ്ടുപോകാം. മകളുടെ കൈ പിടിച്ചുകൊണ്ടു് ഞാൻ പോകും. എന്തിനിനി ഇവിടെയിരിക്കണം? (ചിന്താമണിയോടും ഭിക്ഷുവിനോടും) വരൂ കുഞ്ഞേ, വരൂ.

(ചിന്താമണിയും ഭിക്ഷുവും ഭ്രാന്തിയും പോകുന്നു.)

ശിഷ്യഗണങ്ങൾ: (പാടുന്നു.)

ജയവൃന്ദാവനലോല! ജയകൃഷ്ണലീലാ
ജയഗോവർദ്ധന ചേതനശീല
നാരായണ നാരായണ നാരായണ!
യമുനാചേതന, ചേതനരേണു
ഗഹന കുഞ്ജവന വ്യാപിതവേണു.
നാരായണ നാരായണ നാരായണ!
കളിയായ് കളിയായ് കളിയായ്മേള

നിരഞ്ജനനിൎമ്മലഭാവുകതോണി
നാരായണ നാരായണ നാരായണ!

(സകലരും പോകുന്നു.)

യവനിക

## ദൃശ്യം രണ്ടു്

[വനം. വില്വമംഗൽ ഇരിക്കുന്നു.]

വില്വമംഗൽ: ഹോ! ഗോപാലൻ എന്റെ സൎവ്വനാശം വരുത്തും. എനിക്കു് അവനെ ഒരു കാരണത്താലും മറക്കാൻ കഴിയുന്നില്ല. എടാ മഹാപാതകി, നീ മഹാമോഹങ്ങളാൽ ബദ്ധനാണു്. നീ എങ്ങനെ കൃഷ്ണനെ കാണും? നോക്കാം, ഇന്നു സന്ധ്യവരെ നോക്കാം. എന്നിട്ടും മനസ്ഥിരതയില്ലെങ്കിൽ ആത്മഹത്യ ചെയ്യുതന്നെ. ഇതെന്തു്! എന്റെ ഹൃദയത്തിൽ ഈ ഗോപാലൻ എങ്ങനെയാണു് ദുരന്തമായ ആധിപത്യം വഹിക്കുന്നതു? ആ ഗോപാലനാരാണു്? എന്റെ കാലനായി വന്നിരിക്കയാണോ? ഹാ കൃഷ്ണാ! എന്തിനെന്നെ വിഷമിപ്പിക്കുന്നു? എന്റെ സൎവ്വനാശം വരുത്തുമോ? ഈ ഏഴുദിവസം ഗോപാലനിൽനിന്നും ഞാൻ മാറി വന്നിരിക്കയാണു്. ഓരോ നിമിഷത്തിലും അവൻ വരുന്നുവെന്നു തോന്നുന്നു. ഞാനെന്തുചെയ്യും? അവനോടു സംസാരിക്കാതെ എനിക്കിപ്പോൾ ജീവിക്കാൻ വയ്യ. അവനുവേണ്ടി എന്റെ മനസ്സു ദാഹിക്കുന്നു! മൂന്നാഴ്ച പട്ടിണിയിരുന്നാൽ മരിച്ചുപോകുമെന്നു കേട്ടിട്ടുണ്ടു്. ഞാനിനി ഒരു പക്ഷംകൂടി നിരാഹാരമായി കഴിയാം. പ്രാണൻ പോകട്ടെ പോകുമെങ്കിൽ. ഇല്ല,

ആ ഗോപാലച്ചെറുക്കൻ എന്നെ മരിക്കാൻ സമ്മതിക്കില്ല. അവൻ തട്ടകുന്നെങ്കിൽ എനിക്കു മരിക്കാൻ ഒക്കുകയില്ല. ഞാൻ ധ്യാനിക്കട്ടെ. ഇനി എഴുനേല്ക്കില്ല. അവൻ വരുമ്പോൾ മരിക്കാം. (ധ്യാനമഗ്നനാകുന്നു) "ഗോപാൽ, ഗോപാൽ" നോക്കു, ഇതെന്താണ്? "കൃഷ്ണ കൃഷ്ണ" എന്നു പറയേണ്ടതിനു പകരം ഗോപാലാ എന്നാണു ചുണ്ടിൽ വരുന്നതു്. ഇല്ല, ഒരിക്കൽക്കൂടി നോക്കാം. ഒരിക്കൽ എന്റെ കണ്ണുകൾ എന്നെ വഞ്ചിച്ചു. ഇപ്പോൾ ചെവിയും. ബധിരനാകാനിഷ്ടമില്ല. അങ്ങനെയായാൽ അവന്റെ സംസാരം കേൾക്കാൻ സാധിക്കയില്ലല്ലോ. നോക്കു, മൂഢമനസ്സ് ഗോപാലന്റെ കാര്യങ്ങളാലോചിക്കുന്നതു്. (ധ്യാനമഗ്നനായിട്ടു്) "ഗോപാല, ഗോപാല!"

(ഗോപാലബാലൻ പ്രവേശിക്കുന്നു.)

ഗോപാലബാലൻ: സഹോദരാ, നിങ്ങൾ ഇവിടെ ഒളിച്ചിരിക്കയാണോ? ഞാൻ ഏഴുദിവസങ്ങളായി കൈയിൽ പാലും വച്ചുകൊണ്ടു് അന്വേഷിക്കുകയായിരുന്നു. നിങ്ങളെന്നെ അടിക്കുമെന്ന പേടികൊണ്ടു് ഞാനിവിടെ വന്നുമില്ല.

വില്വമംഗൽ: ഗോപാലാ! നീ എന്തിനാണെന്നെ അന്വേഷിക്കുന്നതു്?

ഗോപാലബാലൻ: നിങ്ങൾ അനാഥനാണു്. ഞാനാണെങ്കിൽ അനാഥന്മാരെ വളരെ ഇഷ്ടപ്പെടുന്നു.

വില്വമംഗൽ: എന്തു്? നീ അനാഥന്മാരെ സ്നേഹിക്കുന്നോ?

ഗോപാലബാലൻ: ഇതു കാണുന്നില്ലേ സഹോദരാ? ഞാൻ നിങ്ങളെ എത്ര സ്നേഹിക്കുന്നു!

വില്വമംഗൽ: (സ്വഗതം) മൂഢമനസ്സേ, ഇതു് അനാഥ

നായ ശ്രീകൃഷ്ണനാണ്. (പ്രകാശം) ഗോപാലാ, ഗോപാലാ, വരൂ എൻെറ പ്രാണധനമായ ഗോപാലാ വരൂ.

ഗോപാലബാലൻ: ഇല്ല സഹോദര, വരുകില്ല. നിങ്ങളെന്നെ പിടിച്ചുകളയും.

വില്വമംഗൽ: നീ എനിക്കു മാപ്പുതരൂ. ഈ ഏഴുദിവസമായി ഞാൻ ഒന്നും കഴിച്ചില്ല.

ഗോപാലബാലൻ: വരൂ, വെയിലത്തിരിക്കാതെ തണലിലേക്കു വരൂ.

വില്വമംഗൽ: എൻെറ കൈയിൽ പിടിക്കൂ. എനിക്കു കാണാൻ സാധിക്കുന്നില്ല.

ഗോപാലബാലൻ: വരൂ.

(വില്വമംഗൽ ഗോപാലബാലൻെറ കൈയിൽ പിടിക്കുന്നു.)

വില്വമംഗൽ: ഞാനിനി വിടുകയില്ല. ഞാൻ വളരെ പ്രയത്നിച്ചു കിട്ടിയ നിധിയാണു നീ.

ഗോപാലബാലൻ: എൻെറ കയ്യ് പിഞ്ചാണ്. വിടൂ. വിട്ടുകളയൂ.

(വില്വമംഗൽ കൈ വിടുന്നു.)

വിട്ടു. ഞാനിതാപോകുന്നു. (ഓടുന്നു.)

വില്വമംഗൽ: കളിപ്പിച്ച് എൻെറ കയ്യ് വിട്ടുകളഞ്ഞു. ഇതിൽ നിനക്കെന്തൊരു ചുണയാണുള്ളത്? എയ് ഗോപാലാ പ്രേമംതന്ന് നീ എന്നെ വളരെ കരയിച്ചു. ആ പ്രേമംകൊണ്ട് നമ്മുടെ രണ്ടു ഹൃദയങ്ങളെ തമ്മിൽ ബന്ധിക്കും. നീ ഹൃദയത്തിൽനിന്നും ഓടിപ്പോകാമോ? എന്നാൽ ഞാൻ സമ്മതിക്കാം. ഞാനന്ധനാണ്. എങ്ങനെയാണ് ഓടുന്നത്? പിന്നെയാണോ പിടിക്കാൻ വരുന്നത്? നോക്കാം. ഹരിയെ തോല്പിക്കാമോ എന്നു നോക്കട്ടെ.

ഗോപാലബാലൻ: (മരത്തിൻെറ മറവിൽനിന്നു്) ഏയ് നോക്കു്, എന്നെപിടിക്കു, കാണട്ടെ.

(വില്വമംഗൽ പിടിക്കാനായി പോകുന്നു. ഗോപാലബാലൻ തൻെറ കൃഷ്ണരൂപം കാണിച്ചുകൊടുക്കുന്നു.)

ഗോപാലബാലൻ: നോക്കൂ, നോക്കൂ, ഞാനെങ്ങനെ അണിഞ്ഞിരിക്കുന്നു! ഓ, നിങ്ങൾക്കു കണ്ണുകാണാൻ സാധിച്ചിരിക്കുന്നുവല്ലോ!

വില്വമംഗൽ: ഹാ! എന്തൊരാനന്ദം! കണ്ണേ നോക്കൂ, നിനക്കു കാണാനുള്ളതെല്ലാം കണ്ടുകൊള്ളുക. (പാടുന്നു.)

നവീനജലധര ശ്യാമസുന്ദര
മദനമോഹനരൂപം
നയനരഞ്ജക ഹൃദയരഞ്ജക
ഗോപിനീവല്ലഭശ്യാമ
ധീരനർത്തക നൂപുരഗുഞ്ജിത
മുരളീ—മോഹനനാള
കുസുമഭൂഷണ സരളനിധുവന
ഗോപിനീപ്രാണഹരാ
ശ്രീപദപങ്കജ പദരജം നല്ല
ശരണമായിതേ ദീന
പ്രാണമാധവ കൂടെവസിക്കു
പ്രേമമധുരലീനാ.

ഗോപാലബാലൻ: (അടുത്തെങ്ങോ കാൽപ്പെരുമാററം കേട്ടിട്ടു്) ആരോ വരുന്നു. ഞാനൊളിക്കാം. നിങ്ങളുടെ അടുത്തു് ചെങ്ങാതി കരഞ്ഞുംകൊണ്ടു വരും. നിങ്ങളിവിടെത്തന്നെയിരിക്കു്. അവർ പോയശേഷം നമുക്കു കളിക്കാം.

വില്വമംഗൽ: അരുതു ദയാമയാ. എൻറട്ടത്താരും വരേണ്ട ആവശ്യമില്ല.

ഗോപാലബാലൻ: അങ്ങനെയല്ല, അവർ ഇവിടെ വന്നു കരയും. ചെങ്ങാതീ, അപ്പോൾ ഞാനും കരഞ്ഞുപോകും.

വില്വമംഗൽ: അഹോ! അങ്ങ് ആർക്കുവേണ്ടി കരയും? ആ ഭാഗ്യവാന്മാരാരാണ്!

ഗോപാലബാലൻ: നിങ്ങളെന്താ സഹോദരാ, കാണുന്നില്ലേ? നിങ്ങളിവിടെയിരിക്കൂ, ആ നോക്കൂ. അവർ വരുന്നു. ഞാൻ മറഞ്ഞിരിക്കാം. (പോകുന്നു.)

(കണ്ണടച്ചുകൊണ്ട് വില്വമംഗൽ ഇരിക്കുന്നു. വ്യാപാരിയും അഹല്യയും പ്രവേശിക്കുന്നു.)

വ്യാപാരി: അഹല്യേ, ആ ഗോപാലബാലനാരാണ്? എനിക്കിവിടെ കൃഷ്ണദർശനം ലഭിക്കുമെന്ന് അവൻ പറഞ്ഞല്ലോ.

അഹല്യ: ഗോപാലബാലൻ എന്നെ അമ്മാ എന്നു വിളിക്കുന്നെങ്കിലെനിക്ക് ശ്രീകൃഷ്ണനെ വേണ്ട.

*(അണിയറയിൽ)* അമ്മേ!

അഹല്യ: കുഞ്ഞേ, നീ എവിടെയാണ്?

*(അണിയറയിൽ)* മിണ്ടാതിരിക്കൂ, ഞാനീ മരത്തിൻെറ മറവിൽ ഒളിഞ്ഞിരിക്കയാണ്. നിങ്ങളവിടെയിരിക്കൂ.

അഹല്യ: ആഹാ! ഗോപാലബാലൻ പറയുന്നു ഇവിടെ ഇരിക്കാൻ.

*(അണിയറയിൽ)* ങ്ഹാ, ഇരിക്കൂ. കൃഷ്ണൻ വരുമ്പോൾ നിങ്ങളോട്ട പറയാം.

വില്വമംഗൽ: (തന്നത്താൻ) അഹൊ! എന്തൊരു സൗന്ദ ര്യ്യം! ഗോപാൽ രാജാ, ഗോപാൽ രാജാവേ!

(ചിന്താമണിയും ഭ്രാന്തിയും ഭിക്ഷുവും പ്രവേശിക്കുന്നു.)

ഭ്രാന്തി: കുഞ്ഞേ നീ പോകു. എനിക്കു മരുമകൻെറ മുമ്പിൽ നില്ക്കാൻ പാടില്ലല്ലോ. ഞാനിവിടെയിരിക്ക ട്ടെ. കുഞ്ഞേ, ഇരിക്കു. മിണ്ടാതെയിരിക്കു. ഇതെടുത്തു കൊള്ളു. (സ്വൎണ്ണം കൊടുക്കുന്നു.)

ഭിക്ഷു: ഇതെന്തിനമ്മാ?

ഭ്രാന്തി: ഇതെടുക്കുകില്ലേ? എന്നാൽ വേണ്ട. പക്ഷേ, ഇത്തവണ വല്ലതും കിട്ടിയാൽ നീ അതെടുത്തുകൊ ള്ളണം.

ഭിക്ഷു: ശരി അമ്മാ, അങ്ങനെതന്നെ.

(സോമഗിരിയും ശിഷ്യന്മാരും പ്രവേശിക്കുന്നു.)

സോമഗിരി: (ശിഷ്യരോട്) ലൗകികൎക്ക് വൈരാഗ്യം ഉണ്ടാക്കാനായി വേശ്യയും ലമ്പടനുമായെന്നു മാത്രം. (വില്വമംഗലനെ കാണിച്ചുകൊണ്ട്) വൈരാഗ്യത്തി ൻെറ ജീവന്മൂൎത്തിയെ പ്രത്യക്ഷമായി കണ്ടുകൊള്ളു. ഈ ലമ്പടൻെറ കൃപകൊണ്ടു നമുക്കിന്നു കൃഷ്ണദൎശനം ലഭിക്കും.

ഒന്നാംശിഷ്യൻ: പ്രഭോ! ഞാൻ അജ്ഞനാണ്. ആരെ ലമ്പടനെന്നു വിളിച്ചോ ആരെ വേശ്യയെന്നു പറ ഞ്ഞോ അവരുടെ പാദങ്ങളിൽ കോടികോടി നമ സ്കാരങ്ങൾ. ഞങ്ങളിൽ കൃപചെയ്തു പറയൂ. കൃഷ്ണദ ൎശനത്തിൻെറ ഫലമെന്താണ്?

സോമഗിരി: വത്സാ, കൃഷ്ണദൎശനത്തിന്റെ ഫലം കൃഷ്ണദൎ ശനം. മറെറാരു ഫലവുമില്ല.

ചിന്താമണി: (വില്വമംഗലിനോട്)സന്യാസിവൎയ്യാ! ഒന്നു തിരിഞ്ഞുനോക്കുക. അങ്ങെയുടെ പാദാശ്രയത്തിനായി

ങ്ങവിട്ടത്തെ ദാസി ഇതാ വന്നിരിക്കുന്നു. അങ്ങെന്നും ദയാമയനാണല്ലോ. ഇപ്പോ നിഷ്ഠുരനാകരുത്. ഗുണധാമമേ! അങ്ങെന്നോടു കൃപചെയ്യുന്നില്ലെങ്കിൽ തുച്ഛമായ ഈ പ്രാണനെ ഇപ്പോൾത്തന്നെ ഉപേക്ഷിക്കയായി. നാരീവധം അങ്ങയെ ബാധിക്കും. പ്രഭോ, ഞാൻ വലിയ ആശയോടുകൂടിയാണ് ഇവിടെ വന്നതു്. അങ്ങയുടെ കൃപയാൽ കൃഷ്ണദർശനമാണ് ഞാനർത്ഥിക്കുന്നതു്.

വില്വമംഗൽ: ആഹ! ആഹ! കൃഷ്ണനാമം ആരാണെന്നെ കേൾപ്പിക്കുന്നതു്? (ചിന്താമണിയെ കണ്ടിട്ടു്) ഇതെന്തു്? എൻെറ ഗുരു? പ്രേമോപദേഷ്ടാവുതന്നെയോ? വിശ്വമോഹിനീ, എന്നോടു ദയകാണിക്കു. (നമസ്കരിക്കുന്നു.)

ചിന്താമണി: പ്രഭോ, ഇനി ഈ അനാഥയെ വഞ്ചിക്കരുതേ. യോഗിവര്യാ, ഹേ, പ്രേമികശ്രേഷ്ഠാ, പ്രേമമയനായ കൃഷ്ണൻ അങ്ങയുടേതാണ്. അദ്ദേഹം പറഞ്ഞിട്ടുണ്ടു്, ഞാൻ ചോദിക്കുന്നതു് അങ്ങു തരുമെന്ന്. അങ്ങയുടെ കൃഷ്ണൻ അങ്ങയോടുകൂടിയിരിക്കട്ടെ. എനിക്കൊന്നു കണ്ടാൽ മതി. ഞാൻ വളരെ പതിതയാണ്. ഞാനാ പതിതപാവനനെ ഒന്നു കാണട്ടെ.

വില്വമംഗൽ: പ്രേമമയീ, കൃഷ്ണപ്രേമത്താൽ നിൻെറ ഹൃദയം പൂർണ്ണമായിരിക്കുന്നു. കൃഷ്ണൻ നിൻെറ ഹൃദയത്തിൽത്തന്നെയുണ്ടു്.

ചിന്താമണി: ഇല്ല. ഇല്ല. എൻെറ ഹൃദയം ശൂന്യമാണ്. അങ്ങു് അറിഞ്ഞാലും. എൻെറ ഹൃദയം കല്ലാണെന്ന് അങ്ങയ്ക്കറിയാമല്ലോ. മഹാപുരുഷാ, എനിക്കു കൃഷ്ണനെ ലഭിക്കുമോ?

വില്വമംഗൽ: നിശ്ചയമായും ലഭിക്കും.

ചിന്താമണി: എവിടെ കൃഷ്ണൻ? കാണിച്ചുതരു. ഭക്തവത്സലാ, ദർശനം തന്നില്ലെങ്കിൽ അങ്ങയുടെ ഭക്തന്റെ വാക്കു് പൊളിയായിത്തീരും.

*(അണിയറയിൽ)* എന്തിനാണു സോദരീ? നിങ്ങളോടെനിക്കിഷ്ടമാണല്ലോ.

ചിന്താമണി: അതെ. ഞാൻ അറിഞ്ഞിട്ടും അറിയുന്നില്ല. പ്രേമികനായ ഗോപാലാ, ഞാൻ പ്രേമശൂന്യയാണ്. അതു് അങ്ങേയ്ക്കറിയാമല്ലോ. അങ്ങയുടെ കൃപകൊണ്ടു് ദർശനം തന്നാലും.

*(അണിയറയിൽ)* അമ്മാ, നോക്കൂ.

(തിരശ്ശീല മാറുന്നു.)

(ഒരു പല്ലക്കിൻെറ പുറത്തു് രാധയും കൃഷ്ണനും.)

സകലരും: ജയരാധേ! ജയരാധാവല്ലഭ!

വ്യാപാരി: ഹാ!

അഹല്യ: കുഞ്ഞേ, നിൻെറ ചന്ദ്രമുഖം! ഒന്നുകൂടി അമ്മാ എന്നു വിളിക്കൂ.

ചിന്താമണി: നോക്കൂ, ഹൃദയംനിറയെ കാണൂ.

ശിഷ്യൻ: കൃഷ്ണദർശനത്തിൻെറ ഫലം കൃഷ്ണദശ്നം തന്നെ.

ഭിക്ഷു: മാനസചോരാ, നിന്നെ എനിക്കു മോഷ്ടിക്കാൻ കഴിഞ്ഞാൽ എൻെറ അഭ്യസനം സാത്ഥകമായി.

ഭ്രാന്തി: അച്ഛാ, ഞാൻ കരഞ്ഞുപോകുന്നു. അച്ഛനെന്നെ എത്രനാൾ ചുററിച്ചു? അച്ഛാ, പോകാം. അച്ഛാ പോകാം.

സോമഗിരി: അമ്മാ, നരലീല കുറച്ചുകൂടി ബാക്കിയുണ്ട്. അതു കണ്ടിട്ടു പോകാം.

വില്വമംഗൽ: എനിക്കു ഗോപികാവല്ലഭദർശനം തന്ന ഗുരുപാദങ്ങളിൽ നമസ്കാരം! ഭക്തചരണങ്ങളിൽ നമസ്കാരം!

സകലരും ചേർന്ന്:

നയനമേ കാണുക വൃന്ദാവനത്തിലെ
മഹിതമാം ലീലകൾ കാൺക നിത്യം
മദനമനോഹരനായി രാധാന്തിക-
ത്തമരും നീ ളുകുന്നു, വേണുഗാനം
എവിടെയും സഞ്ചരിച്ചീടുന്നു ലീലയാൽ
മുദിതരാക്കീടുന്നു സർവ്വരെയും
വാമാസനസ്ഥയാം രാധ, വ്രജേശ്വരി
പ്രേമകിശോരിണി ഗോപീ നീയും.

യവനിക

★

292104
O32,6
K4
MADRAS UNIVERSITY LIBRARY
- 5 APR 2003
CHENNAI-600 005

MUL
292104

## ഗിരിശ് ചന്ദ്ര ഘോഷ്

# വില്വമംഗൽ

സകല ഭാരതീയൎക്കും സുപരിചിതമായ, വില്വമംഗലത്തു സ്വാമിയാരുടേയും ചിന്താമണിയുടേയും കഥയാണിതു്. ഒരു വാരാംഗനയുടെ നേൎക്കു തോന്നിയ അതേ ഉൽക്കടമായ ആവേശം ഭഗവാൻെറ നേൎക്കും തോന്നി എന്നതാണു് വില്വമംഗലത്തിൻെറ അത്ഭുതചരിതത്തിൻെറ കാമ്പും കഴമ്പും. വിഷയസുഖങ്ങളിൽനിന്നു് വിമുക്തനാവാൻവേണ്ടി സ്വന്തം കണ്ണുകൾ കുത്തിപ്പൊട്ടിക്കുന്നതിനു പോലും വില്വമംഗൽ മടിച്ചില്ല. ഇതേ ഏകാഗ്രതയും തീവ്രതയുമാണു് അദ്ദേഹത്തിനെപ്പോഴുമുണ്ടായിരുന്നതു്.

'ബംഗാളിലെ ഷേക്സ്പിയറും, ഗ്യാരിക്കും കൂടി ഒന്നിച്ചു ചേൎന്ന ആൾ' എന്നു് ശ്രീമദ് വിവേകാനന്ദസ്വാമികളിൽനിന്നു് അഭിനന്ദനം ലഭിച്ച ഗിരിശ് ചന്ദ്ര ഘോഷാണു് ഈ നാടകത്തിൻെറ കൎത്താവു്. ഭാരതീയനാടകവേദിയിലെങ്ങുംതന്നെ തത്തുല്യനായ ഒരു നട–നാടകകൃത്തു് ഉണ്ടായിട്ടില്ല. സാഹിത്യരസികന്മാൎക്കു് ഇതു് കവിതാമയമായ ഒരു കാല്പനികകൃതിയാണു്; ശ്രദ്ധയും ഭക്തിയും ഉള്ളവൎക്കു് ഒരു വിശിഷ്ടഭോജ്യവും.

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം തിരുവനന്തപുരം എറണാകുളം തൃശ്ശൂർ